Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯
പേജ് ൧൨

കൊല്ലം ൧൯൪൭ ജൂൺ ൨൩-ാം
൧൧൨൨ മിഥുനം ൯-ാം തിങ്കളാഴ്ച

ലക്കം ൩൩൯
ഒററപ്രതി അണ ൨.

# രാജ്യതന്ത്രജ്ഞതയോട് വെല്ലുവിളി

## സർ ഹോമിമോഡി

> മൗണ്ട്ബാററൻ പദ്ധതി സ്വീകരിച്ചതോടുകൂടി നമ്മൾക്ക് ഒരിൻഡ്യൻ യൂണിയനു പകരം നിരവധി പരമാധികാരസ്ഥാനങ്ങൾ നാട്ടിൽ സ്ഥാപിതമാകാൻ പോകുന്നതായാണു കാണുന്നത്. ഇപ്പോൾ ആവിർഭവിച്ചിട്ടുള്ള നില പരിതാപകരം തന്നെയെന്നുള്ളതിൽ സംശയമില്ല. എന്നാൽ അതിനെ ബുദ്ധിപൂർവം നേരിടുന്നപക്ഷം ഭാവി ഗണ്യമായ ആശയ്ക്കു വകനൽകാതിരിക്കുന്നില്ല.

മൗണ്ട്ബാററൻ പദ്ധതി ബ്രിട്ടീഷ് ഇൻഡ്യൻ ചരിത്രത്തിൻെറ ഒടുവിലത്തെ അദ്ധ്യായം കുറിച്ചു. നമ്മുടെ രാഷ്ട്രീയ ബന്ധങ്ങളനുസരിച്ച് നമ്മൾക്കു പലതും പറയാം. ലീഗിൻെറ ശാഠ്യം ജയിച്ചെന്നോ കോൺഗ്രസ്സുനേതൃത്വം പരാജയപ്പെട്ടെന്നോ ടോറികൾ നമ്മൾക്കു സമീപിക്കാൻ കഴിയാത്ത ബുദ്ധിമാന്മാരാണെന്നോ ഒക്കെ പറയാം, എന്നാൽ സംഭവിച്ചുകഴിഞ്ഞതിനെ അപലപിച്ചതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാനില്ല. നൂറുവർഷത്തെ ബ്രിട്ടീഷ് ഭരണംകൊണ്ടുണ്ടായ ഇൻഡ്യയുടെ ഐക്യം ഇപ്പോൾ അപ്രത്യക്ഷമായി എന്ന വസ്തുത ശേഷിക്കുന്നു, ഒരു ഭൂകമ്പത്തിൽനിന്നും ഓടി രക്ഷപ്പെടുവാൻ കഴിയാത്തതുപോലെ ഈ വസ്തുതയിൽനിന്നും അകന്നുമാറുവാൻ സാധ്യമല്ല.

അനിവാര്യമായിത്തീർന്ന വിഭജനം ഇനിയും കൂടുതൽ കലഹംകൊണ്ടും വിദ്വേഷംകൊണ്ടും പങ്കിലമാകണമോ അഥവാ ഒരു സൗഹാർദ്ദമനോഭാവവും പ്രായോഗികബുദ്ധിയും പ്രകടമാകണമോ എന്നതാണ് പ്രായോഗികരാഷ്ട്രീയചിന്തകന്മാർ സ്വയം ചോദിക്കേണ്ടതു്. രണ്ടു സ്റ്റേറുകളുടെയും അതിരുകൾ നിർണ്ണയിച്ചു കഴിഞ്ഞാൽ ഉദിക്കുന്ന വൻപ്രശ്നങ്ങളെ പരിഗണിക്കുമ്പോൾ ഈ കാര്യത്തിനു ഗണ്യമായ പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നു.

അതിലേക്കു കടക്കുന്നതിനുമുമ്പ് നമ്മുടെമുമ്പിൽ ആവിർഭവിച്ചിരിക്കുന്ന സ്ഥിതികളെ ഒന്നുവീക്ഷിക്കാം. ഒരു ഇന്ത്യൻയൂണിയനുപകരം നാം ഇപ്പോൾ കാണുന്നത് നിരവധി പരമാധികാരപദവികൾ നാട്ടിൽ സ്വയം സ്ഥാപിക്കുന്നതായാണ്. രാജ്യതന്ത്രജ്ഞതയുടെ കർത്തവ്യം ഇവയുടെ എണ്ണം ഏററവും ചുരുങ്ങിയതാക്കുക എന്നതാണ്. ഈ പ്രശ്നത്തിൻെറ ഏററവും മുന്നണിയിൽ നിൽക്കുന്നതു് നാട്ടുരാജ്യങ്ങളാണ്. അവയിൽ ചിലതു് പാകിസ്ഥാനോടും മററുചിലതു് സാധാരണ ഹിന്ദുസ്ഥാനെന്നറിയപ്പെടുന്നതിനോടും ചേരുമെന്നുള്ളതു് സ്പഷ്ടമാണ്. ഇന്നത്തെ ലോകത്തിനു് സുപരിചിതമായിട്ടുള്ള ഇന്ത്യാ എന്ന പദം രാഷ്ട്രീയമോ ഭൂമിശാസ്ത്രസംബന്ധമോ ആയ നിഘണ്ടുവിൽനിന്നു് മറഞ്ഞുപോകുകയില്ലെന്നും അതിന് ഇന്ത്യൻയൂണിയനെന്നോ ഫെഡറൽഇന്ത്യയെന്നോ യുണൈറഡ്സ്റ്റേററ്സ് ആഫ് ഇന്ത്യാ എന്നോ ഉള്ള പദസമൂഹങ്ങളിൽ സ്ഥാനമുണ്ടായിരിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു എന്നു് ഇവിടെ പറഞ്ഞുകൊള്ളട്ടെ.

സ്വതന്ത്ര പരമാധികാരപദവി അവലംബിക്കാനുദ്ദേശിക്കുന്ന നാട്ടുരാജ്യങ്ങളുടെ കാര്യമാണ് യഥാർത്ഥത്തിൽ ഉൽക്കണ്ഠജനിപ്പിക്കേണ്ടതു്. ഈ ഉദ്ദേശത്തിൽനിന്നും അവരെ പിൻതിരിപ്പിക്കേണ്ടതെങ്ങനെയാണ്. ഭീഷണികളോ നിർബ്ബന്ധംചെലുത്തലോ അല്ല അതിനുള്ള മാർഗ്ഗം. തങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുമെന്നുള്ള ഭീതി നാട്ടുരാജാക്കന്മാരുടെ മനസ്സിൽനിന്നു് നീക്കപ്പെടേണ്ടിയിരിക്കുന്നു. നാം അക്ഷമരാകരുതു്. കാലത്തിൽ നമ്മൾക്ക് വിശ്വാസമുണ്ടായിരിക്കണം. പ്രജായത്തസിദ്ധാന്തമാരുതൻ നാടാകെ വീശിക്കൊണ്ടിരിക്കുന്നു. ചില നാട്ടുരാജ്യങ്ങളിലെപ്രഭുത്വപരമായ ഏകാധിപത്യം വ്യവസ്ഥാപിതഭരണരീതികൾക്ക് വഴങ്ങിക്കൊടുക്കുവാൻ ഏതാനുംവർഷങ്ങൾമതിയാകും നാലുവശവും സ്വതന്ത്രഗവർമ്മെൻറുകളാൽ ചുററപ്പെട്ടുകിടക്കുന്ന ഈ ഏകാധിപത്യദ്വീപുകൾക്ക് അതിജീവിക്കാമെന്നു് എന്തൊരാശയാണുള്ളതു്. നാട്ടുരാജ്യങ്ങൾ വ്യവസ്ഥാപിത രാജവാഴ്ചകളായി മാറുവാൻ കുറച്ചുകാലം മതിയാകും എന്നുള്ളതിൽ എനിക്ക് സംശയമൊന്നുമില്ല. ചെറിയരാജ്യങ്ങളുടെ സ്വതന്ത്ര നിലനിൽപ് അപ്രത്യക്ഷമാകുമെന്നുള്ളതും അതുപോലെ തീർച്ചയാണ്. ഒരു നിശ്ചിതകാല അളവിനുള്ളിൽ ഒരു നാട്ടുരാജ്യവും ഒരു ഫെഡറൽ യൂണിയനിൽ ചേരാതിരിക്കാൻ ആഗ്രഹിക്കാതായി തീരുമെന്നും തങ്ങളുടെ മുമ്പാകെയുള്ള മാർഗ്ഗം എന്തെന്നു് ഭൂമിശാസ്ത്രം അവർക്ക് അനുശാസനം നൽകുമെന്നും സിദ്ധമാകുന്നു. നാട്ടുരാജ്യങ്ങളെ അത്യധികം ദൂരെയും അത്യധികം വേഗതയിലും തള്ളിവിടുന്നതു് രാജ്യതന്ത്രജ്ഞതയ്ക്കു പററിയ മാർഗ്ഗമല്ലെന്നു് ഞാനാവർത്തിക്കുന്നു.

ഇൻഡ്യൻ പ്രാവിൻസുകളുടെ കാര്യം എങ്ങനെയാണ്? വിഘടനത്തിൽ ഇപ്പോൾകാണുന്ന പ്രേരണകൾ പ്രോത്സാഹിപ്പിക്കുകയോ അഥവാ നിലവിലുള്ള പ്രാദേശിക അതിരുകൾ അവയുടെ ചരിത്രപരമായ ബന്ധത്തെയും പശ്ചാത്തലത്തെയും കണക്കാക്കി ഭേദപ്പെടുത്തേണ്ടതില്ലെന്നു കരുതുകയോ ഏതാണു വേണ്ടതു്? ഒരു പൊതുഭാഷയെ അടിസ്ഥാനമാക്കിയുള്ള വിഭജനം യുക്തിക്കുചേർന്നതാണെന്നാണെൻെറ അഭിപ്രായം. എന്നാൽ വിഭജനത്തിനുള്ള പ്രേരണ പ്രോത്സാഹിപ്പിക്കപ്പെടുന്നപക്ഷം പൊതുവായ സ്വഭാവവിശേഷങ്ങളോടുകൂടി പൊതുവായുള്ള രാജ്യം എന്ന ആശയത്തിൽ നിന്നും ആദർശത്തിൽനിന്നും അകന്നകന്നു ഇൻഡ്യ വർഗ്ഗപരവും ഭാഷാപരവും സംസ്കാരപരവുമായ നിരവധി ഘടകങ്ങളായി രൂപാന്തരപ്പെട്ടുപോകും. ഈ വെട്ടിമുറിക്കലുകൾ അനുവദിക്കുന്നപക്ഷം നഗരസ്റ്റേറുകൾ എന്തുകൊണ്ടു പാടില്ല. ഈ പ്രാവിൻസിൻെറ വിഭജനം ആവശ്യമായി വരുന്നെങ്കിൽ വിവിധജാതിമതസ്ഥരായ ജനവിഭാഗവും ഉയർന്ന ജീവിതത്തോതും പാശ്ചാത്യവും പൗരസ്ത്യവും സംസ്കാരങ്ങൾചേർന്നുണ്ടായ പ്രത്യേകസംസ്കാരവും ഉള്ള ബോംബെ നഗരത്തിനു എന്തുകൊണ്ടു ഒരു സ്വതന്ത്രനിലനില്പ് ഉണ്ടായിക്കൂടാ?

ചുരുക്കത്തിൽ ചില പരിതഃസ്ഥിതികളിൽ ഇൻഡ്യൻയൂണിയനിലുൾപ്പെട്ട പ്രദേശങ്ങൾക്ക് ഗണ്യമായ വികസനസാധ്യതയുള്ള വിഭവസമ്പത്തുകളോടെ ഒരു ഉറച്ച ഏകഘടകമായി രൂപപ്പെടാൻ കഴിയും. ഭാവി വളരെ പ്രത്യാശയ്ക്കു വഴിതരുന്നുണ്ട്. എന്നാൽ ഇതിലേറിയക്രമം ഇൻഡ്യൻയൂണിയനിൽതന്നെ രാഷ്ട്രീയവും വ്യവസായപരവുമായ സമാധാനം പുലർത്തുന്നതിനെയും പാകിസ്ഥാൻ സ്റ്റേറുകളോടുള്ള സൗഹാർദ്ദബന്ധങ്ങളെയും ആശ്രയിച്ചാണിരിക്കുന്നതു്. ഈ വീക്ഷണഗതിയോടുകൂടി നോക്കിയാൽ ഞാൻ ഈ ലേഖനത്തിൻെറ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ വിഭജനം കഴിവുള്ളതിലേററവും കൂടുതൽ സൗഹാർദ്ദബുദ്ധിയോടെ നടത്തപ്പെടണമെന്നുള്ളതു് പരമപ്രാധാന്യമുള്ള കാര്യമാണ്. അതിരുകളുടെ നിർണ്ണയപ്പെടുത്തലാണു ഇതിൽ ആദ്യത്തെ പടി. ആസ്തികളും ബാധ്യതകളും നീതിപൂർവം പങ്കുവയ്ക്കപ്പെടണം. ഡിഫൻസ്കാര്യത്തിൽ രാജ്യതന്ത്രജ്ഞതയോടുകൂടിയ പരിഹാരം ആവശ്യമാണ്. ഈ പ്രശ്നങ്ങളുടെ തീരുമാനത്തിനു ബ്രിട്ടൻ വിട്ടുപോയാലും നിലവിലിരിക്കേണ്ട ഒരു സംയുക്തവ്യവസ്ഥ ഉണ്ടാകേണ്ടതാണ്. സംയുക്തചിന്തയും പ്രവർത്തനവും ഡിഫൻസുകാര്യത്തിലേതുപോലെ മറെറാന്നിലും വേണ്ടിവരുന്നില്ല. വരാൻപോകുന്ന വിപ്ലവപരമായ വ്യതിയാനങ്ങളെ യഥാർത്ഥ്യബോധത്തോടെ സമീപിക്കുന്ന ഏതൊരാൾക്കും ഇൻഡ്യയുടെ രണ്ടുവിഭാഗങ്ങൾ കാമൺവെൽത്തിനുള്ളിൽഡൊമിനിയനുകളായിപ്രവർത്തിക്കുമെന്നുള്ളതു് അല്പംആശ്വാസംനൽകും. ഡൊമിനിയൻപദവി എന്ന ആശയം നിഷ്പക്ഷമായി പരിശോധിച്ചുനോക്കണമെന്നു് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നിരന്തരമായ വാദത്തിൻെറ ഈ അവസരത്തിൽ പറയുന്നതു് ബുദ്ധിപൂർവമല്ലെന്നെനിക്കറിയാം. രാജ്യത്തിൻെറ രക്ഷയും പാകിസ്ഥാൻെറ ബന്ധവും പരിഗണിക്കുമ്പോൾ ഡൊമിനിയൻപദവി അടുത്ത ഭാവിയിലെ പല വൈഷമ്യങ്ങളിൽനിന്നും നമ്മെ ഒഴിവാക്കുമെന്നു് കരുതുവാൻ ഞാൻ ധൈര്യപ്പെടുന്നു. വിട്ടുപോകുവാനുള്ള അവകാശവും അതിലുണ്ട്. നിഷ്പക്ഷമായും ധീരതയോടും പ്രശ്നത്തെ നേരിടണമെന്നു ഞാൻ നമ്മുടെ നേതാക്കന്മാരോടപേക്ഷിക്കുന്നു. സ്വദേശീയസ്ഥിതിഗതികൾ സമാധാനം ഇഷ്ടപ്പെടുന്ന രാജ്യങ്ങൾക്ക് നിരാശയും ആശങ്കയും നൽകുന്നതേയുള്ളു. ഭൂമിശാസ്ത്രപരമായും നയതന്ത്രപ്രധാനമായുംഉള്ള ഇൻഡ്യയുടെ സ്ഥാനം കാമൺവെൽത്തിലെ സ്വതന്ത്രരാജ്യങ്ങളുമായുള്ള സഹകരണത്തിൻെറ വില എടുത്തുകാണിക്കുന്നു.

ഇപ്പോൾആവിർഭവിച്ചിരിക്കുന്ന സ്ഥിതിഗതികളിൽ പരിതാപകരമായി വളരെയെല്ലാമുണ്ടെങ്കിലും ബുദ്ധിപൂർവം കൈകാര്യംചെയ്യപ്പെട്ടമെങ്കിൽ ഭാവി ഗണ്യമായ പ്രത്യാശയ്ക്കു് വകനൽകാതിരിക്കുന്നില്ല. ഒട്ടേറെകാര്യങ്ങൾ ഇൻഡ്യൻ യൂണിയനിൽ രാഷ്ട്രീയവും വ്യവസായപരവുമായ സമാധാനം പുലർത്തുന്നതിനേയും പാകിസ്ഥാൻ ഡൊമിനിയനുമായി അയൽപക്കബന്ധത്തിൽ കഴിയുന്നതിനേയും ആശ്രയിച്ചിരിക്കുന്നു. ഈ ലക്ഷ്യങ്ങൾ കൈവരുത്തുവാൻ നമ്മൾക്ക് ദീർഘദൃഷ്ടിയും പരസ്പരധാരണയും ഉള്ള ആളുകൾ ഉണ്ടാകണം. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം നടന്നുകൊണ്ടിരുന്നപ്പോൾ പ്ലാററ്ഫാറംപ്രസംഗങ്ങൾക്കും രാഷ്ട്രീയപ്രക്ഷോഭണത്തിനും സ്ഥാനമുണ്ടായിരുന്നു. എന്നാൽ നാളത്തെ ഇൻഡ്യയിൽ നമ്മൾക്ക് പ്രായോഗികവീക്ഷണഗതിയും നല്ല ഭരണത്തിൻെറ അവശ്യഘടകങ്ങളെപ്പററി തെററാത്ത ബോധവും ഉള്ള ആളുകളാണാവശ്യം. രാഷ്ട്രീയവും സാമ്പത്തികവും സിദ്ധാന്തങ്ങൾ യഥാർത്ഥ്യബോധത്തിനു വഴങ്ങിക്കൊടുക്കണം. സകല ജനവിഭാഗങ്ങളുടെയും കഴിവുകൾ സ്റ്റേററിൻെറ സേവനത്തിനുവേണ്ടി സമാഹരിക്കപ്പെട്ടാൽ നമ്മുടെ ലക്ഷ്യപ്രാപ്തിയിലേക്ക് നമ്മൾക്ക് വിശ്വാസപൂർവം മുന്നോട്ടുപോകാം.

(Copyright N. P. S.)

---

## ഗാന്ധിജി

## കേരളം സന്ദർശിക്കുന്നു

തൃശ്ശൂർ മിഥുനം ൭—ദീപത്തിൻെറ തൃശ്ശൂർ ലേഖകൻ ആ പത്രത്തിൽ ഇപ്രകാരം റിപ്പോർട്ടുചെയ്യുന്നു:—മഹാത്മാഗാന്ധി അടുത്തുതന്നെ കേരളം സന്ദർശിക്കുമെന്നു് അറിയുന്നു. ഗുരുവായൂർക്ഷേത്രം ഹരിജനങ്ങൾക്ക് തുറന്നുകൊടുത്തതു സംബന്ധിച്ചു് നടത്തുന്ന ഒരു സ്വീകരണത്തിനു ക്ഷണിക്കപ്പെട്ടതിനു മഹാത്മജി നൽകിയിരിക്കുന്ന മറുപടിയിൽ ഇപ്പോഴത്തെ അടിയന്തിര രാഷ്ട്രീയ സംഭവവികാസങ്ങൾ മൂലം ഉടനെ ഡില്ലിവിടുവാൻ നിവൃത്തിയില്ലെന്നും അടുത്തുതന്നെ ഒരു അഖിലകേരള പര്യടനം നടത്തണമെന്നു് ആഗ്രഹമുണ്ടെന്നും തദവസരത്തിൽ ഗുരുവായൂർ സന്ദർശിക്കുന്നതാണെന്നും പറഞ്ഞിരിക്കുന്നു. ഗാന്ധിജി കൊച്ചിയും തിരുവിതാംകൂറും സന്ദർശിക്കുവാനിടയുണ്ട്.

# *സൗന്ദര്യം—ഒരു ചർച്ച

(ബാരൺ വോൺ ഓപ്പൽ)

ചില വസ്തുക്കൾക്കോ, ആശയങ്ങൾക്കോ, സംഭവങ്ങൾക്കോ ഉള്ള ഒരു "ഗുണം" എന്ന നിലയിൽ "സൗന്ദര്യ"ത്തെ കേവലരൂപത്തിൽ നിർവചിക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. എന്നാൽ, ഓരോ വിഷയത്തിലും സ്വയം സൗന്ദര്യം കാണാൻ സാധിക്കാത്ത ഒരാളിന് ആ ദുർജ്ഞേയ "ഗുണ"ത്തിന്റെ യാതൊരു നിർവ്വചനവും അതിനെപ്പററി ഒരു ബോധവും നൽകിയിട്ടില്ല, ഇനി നൽകുകയുമില്ല. എന്നുതന്നെ പറഞ്ഞുകൊള്ളട്ടെ.

എന്തെന്നാൽ സൗന്ദര്യം എന്നതു് ബാഹ്യവിഷയങ്ങളിൽ അല്ല, നിരീക്ഷകനിലാണ് സ്ഥിതിചെയ്യുന്നതു്. നമ്മിൽമാത്രമേ സൗന്ദര്യത്തിന്റെ രഹസ്യം കണ്ടെത്തുവാൻ സാധിക്കയുള്ളു. "കാക്കയും കുയിലും, ആരുടെയും ശ്രദ്ധയിൽപെടാത്തപ്പോൾ, ഒന്നുപോലെ മധുരമായി പാടുന്നു." ഈ വരികളിൽ ഷേക്സ്പിയർ മഹാകവി, ചിന്തകൊണ്ടു് വളരെ സാവധാനമായി കണ്ടുപിടിക്കുന്ന ഒരു സത്യം അന്തർബോധത്താൽ പെട്ടെന്നു് കണ്ടുപിടിച്ചിരിക്കുന്നു. പാട്ടും, അതിന്റെ മാധുര്യവും അറിയണമെങ്കിൽ, നിരീക്ഷകനിൽതന്നെ അവരണ്ടും ഉണ്ടായിരിക്കണം എന്നാണ് അദ്ദേഹത്തിന്റെ അർത്ഥം. വാനമ്പാടിയുടെ പാട്ടിൽ ഷെല്ലി കേട്ടതെല്ലാം അതേപടി നാമാരും കേട്ടെന്നു വരികയില്ല. എന്നാൽ അതു നമ്മിൽ എന്തെങ്കിലും ആഹ്ലാദം ജനിപ്പിക്കുന്നെങ്കിൽ, അഥവാ, വെറും സ്വരത്തിനു ഉപരിയായ എന്തെങ്കിലും ആശയം അതു തമ്മിൽ ഉളവാക്കുന്നുണ്ടെങ്കിൽ, ഷെല്ലിക്കോ ഷേക്സ്പിയറിനോ ഉണ്ടായിരുന്ന അതേസൗന്ദര്യമാനദണ്ഡംതന്നെ മൌലികമായി നമ്മിലും ഉണ്ടായിരിക്കണമെന്നു തീർച്ചയാണ്. സകല സൌന്ദര്യത്തെപ്പററിയും ഈ പറഞ്ഞതു വളരെ ശരിയുമാണ്.

എന്നാൽ ഒരു വസന്തപ്രഭാതത്തിൽ ഒരു പക്ഷിയുടെ പാട്ടുകേൾക്കുമ്പോൾ, അഥവാ പ്രകൃതിയിലോ കലയിലോ സുന്ദരമായ എന്തെങ്കിലും കാണുമ്പോൾ, അവ നമ്മിൽ ഒരു ആനന്ദം ജനിപ്പിക്കുന്നു എന്നല്ലാതിൽ കവിഞ്ഞു് തൽസംബന്ധമായ നമ്മുടെ ആശയത്തെപ്പററിത്തന്നെയും നമുക്കു് ഒന്നും പറയാൻ സാധിക്കുന്നതല്ല. അഥവാ, ഈ ആനന്ദം എന്തുകൊണ്ടു് ഉണ്ടാകുന്നു എന്നുള്ള ചോദ്യത്തിനു് നാംതന്നെയും ഉത്തരംപറയാൻ ശക്തരാകുന്നില്ല. അങ്ങനെയിരിക്കെ വസ്തുവിലല്ലാതെ നിരീക്ഷകനിൽ മാത്രം കാണാൻ സാധിക്കുന്ന ആ സൗന്ദര്യമാനദണ്ഡം എങ്ങനെയാണ് കണ്ടുപിടിക്കുക?

ഇതിനു രണ്ടു മാർഗ്ഗങ്ങൾ ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു്—കലാപരമായ ആനന്ദത്തിന്റെ നിമിഷങ്ങളെ, മററു സന്ദർഭങ്ങളിൽനിന്നു വേർതിരിക്കുന്നതെന്താണെന്നു് ഒരു ആത്മപരിശോധനനടത്തിഅറിയുക; അല്ലെങ്കിൽ മററു ആനന്ദങ്ങളിൽനിന്നു എങ്ങനെയോ വ്യത്യസ്തമായിരിക്കുന്ന ആ ആനന്ദത്തെ ആവിഷ്കരിക്കാൻ കഴിവുള്ള കലാകാരനിൽ നടക്കുന്ന സൗന്ദര്യമൂലകങ്ങളായ പ്രവൃത്തനങ്ങളെ ആവുംമട്ടു് പരിശോധിക്കുക. ആദ്യം പറഞ്ഞതു് അന്തർമ്മുഖവും, രണ്ടാമത്തേതു് ബഹിർമ്മുഖവും ആയ രീതികളാണു്.

ഏതെങ്കിലും മാനസികപ്രവണതയോ, ശക്തിവിശേഷമോ, പ്രവർത്തനമോ, കലാപരമായാലും അല്ലെങ്കിലും അതിനെ അറിയണമെന്നുണ്ടെങ്കിൽ, നമ്മിൽതന്നെയും അതിന്റെ വേരുകൾ ഉണ്ടായിരിക്കാതെ ഗത്യന്തരമില്ല. നമ്മിൽ ആഗന്തുകമോ യാദൃച്ഛികമോ ആയിരിക്കുന്നതിനെ തിരസ്കരിക്കുന്നതിനു് മററുള്ളവരെ നിരീക്ഷണംചെയ്യുന്നതു് ഉപയോഗപ്രദമായിരിക്കുമെന്നുതന്നെയല്ല, ആവശ്യവുംകൂടിയാണ്. നമ്മുടെ സ്വന്തം ആനന്ദാത്മകമായ അനുഭൂതികളെ വിശകലനംചെയ്യാൻ ശ്രമിക്കുന്നെങ്കിൽ അതു് കൂടുതൽ വിശ്വാസ്യമായ നിഗമനങ്ങൾക്കു കാരണമായിത്തീരുമെന്നു പറയാം. ഒരു വസ്തുവിനെ അതിന്റെ അടിസ്ഥാനംമുതൽതന്നെ അറിയണമെങ്കിൽ വസ്തുസാമാന്യത്തിന്റെ തോതുകൊണ്ടാണ് അതിനെ പരിശോധിക്കേണ്ടതു്. ചില വസ്തുക്കൾക്കു് ചിലപ്പോൾ മാത്രം ഉണ്ടാകുന്ന പ്രകടനഭേദത്തെ ആസ്പദമാക്കിയല്ല കാൻറ് സ്വീകരിച്ച കൂടുതൽ താത്വികമായ രീതി ആദ്യം പറഞ്ഞതാണ്.

സുകുമാരകലകളിൽ കലാകാരൻ പ്രകടിപ്പിക്കുന്ന പ്രചോദനത്തെ പരിശോധിക്കുക എന്ന രണ്ടാമത്തെ മാർഗ്ഗമാണ് ഇപ്പോൾ എല്ലായിടത്തും സ്വീകരിച്ചുവരുന്നതെന്നു തോന്നുന്നു. കാൻറിന്റെ രീതിയെപ്പററി ആരും അത്ര ശ്രദ്ധിക്കുന്നില്ല. കലാകാരന്റെ ഒരു പ്രത്യേക പ്രവൃത്തനത്തെ ആനന്ദാത്മകമായ എല്ലാ അനുഭൂതികൾക്കും മാനദണ്ഡമായി സ്വീകരിക്കുകയെന്ന ക്രോച്ചേയുടെ രീതിയാണ് ഇന്നു വിദഗ്ദ്ധന്മാർ അംഗീകരിച്ചിട്ടുള്ളതു്. കാൻറിന്റെ ഏറ്റവും കൂടുതൽ ഗഹനമായ രീതിയെ പരിശോധിക്കുന്നതിനു മുൻപു്, രണ്ടാമത്തെ രീതിയെ പരിശോധിക്കയും, അങ്ങനെ ആദ്യത്തേതിനെ സാധൂകരിക്കയും ചെയ്യേണ്ടിയിരിക്കുന്നു. കൂടാതെ, കലാപരമായ സൃഷ്ടിക്കു് കഴിവില്ലാതെ അതിനെ ആസ്വദിക്കാൻ മാത്രം സാധിക്കുന്നവർക്കു സൗന്ദര്യത്തെപ്പററി വിധികല്പിക്കാനുള്ള ശക്തി എങ്ങനെ സിദ്ധിക്കുന്നു എന്നുള്ളതിനു് സമാധാനം നൽകാൻ ക്രോച്ചേയുടെ രീതിക്കു് സാധിക്കാത്തതു് എന്തുകൊണ്ടാണെന്നു് വെളിപ്പെടുത്തുകയും ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്.

ക്രോച്ചേയുടെ രീതി അല്പം ഒഴുക്കൻമട്ടിൽ പറഞ്ഞാൽ 'ശാസ്ത്രീയം' ആണ്; കാൻറിന്റെ രീതി താത്വികവുമാകുന്നു. തത്വശാസ്ത്രം എന്നതു് നമ്മുടെ സകല അറിവിന്റേയും അടിസ്ഥാനാവസ്ഥകളെയും, അവയെല്ലാം കാരണമായ മനസ്സിനെയുംപററി ശ്രദ്ധിക്കുമ്പോൾ ശാസ്ത്രമാകട്ടെ (സയൻസ്) നാം കാണുന്ന വസ്തുതകളെയും, അവതമ്മിലുള്ള ബന്ധങ്ങളെയും കുറിച്ചു് പ്രതിപാദിക്കയും ആ രൂപത്തിൽ നമ്മുടെ അറിവിനെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നാം ഒരു ശാസ്ത്രീയപുരോഗതിയുടെ കാലത്താണ് ജീവിക്കുന്നതു്. അതിന്റെ പ്രായോഗികഗുണം നാം അനുഭവിക്കുകയും ചെയ്യുന്നു. നമ്മിൽ ചിലർക്കു് ആ പുരോഗതിയുടെ ഫലം എപ്പോഴും കേവലം ഗുണകരമായിരിക്കണമെന്നില്ലെന്നേ ഭേദമുള്ളു. എന്നാൽ തത്വശാസ്ത്രപരമായിപ്പോലും നാം ഈയിടെയായി വസ്തുതകളെയാണ്, അവയെ നാം അറിയുന്നരീതിയെപ്പററിയല്ല ശ്രദ്ധിക്കുന്നതെന്നു് പറയേണ്ടിയിരിക്കുന്നു. കലാപരമായുള്ള നമ്മുടെ വീക്ഷണഗതിയിലും ഇങ്ങനെ ഒരു വ്യത്യാസം വന്നിരിക്കുന്നു. കലാവസ്തുക്കളുടെ സൗന്ദര്യോത്തേജനം എങ്ങനെ സംഭവിക്കുന്നു എന്നറിയുന്നതിനു പകരം നമ്മുടെമുൻപിൽ സ്ഥിതിചെയ്യുന്ന വസ്തുവിനെ അഥവാ വസ്തുതയെ കാണുക മാത്രമാണ് നാം ചെയ്യുക: നേരേ മറിച്ചു അവയെ കാണുകയും അറിയുകയും ചെയ്യുന്ന രീതിയെ പരിശോധിച്ചെങ്കിൽ മാത്രമേ അവ എങ്ങനെ സൌന്ദര്യോത്തേജകങ്ങളായിത്തീരുന്നു എന്നു മനസ്സിലാക്കാൻ നമുക്കു സാധിക്കയുള്ളു.

ഇപ്പോഴത്തെ അവസ്ഥയിൽ കലാപരമായ ആസ്വാദനത്തിന്റെ സ്വഭാവത്തെപ്പററി അറിയാൻ ശ്രമിക്കുകയെന്ന മൌലികകാര്യം ഏതാണ്ടു് നിഷ്പ്രയോജനമെന്നപോലെ തള്ളപ്പെടാനിടയായിരിക്കുന്നു. സൗന്ദര്യം എന്നതു് വസ്തുപ്രപഞ്ചത്തിലല്ലെന്നും, അതിൽ സൗന്ദര്യത്തെ നാം ആരോപിക്കുകയാണ് ചെയ്യുന്നതെന്നും ഞാൻ പറഞ്ഞു. അതിനാൽ കലയിലെ സൗന്ദര്യം രൂപത്തിലാണ് സ്ഥിതിചെയ്യുന്നതെന്നു പറയുമ്പോൾ അതിന്റെ സാരം ഒരു വസ്തുവിനെ സൗന്ദര്യാവഹമാക്കത്തക്കവിധത്തിൽ കലാകാരൻ അയാളുടെ സ്വന്തരൂപം അതിനു നൽകുന്നു, അഥവാ ആമാതിരി രൂപം അയാൾ സ്വയം സൃഷ്ടിക്കുന്നു എന്നാണ്. കുയിൽ സ്വന്തമായി ഒരു പാട്ടും പാടുന്നില്ല, പക്ഷെ അതിന്റെ സ്വരം കേൾക്കുമ്പോൾ നാം ആ സ്വരത്തിൽ ഒരു പാട്ടിന്റെ രൂപവും തദനുസരണമായ സൗന്ദര്യവും ആരോപിക്കുന്നു. ഈ "പാട്ടും" സൗന്ദര്യവും തമ്മിൽ വലിയ വ്യത്യാസമില്ല. അതിനാൽ ആ രൂപംതന്നെ സൗന്ദര്യമായി കലാശിക്കയും, നമ്മിൽ ഓരോരുത്തനിലും അവനവന്റെ സൗന്ദര്യബോധത്തിനു അനുസരണമായി അതു് ഓരോ രൂപമായിത്തീരുകയും ചെയ്യുന്നു. തന്നിമിത്തം നാം "കാണുന്ന" സൗന്ദര്യം എന്നതു്, കലാകാരനെപ്പോലെതന്നെ നാം സ്വയം ആരോപിക്കുന്ന നമ്മുടെ സൗന്ദര്യമാണെന്നു സിദ്ധിക്കുന്നു. ഷെല്ലിയുടെ വാനമ്പാടിപ്പക്ഷിയുടെ പാട്ടു് ആഹ്ലാദകരമായിത്തീരത്തക്കവിധം അദ്ദേഹം അതിൽ ആരോപിച്ച രൂപം, അഥവാ ആശയം അങ്ങനെ ആരോപിക്കാൻ നമുക്കെല്ലാവർക്കും സാധിക്കുന്നില്ല. ഇ കലാകാരന്റെ കൃത്യമാണ്. സ്വന്തം സൗന്ദര്യരൂപം കണ്ടുപിടിച്ചു് വിഷയപ്രതിപാദനത്തിൽ അതിനെ ആവിഷ്കരിക്കാൻ അയാൾക്കു് എത്രത്തോളം സാധിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചാണ് നാം അയാളുടെ നേട്ടത്തിന്റെ വിലയിരുത്തുന്നതു്.

അതിനാൽ കേവലം കലാവസ്തുക്കളിൽ അഥവാ മുകളിൽ പറഞ്ഞതുപോലെ രൂപനിർമ്മാണത്തിനു കലാകാരനെയും നമ്മെയും പ്രേരിപ്പിക്കുന്നതെന്തെന്നാലോചിക്കാതെ നമുക്കു വെളിയിൽ ആണ് നാം സൗന്ദര്യത്തിന്റെ മാനദണ്ഡം അന്വേഷിക്കുന്നതെങ്കിൽ അതു് "വെറും രൂപത്തിൽ" തന്നെ കാണേണ്ടതായി വന്നേക്കാവുന്നതാണ്. അങ്ങനെവരുമ്പോൾ കലാപരമായകർമ്മം 'വെറും രൂപനിർമ്മാണം' മാത്രമായി കലാശിക്കാതെ ഗത്യന്തരമില്ല. പക്ഷെ അതോടെ, ഈ രൂപനിർമ്മാണംതന്നെയാണ് സൗന്ദര്യത്തിൽനിന്നു് ഉൽഭവിക്കുന്ന ആനന്ദത്തിനു് കാരണമെന്നുകൂടി സമ്മതിക്കേണ്ടി വരുന്നതാണ്. പ്രൊഫസർ അലക്സാണ്ഡർ പറയുംപോലെ, രൂപനിർമ്മാണത്തിൽതന്നെ അഥവാ രൂപസൃഷ്ടിക്കുള്ള ആവേശത്തിൽതന്നെ ഔപചാരികമായ ഒരു ആനന്ദം ഉണ്ടെന്നു് അതിൽനിന്നു് അർത്ഥമായിത്തീരുന്നു.

നാം'കാണുന്ന' ഏതുസൗന്ദര്യവും നാംതന്നെ രൂപവൽക്കരിക്കുന്നതാണെന്നു ഞാൻ സമ്മതിച്ചുകഴിഞ്ഞു. ആ മാതിരി രൂപനിർമ്മാണത്താൽ മാത്രമാണ് ആ സൗന്ദര്യം ആവിഷ്കരിക്കയും, അനുവാചകർക്കു് പകർത്തുകയും ചെയ്യാവുന്നതെന്നും ഞാൻ സമ്മതിച്ചിട്ടുണ്ട്. ഇങ്ങനെ കലയുടെ അവശ്യലക്ഷണത്തിലൊന്നു് രൂപമാണെന്നു് പ്രസ്താവിക്കവേതന്നെ കലയിൽ രൂപമാണ് പരമമായ സൗന്ദര്യമാനദണ്ഡമെന്നു് വിചാരിക്കാൻ എനിക്കു് സാധിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. രൂപസൃഷ്ടിക്കുള്ള ഒരു ഉദ്ദേശത്തെ തൃപ്തിപ്പെടുത്തുന്നതിൽനിന്നു് ആദ്യമായി കലാപരമായ ആനന്ദം ജനിക്കുന്നു എന്നും ഞാൻ വിചാരിക്കുന്നില്ല. നാം അതിന്റേയും പിന്നിലേയ്ക്കു കടന്നു്, സൗന്ദര്യമെന്നു പറയപ്പെടുന്ന ഒന്നുകൊണ്ടുമാത്രം തൃപ്തിപ്പെടുത്താവുന്നതും, രൂപനിർമ്മാണത്തെത്തന്നെയും ഉത്തേജിപ്പിക്കുന്നതുമായ ഏതോ ഒരു ആവശ്യം മനുഷ്യനുണ്ടായിരിക്കയില്ലേ എന്നു് ചോദിക്കേണ്ടതാണ്. പ്രസ്തുത രൂപനിർമ്മാണം, രൂപനിർമ്മാണത്തിനുവേണ്ടിയല്ല സൗന്ദര്യത്തെ പിടികൂടുന്നതിനു വേണ്ടിയാണ് കലാകാരൻ സാധിക്കുന്നതു്. ഈ സൗന്ദര്യം തന്നിമിത്തം അതിന്റെ ആവശ്യത്തിന്റെ ഗൗരവമനുസരിച്ചു് വ്യത്യാസപ്പെട്ടിരിക്കും. നാം 'കാണുന്നതും' മതിയ്ക്കുന്നതുമായ സൗന്ദര്യത്തിന്റെ മഹത്വം, അഥവാ സൗന്ദര്യമാനദണ്ഡം, നാം ആവശ്യപ്പെടുന്ന വീക്ഷണഗതിയുടെ വിശാലതയെയാണ്, ആ വീക്ഷണഗതിയെ തൃപ്തിപ്പെടുത്തുന്ന രൂപം ഒരു കലാകാരനെന്നപോലെ തെളിഞ്ഞിരിക്കുന്നോ, അതോ, നമ്മിൽ പലർക്കുമെന്നപോലെ മങ്ങിയിരിക്കുന്നോ എന്നുള്ളതിനെയല്ല ആശ്രയിച്ചിരിക്കുന്നതും.

പക്ഷെ ആദ്യമായിത്തന്നെ ഞാൻ 'രൂപമാനദണ്ഡ'ത്തിനുള്ള വൈഷമ്യങ്ങളെ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. സുകുമാരകലകളെപ്പററി പറയുമ്പോൾ ഈ വൈഷമ്യങ്ങൾ അത്ര സ്ഫുടമായിരിക്കയില്ലെങ്കിലും, കലാപരമായ സംപ്രേക്ഷണം, മതിപ്പു് എന്നിവയിലേക്കു് കടക്കുമ്പോൾ അവ തെളിഞ്ഞുകാണുകതന്നെ ചെയ്യുന്നതാണ്. ക്രോച്ചേയുടെ അഭിപ്രായത്തിൽ രൂപനിർമ്മാണം എന്നതുമാത്രമാണ് കലാപരമായ കർമ്മമെന്നുകാണുന്നു. നമ്മുടെ അന്തർബോധനം (Intuition) എന്നതു് ഭാവനാരൂപത്തിൽ പ്രവർത്തിക്കയും, അതു് അനേകം രൂപകല്പനകൾക്കു് (Invages) കാരണമായിത്തീരുകയും ചെയ്യുമ്പോൾ മററുതരത്തിലുള്ള അറിവ് അഥവാ സാമാന്യബോധനം ബുദ്ധിവ്യാപാരം മുഖേന അനേകം ആശയസ്വരൂപങ്ങളെ (concepts) സൃഷ്ടിക്കുന്നു എന്നു് അദ്ദേഹം സിദ്ധാന്തിക്കുന്നു. ക്രോച്ചേയുടെ തത്വശാസ്ത്രപ്രകാരം ഭാവനാശക്തി എന്നതു് ഇന്ദ്രിയവ്യാപാരവിവർജ്ജിതമായ മാനസിക (spiritual) ശക്തിവിശേഷമാണ്. വെറും 'രൂപരഹിതപിണ്ഡ' (formless matter) ത്തെ മാത്രം ഉല്പാദിപ്പിക്കുന്നതായി അദ്ദേഹം കരുതുന്ന സംവേദന (sensa on) ത്തിൽനിന്നുപോലും ഭാവനാശക്തി പ്രസ്തുത തത്വശാസ്ത്രത്തിൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, ഭാവനാസിദ്ധങ്ങളായ രൂപങ്ങൾ എപ്പോഴും സ്പഷ്ടമായി രൂപണം ചെയ്യപ്പെട്ടവയും ആവിഷ്കരണസാദ്ധ്യങ്ങളും ആയിരിക്കാതെ ഗത്യന്തരമില്ലെന്നു് സിദ്ധിക്കുന്നു. ഈ അർത്ഥ അന്തർബോധനം, അഥവാ ഭാവനയിൽ കൂടിയുള്ള കാഴ്ച, കേവലം ആവിഷ്കരണം (expression) തന്നെയാണെന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു രൂപമോ, പ്രതിമയോ നമ്മുടെ ഉള്ളിൽ ഖണ്ഡിതമായും, വ്യക്തമായും ആകൃതിപ്രാപിച്ചു കഴിയുമ്പോൾതന്നെ ആവിഷ്കരണം അത്രമാത്രംകൊണ്ടു് സംഭവിച്ചു് പൂർത്തിയാകുന്നുവെന്നും ബാഹ്യമായ ആവഷ്കരണത്തിന്റെ ആവശ്യംതന്നെയില്ലെന്നും ആണ് ക്രോച്ചേയുടെ അഭിപ്രായം. അതിനാൽ, "ബാഹ്യ"മായ കലാവസ്തു എന്നതു് വാസ്തവത്തിൽ സൗന്ദര്യപരമായി നോക്കുമ്പോൾ അപ്രസക്തമായ ഒരു കർമ്മമാണ്. അതു് ഉണ്ടായെന്നുവരാം; ഉണ്ടായില്ലെന്നുംവരാം. സൗന്ദര്യപരമായവസ്തുതയല്ല, വെറും പ്രായോഗികവസ്തുതയത്രെ ബാഹ്യമായ കലാവസ്തു അഥവാ, "സൗന്ദര്യാത്മകമായ കലാവസ്തു എന്നതു് എപ്പോഴും ആന്തരമാകുന്നു.

സുകുമാരകലയുടെ പഠനത്തിൽകൂടി പ്രധാനമായി സൗന്ദര്യപ്രശ്നത്തെ സമീപിക്കുന്നവർ മുകളിൽ അവസാനമായി ഉദ്ധരിച്ചിരിക്കുന്ന പ്രസ്താവനയെ സ്വാഭാവികമായിത്തന്നെ വിമർശിക്കുന്നു. പക്ഷെ അങ്ങേഅററംമുതൽ ഇങ്ങേഅററംവരെ പിടിവിടാതെ അതേവാദംതന്നെ തുടരുന്ന ക്രോച്ചേയ്ക്കു് ഒരു മഹാകലാകാരനും, ചെറിയ കലാകാരനുംതമ്മിലുള്ള വ്യത്യാസം കേവലം വലിപ്പച്ചെറുപ്പങ്ങളെ മാത്രമല്ലാതെ ഗുണത്തെയല്ല ആശ്രയിച്ചിരിക്കുന്നതു്. ചുരുക്കത്തിൽ നമ്മിലെല്ലാം ചെറിയ കവികളും, ചെറിയ സംഗീതജ്ഞന്മാരും, ചിത്രരചകന്മാരും മററും കുടികൊള്ളുന്നുണ്ടു് എന്നു സാരം. പക്ഷെ നമ്മിലുള്ള ആ ചെറിയകലകളെല്ലാം വളരെ ചെറിയവമാത്രമാണ്. ക്രോച്ചേയുടെ വാക്കുകളിൽ പറയുകയാണെങ്കിൽ "നാം അന്തർബോധനം ചെയ്യുന്ന ലോകം തുച്ഛമാണ്—അതിൽ തുച്ഛമായ ആവിഷ്കരണങ്ങൾമാത്രമേ നടക്കുന്നുള്ളു." എന്നാൽ കലാകാരൻ തന്റെ കൂടുതൽ ബൃഹത്തായ അന്തർബോധനങ്ങളെ "ബാഹ്യമാക്കിവെച്ചിട്ടി"രിക്കുന്നിടത്തോളം കൊണ്ടു് അത്ര വലിയ അന്തർബോധനങ്ങളെ നമ്മുടെ ഉള്ളിലും പുനരാവർത്തിക്കാൻ നമുക്കു കഴിയും. സൌന്ദര്യാത്മകമായ ആഹ്ലാദം (aesthatic pleasure) ക്രോച്ചേയുടെ മനസ്ഥിതിപ്രകാരം സൌന്ദര്യാത്മകമായ വസ്തുനിർമ്മാണത്തിന്റെ കാര്യത്തിൽ അത്ര പ്രധാനമല്ല. ആവിഷ്കരണത്തിന്റെ വിഷയം അഥവാ വസ്തു എന്നു വിചാരിക്കപ്പെടാവുന്ന മാനസികസംവേദനങ്ങൾ mpremison) "രൂപരഹിതപിണ്ഡങ്ങളാകയാൽ അവയെപ്പററി മനസ്സിനു വ്യക്തബോധം സിദ്ധിക്കുന്നില്ല. അവതന്നേയും സൌന്ദര്യാത്മകമായ വ

(ശേഷം പന്ത്രണ്ടാം പേജിൽ)

* "ഹിബ്ബേർട്ട് ജേർണൽ"

ജീവചരിത്രം

# തെമിസ്റ്റോക്ലിസ്

കാവാലം കേശവൻനായർ

ബി. സി. ൬-ാംനൂറ്റാണ്ടിലെ എതീനിയൻകോൺഫെഡറസിയുടെ ഉപജ്ഞാതാവെന്ന് ഗണിച്ചുപോരുന്നത് അറിസ്റ്റിഡിസിനെയാണെങ്കിലും യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനും പ്രതിയോഗിയുമായിരുന്ന തെമിസ്റ്റോക്ലിസാണ് അവരുടെ പ്രശസ്തിക്ക് ഹേതുഭൂതൻ. ആതൻസ്നഗരത്തെ പ്രബലമായ ഒരു നാവികശക്തിയായി ഉയർത്തിയതും തെമിസ്റ്റോക്ലിസാണ്. ആ ഒരൊററ കാരണത്താൽമാത്രം പ്രസ്തുത എതീനിയൻ അതുല്യനും പ്രശസ്തനുമായ ഒരു രാജ്യതന്ത്രജ്ഞനായി വാഴ്ത്തപ്പെട്ടു. സൂര്യപുരുഷൻ ഒരു തികഞ്ഞ പ്രതിഭാശാലിയായിരുന്നുവെന്നുള്ളതിൽ പക്ഷാന്തരമില്ല. തൂസിഡൈഡിസനെപ്പോലെ മിതഭാഷിയായ ഒരു ചരിത്രകാരന്റെ നിർല്ലോഭമായ പ്രശംസ ലഭിച്ചിട്ടുള്ളതിൽനിന്നുമാത്രം തെമിസ്റ്റോക്ലിസ് എത്രകണ്ട് സമർത്ഥനും പ്രശംസനീയനുമായിരുന്നുവെന്നു തെളിയുന്നുണ്ട്. വരാൻപോകുന്നകാര്യങ്ങളെ കാലേകൂട്ടി കണ്ടറിയുന്നതിനും, കഴഞ്ഞ പ്രശ്നങ്ങൾക്ക് നിഷ്പ്രയാസം പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുമുണ്ടായിരുന്ന സാമർത്ഥ്യമാണ് നമ്മുടെ എതീനിയന്റെ ഉയർച്ചയ്ക്കും പ്രശസ്തിക്കും നിദാനമായിട്ടുള്ളതു്. തെമിസ്റ്റോക്ലിസിന്റെ മരണാനന്തരമുള്ള അരശതാബ്ദകാലത്തെ എതീനിയൻചരിത്രം പരിശോധിക്കുന്നതായാൽ കഥാപുരുഷനെപ്പോലുള്ള സമർത്ഥന്മാരിൽ അവരുടെ രാജ്യഭരണചുമതലകൾ അക്കാലത്തു് അടിച്ചേല്പിച്ചിരുന്നതായി കാണാൻ കഴിയും. എന്നാൽ ആ ഭാഗ്യം നമ്മുടെ കഥാനായകനായ അദ്ദേഹത്തിന്റെ സമകാലികരായ രാജ്യതന്ത്രജ്ഞന്മാർക്കു ലഭിച്ചിരുന്നില്ല. വലിയ കുടുംബമഹിമകളും കൂട്ടുകെട്ടും ഇല്ലാത്ത സാമാന്യന്മാർക്ക് രാജ്യഭരണപരമായ ചുമതലകൾ ദീർഘകാലം ആതൻസിൽ നിർവഹിച്ചുകൊണ്ടുപോകാനും അക്കാലത്തു സാദ്ധ്യമല്ലായിരുന്നു. എങ്കിലും തന്റെ വ്യക്തിവൈഭവം ഒന്നുകൊണ്ടുമാത്രം തെമിസ്റ്റോക്ലിസിന് ആതൻസിന്റെ ഭരണകാര്യങ്ങളിൽ കുറേക്കാലം കൈകടത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. സാന്തിപ്പസ്, അരിസ്റ്റിഡിസ് തുടങ്ങിയ തന്റെ സഹപ്രവർത്തകരായ രാജ്യതന്ത്രജ്ഞന്മാർ വലിയ കുടുംബമഹിമയുള്ളവരായിരുന്നു. കൂടാതെ ആതൻസിലെ വലിയ ചില കുടുംബങ്ങളുമായി അവർക്ക് അടുത്ത ബന്ധവും ഉണ്ടായിരുന്നു. പ്ലേറ്റായ, മൈക്കേൽ തുടങ്ങിയ ചരിത്രസിദ്ധങ്ങളായ സമരങ്ങളിൽ നേതൃത്വം വഹിച്ച ധീരനായകന്മാരെന്നനിലയിലും അവർ പ്രഖ്യാതരാണ്. എങ്കിലും, അവർ ഇരുവരും തെമിസ്റ്റോക്ലിന്റെ സ്വാധീനശക്തിയിലും നയതന്ത്രജ്ഞതയിലുമാണ് ബഹിഷ്കരണം അനുഭവിച്ചതെന്നുള്ളതിൽ തർക്കമില്ല. പേർഷ്യൻസമരത്തിന്റെ രണ്ടാംകാലത്തിൽപോലും അവരുടെ പേർ വെളിക്കുവന്നിട്ടില്ല. തന്റെ സ്വാധീനശക്തിക്ക് ആതൻസ്നഗരം ദീർഘനാൾ വിധേയമായിരുന്നില്ലെന്നോ, തനിക്ക് പ്രബലമായ ഏതെങ്കിലും ഒരു കക്ഷിയുടെ പിന്തുണയോ നേതൃത്വമോ ഇല്ലായിരുന്നുവെന്നോ ഉള്ള കാരണങ്ങളാൽ തെമിസ്റ്റോക്ലിസ് നിസ്സാരനാകുന്നില്ല. ഔപചാരികമായും, ഔദ്യോഗികമായും താൻ എതീനിയൻഐക്യത്തിന്റെ സ്ഥാപകനല്ലെങ്കിലും, മററു പല ഗ്രീക്ക് രാജ്യങ്ങളുടെയും നേതൃത്വം വഹിച്ചുകൊണ്ട് ആതൻസ്നഗരം നവംനവങ്ങളായ പ്രവൃത്തിരഥ്യയിൽ ചരിച്ചുകൊണ്ടിരുന്ന കാലത്തു് അവർക്ക് എല്ലാകാര്യങ്ങളിലും തെമിസ്റ്റോക്ലിസിന്റെ ഉപദേശങ്ങൾ ലഭിക്കാറുണ്ടായിരുന്നു.

ബി. സി. ൫-ാംശതകത്തിലാണ് ആതൻസ് ഒരു നാവികശക്തിയെന്നനിലയിൽ ലോകദൃഷ്ടിക്ക് വിഷയീഭവിച്ചതു്. തന്റെ ജന്മദേശത്തിന് അത്തരമൊരു നേട്ടം ഉണ്ടാക്കിക്കൊടുത്തതു് നമ്മുടെ കഥാനായകനാണ്. അതിനുവേണ്ടി അയാൾ ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. പ്രസ്തുതകാര്യത്തിലുണ്ടായ അഭിപ്രായഭിന്നതയുടെ ഫലമായിട്ടാണല്ലോ അരിസ്റ്റിഡിസ് നാടുകടത്തപ്പെട്ടതു്. തെമിസ്റ്റോക്ലിസിന്റെ നാവികനയം അഭംഗുരമായി തുടർന്നുപോയിരുന്നുവെങ്കിൽ ആതൻസിന് ഭൂഖണ്ഡവുമായുള്ള ബന്ധങ്ങളും കെട്ടുകളും പൊട്ടിച്ചു് സ്വതന്ത്രയായി നില്ക്കാൻ സാധിക്കുമായിരുന്നു. ആതൻസ് ഒരു ദ്വീപ് അല്ലാതെപോയതിൽ എതീനിയന്മാർ പലപ്പോഴും കണ്ണീരൊഴുക്കാറുണ്ടായിരുന്നു. തങ്ങൾ ഒരു ദ്വീപിൽ ജനിച്ചവരായിരുന്നെങ്കിൽ ലോകം മുഴുവനും കീഴടക്കാമായിരുന്നുവെന്നുള്ള വിശ്വാസം ഭൂരിപക്ഷം എതീനിയന്മാർക്കു ഉണ്ടായിരുന്നുവത്രേ.

തെമിസ്റ്റോക്ലിസ് ഒരു സ്വേച്ഛാധിപത്യമനോഭാവക്കാരനായിരുന്നുവെന്ന് വിശ്വസിക്കുന്നവരും ഇല്ലാതില്ല. എന്നാൽ അയാൾ ഒരിക്കലും അത്തരക്കാരനല്ലായിരുന്നു. അങ്ങിനെ ആയിരുന്നുവെങ്കിൽ ആതൻസിന്റെ മാഹാത്മ്യവും പ്രാധാന്യവും അയാൾ നശിപ്പിച്ച് പൈറേയസ്സ് തലസ്ഥാനമാക്കി, മ്യൂണിഷയിൽ രാജമന്ദിരം പണികഴിപ്പിക്കുമായിരുന്നുവെന്നുള്ളതിൽ തർക്കമില്ല.

അറിസ്റ്റിഡിസും സാന്തിപ്പസും തമ്മിൽ ഭരണകാര്യങ്ങളിലുണ്ടായിക്കൊണ്ടിരുന്ന അഭിപ്രായഭിന്നതകളാണ് തെമിസ്റ്റോക്ലിസിന്റെ വിജയത്തിന് കാരണമായിട്ടുള്ളതു്. അവരെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനു അയാൾ കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ട്. പ്രതിഭാശാലികൾക്കും ദൗർബ്ബല്യതകൾ ധാരാളമാണല്ലോ. പ്രസിദ്ധനായ നമ്മുടെ ചരിത്രപുരുഷൻ കൈക്കൂലിക്ക് വശംവദനായിരുന്നു. നിർദ്ധനനായിരുന്ന താൻ എങ്ങിനെയാണ് പൊട്ടുന്നനവേ ധനികനായതെന്ന് പരസ്യമായി പറയുന്നതിനും തെമിസ്റ്റോക്ലിസിന് യാതൊരു മടിയുമില്ലായിരുന്നുപോൽ! തന്നെപ്പോലെ ബുദ്ധിമാനും രാജ്യസ്നേഹിയുമായ ഒരാൾ ആതൻസിൽ അതിന് മുൻപ് ഉണ്ടായിട്ടില്ലെന്നുള്ള വിചാരക്കാരനായിരുന്നു അയാൾ. പ്രസ്തുത അഹംഭാവമാണ് അയാളുടെ നാശത്തിനു വഴി തെളിച്ചതു്. ഓരോദിവസം കഴിയുന്തോറും അയാൾക്ക് ശത്രുക്കൾ വർദ്ധിച്ചുകൊണ്ടിരുന്നു. അങ്ങിനെ ജനസമ്മതിയും നശിച്ചുതുടങ്ങിയ കാലത്താണ് തന്റെ ശത്രുക്കളായിരുന്ന രാജ് രാജ്തന്ത്രജ്ഞർ പ്രതീകാരബുദ്ധിയോടുകൂടി അയാൾക്കെതിരായി അണിനിരന്നതു്. കൈമോൺ എന്ന ഒരു സമരവീരനും അയാളുടെ ശത്രുസംഘത്തിൽച്ചേർന്നു. ബി. സി. ൪൭൦-ൽ നടത്തപ്പെട്ട ആറായിരം തിരഞ്ഞെടുപ്പിൽ തെമിസ്റ്റോക്ലിസ്സിനെയാണ് നാടുകടത്തലിന് വിധിക്കപ്പെട്ടതു്. പ്രസ്തുത സമ്മതിദാനവേളയിൽ അയാളുടെ പേരെഴുതിയ ഒരു ചില്ലിക്കഷണം ഒരു പുരാതന ചരിത്രവസ്തുവായി ഇന്നും അവശേഷിക്കുന്നുണ്ട്.

രാജ്യഭ്രഷ്ടനായ ഈ രാജ്യതന്ത്രജ്ഞൻ അയൽരാജ്യമായ ആർഗോസിൽ താമസമാക്കി. തെമിസ്റ്റോക്ലിസിനെപ്പോലെ ബുദ്ധിമാനും ദൂരാലോചനക്കാരനുമായ ഒരാൾ അവിടെ താമസിക്കുന്ന കാര്യത്തിൽ സ്പാർട്ടാക്കാർക്ക് തീരെ ഇഷ്ടമില്ലായിരുന്നതിനാൽ അയാളുടെ താമസം ഉടനെ തന്നെ അവിടെനിന്നും മാറേണ്ടിവന്നു. സ്പാർട്ടായുടെ ദേശീയ ശത്രുക്കളായിരുന്ന പാരസീകരുമായി പൌസേനിയസ് നടത്തിക്കൊണ്ടിരുന്ന ഗൂഢാലോചനകളിലും മററും ഇയാൾക്കും പങ്കുണ്ടായിരുന്നതായി ലാസിഡിമോണിയന്മാർ കണ്ടുപിടിച്ചു. തെമിസ്റ്റോക്ലിസും പൌസേനിയസ്സും തമ്മിൽ സമ്പർക്കമുണ്ടായിരുന്നുവെന്നുള്ളതു് പരമാർത്ഥമാണെങ്കിലും അതു് ഗ്രീസിനെ പേർഷ്യാക്കാർക്ക് ഒററിക്കൊടുക്കുന്നതിനുവേണ്ടിയല്ലായിരുന്നു; പ്രത്യുത ഒരു രാജിക്കുവേണ്ടിയും, സ്പാർട്ടൻ ഭരണകൂടത്തിനെതിരായുള്ള പൌസേനിയന്റെ ഗൂഢാലോചനകളെ സംബന്ധിക്കുന്നവയും മാത്രമായിരുന്നു. കാര്യങ്ങളുടെ വാസ്തവസ്ഥിതി അറിയാതെ തെമിസ്റ്റോക്ലിസിന്റെ മേൽ ഉഗ്രമായ രാജ്യദ്രോഹക്കുററം ആരോപിച്ചു് അയാളെ ബന്ധനസ്ഥനാക്കുന്നതിനായി ആളുകളെ നിയോഗിക്കുകയുണ്ടായി. കാര്യങ്ങൾ മുറുകിത്തുടങ്ങിയപ്പോൾ തെമിസ്റ്റോക്ലിസ് കോർസൈറയിലേക്ക് കടന്നു. എന്നാൽ അയാൾക്ക് അഭയംനൽകുന്നതിന് അന്നാട്ടുകാർ വിസമ്മതിക്കയാൽ ഒട്ടും താമസിയാതെ എപ്പിറസ്സിലേക്ക് തിരിച്ചു. പ്രസ്തുത യാത്രകളിലെല്ലാം തന്നെയും എതീനിയൻ ഭടന്മാർ അയാളെ ബന്ധനസ്ഥനാക്കുന്നതിനായി പിന്തുടരുന്നുണ്ടായിരുന്നു. മൊളോസ്സിയൻ രാജാവായിരുന്ന അദമററസ്സുമായി മുൻപ് പിണക്കമായിരുന്നെങ്കിലും തെമിസ്റ്റോക്ലിസ് പ്രാണരക്ഷാർത്ഥം ഇപ്രാവശ്യം അയാളെ അഭയംപ്രാപിക്കയുണ്ടായി. തെമിസ്റ്റോക്ലിസ് ചെല്ലുമ്പോൾ അദമററസ് കൊട്ടാരത്തിലില്ലായിരുന്നതിനാൽ അയാളുടെ രാജ്ഞിയാണ് ആതിഥ്യസൽക്കാരം നടത്തിയതു്. തന്റെ ആഗമനോദ്ദേശം അറിയിച്ചപ്പോൾ ഒരു പരിചാരകനെന്നുള്ള നിലയിൽ അടുക്കളയിൽ കഴിഞ്ഞുകൊള്ളുവാൻ രാജ്ഞിയിൽനിന്നും അനുവാദവും ലഭിച്ചു. അദമററസ് തിരിച്ചുവന്നയവസരത്തിൽ പൂർവ്വവൈരിയായ തെമിസ്റ്റോക്ലിസ് തന്റെ കുഞ്ഞിനെ ശുശ്രൂഷിച്ചുകൊണ്ട് നിൽക്കുന്നതു് കണ്ടപ്പോൾ ശത്രുത്വം വിസ്മരിക്കയും അയാൾക്ക് സഹായങ്ങൾ വാഗ്ദാനം ചെയ്കയും ഉണ്ടായി. തങ്ങളുടെ ഉദ്ദേശം വിഫലമാകയാൽ തെമിസ്റ്റോക്ലിസിനെ എതീനിയന്മാർ രാജ്യദ്രോഹിയായി പ്രഖ്യാപനംചെയ്തു് അയാളുടെ വസ്തുവകകൾ കണ്ടുകെട്ടുകയും അയാളുടെ പിൻഗാമികളുടെ പൌരത്വംപോലും ഇല്ലാതാക്കുകയും ചെയ്തു. ആതൻസിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണ് ഇത്തരമൊരു ശിക്ഷാനടപടി കൈക്കൊണ്ടതെന്നുള്ളതിൽ തർക്കമില്ല. പലരെയും അതിനു മുമ്പും പിമ്പും ആതൻസിൽനിന്നും നാടുകടത്തിയിട്ടുണ്ടെങ്കിലും അവർക്കാർക്കുംതന്നെ നമ്മുടെ കഥാപുരുഷന്റെ അനുഭവം ഉണ്ടായിട്ടില്ല. ദയാലുവായ അദമാററസ് തന്റെ അതിഥിയെ മാസിഡോണിയായിലുള്ള പിഡ്നയിലേക്ക് കരമാർഗ്ഗേണ അയച്ചു. അവിടുന്നും പിന്നീട് ജലമാർഗ്ഗേണ അയാളെ അയോണിയായിലേക്കു യാത്രയാച്ചു. ഏഷ്യാററിക്കതീരത്തുള്ള പല നഗരങ്ങളിലും ഈ രാജ്യദ്രോഹി വേഷപ്രച്ഛന്നനായി സഞ്ചരിച്ചിട്ടുണ്ട്. പേർഷ്യൻ രാജാവായിരുന്ന സേർക്സിസിന്റെ മരണാനന്തരം ബി. സി. ൪൬൫-ൽ തെമിസ്റ്റോക്ലിസ് സൂസാ നഗരത്തിലെത്തി ആർട്ടാസേർക്സിസിന്റെ മൈത്രി സമ്പാദിച്ചു. അങ്ങിനെ അയാളും പൌസേനിയസ്സും ഒന്നുപോലെയായി. ഗ്രീസിന്റെ രക്ഷിതാക്കളെന്നും, പ്രസിദ്ധ നേതാക്കന്മാരെന്നും പ്രശസ്തി സമാർജ്ജിച്ച ഇരുവരും തങ്ങളുടെ പ്രവൃത്തികളെ സ്വയം നശിപ്പിക്കയാണ് ചെയ്തതു്. ബുദ്ധിമാനായ തെമിസ്റ്റോക്ലിസ് പേർഷ്യൻരാജാവിന്റെ കൂട്ടുപിടിച്ചതു് സ്വാർത്ഥലാഭത്തിനുവേണ്ടി മാത്രമായിരുന്നു. തന്റെ ജന്മദേശത്തിനെതിരായി ശത്രുപക്ഷത്തിൽനിന്നുകൊണ്ട് യാതൊരു നീചകർമ്മങ്ങളും അയാൾ യഥാർത്ഥത്തിൽ ചെയ്തിട്ടില്ല. തെമിസ്റ്റോക്ലിസ് പൌസേനിയസ്സിനെപ്പോലെയല്ലായിരുന്നു. പേർഷ്യൻരാജസദസ്സിലെ ഒരു പ്രമുഖ അംഗമായിരുന്ന പ്രസ്തുത എതീനിയൻരാജ്യതന്ത്രജ്ഞനെപ്പററി പാരസികർക്ക് വലിയ മതിപ്പും വിശ്വാസവുമുണ്ടായിരുന്നു. അതിനു ഉത്തമോദാഹരണമാണ് അയാൾക്ക് മഗ്നീഷ്യൻപ്രവിശ്യയുടെ ഭരണം നൽകിയതു്.

ജന്മദേശത്തു് അന്ത്യകാലം കഴിച്ചുകൂട്ടുന്നതിനോ, പിറന്നമണ്ണിൽ കിടന്ന് അന്ത്യശ്വാസംവലിക്കുന്നതിനോ, തെമിസ്റ്റോക്ലിസിന് സാധിച്ചില്ലെന്നുള്ളതു് പരമാർത്ഥംതന്നെ. മഗ്നീഷ്യയിൽ ഗവർണ്ണരായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ മരണം വിദേശികളായ മഗ്നീഷ്യർ തങ്ങ

(ശേഷം നാലാംപേജിൽ)



ജനങ്ങൾക്കു താമസിക്കുന്നതിനു വേണ്ട ഭവനങ്ങൾ തയ്യാറാക്കിക്കൊടുക്കുന്നതിനായി പല നഗരങ്ങളിലും ഭവനനിർമ്മാണപദ്ധതികൾ സമാരംഭിക്കപ്പെട്ടിട്ടുണ്ട്. യുദ്ധാനന്തരശേഷം പ്രസ്തുത പദ്ധതിയനുസരിച്ചു നിർമ്മിച്ചിട്ടുള്ളതിൽ ൪൦൦൦-ാമത്തെ ഗൃഹം താമസക്കാരനു വിട്ടുകൊടുക്കുന്നതു സംബന്ധിച്ചു നടത്തിയ ചടങ്ങിൽ വൂൾവിച്ചിലെ മേയർ മുതലായവർ സംബന്ധിച്ചിരുന്നു. ഭവനനിർമ്മാണം സംബന്ധിച്ചു ഈ നഗരാധികൃതർ ഏഴു പദ്ധതികൾ നടപ്പിലാക്കി പ്രവർത്തിച്ചുവരുന്നു.

# *ചരിത്രപ്രസിദ്ധമായ മീററ്റ്

പത്മകുമാർ, ഇടപ്പള്ളി

ഇൻഡ്യൻ നഗരങ്ങളിൽ പലതും പല വിധത്തിലും ചരിത്രപ്രസിദ്ധങ്ങളാണ്. മിക്കവാറും എല്ലാ സുപ്രധാനനഗരങ്ങൾക്കും വിഖ്യാതമായ ഒരു ചരിത്രം ഉണ്ടായിരിക്കും. ഭാരതത്തിന്റെ സുദീർഘമായ സ്വാതന്ത്ര്യസമരചരിത്രത്തിൽ മീററ്റിനുള്ള സ്ഥാനം അദ്വിതീയമാകുന്നു.

൧൮൫൭-ൽ, ഒന്നാമത്തെ സ്വാതന്ത്ര്യസമരത്തിന്റെ തീപ്പൊരികൾ മീററ്റിൽനിന്നാണ് ഇതരഭാഗങ്ങളിലേക്കു വ്യാപിച്ചത്. ഫ്രാൻസിലെ രാജവാഴ്ചയുടെ അവസാനശക്തികേന്ദ്രമായിരുന്ന ബെസ്റ്റിലെ ദുർഗ്ഗം, ആ രാജ്യത്തിലെ ഭയങ്കരവിപ്ലവത്തിനുശേഷം, വിപ്ലവകാരികളുടെ പുണ്യസ്ഥലമായിത്തീർന്നതുപോലെ, ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിലെ വീരയോദ്ധാക്കൾക്കു മീററ്റ് ഒരു തീർത്ഥസ്ഥാനമായിത്തീർന്നുകഴിഞ്ഞിട്ടുണ്ട്.

മീററ്റ് വളരെ പുരാതനമായ ഒരു പട്ടണമാണ്. അശോകചക്രവർത്തി ഈ നഗരത്തിൽ ഒരു സ്തംഭം സ്ഥാപിക്കയുണ്ടായി. ക്രിസ്ത്വാബ്ദം ൧൩൬൪-ൽ ഫിറോസ്ഷാ ആ സ്തംഭം ഡൽഹിയിലേക്കു മാററി സ്ഥാപിച്ചു. ഇപ്പോഴും അതു ഡൽഹിയെ പ്രശോഭിപ്പിച്ചുകൊണ്ട് നിലകൊള്ളുന്നു. ബൗദ്ധയുഗത്തിൽ മീററ്റിൽ ഒരു ബുദ്ധവിഹാരം ഉണ്ടായിരുന്നെന്നുള്ളതിന് ലക്ഷ്യങ്ങൾ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഈ നഗരത്തിലുള്ള ജാമാമസ്ജിദിന്റെ പരിസരങ്ങളിൽ ൧൮൭൫-ൽ ഖനനംചെയ്തപ്പോൾ ബുദ്ധവിഗ്രഹങ്ങളും, ക്ഷേത്രാവശിഷ്ടങ്ങളും കണ്ടുകിട്ടുകയുണ്ടായി.

മഹമ്മദീയർ ഇദംപ്രഥമമായി മീററ്റാക്രമിച്ചതു് ക്രിസ്തുവർഷം ൧൦൧൮-ൽ ആയിരുന്നു. അന്നു മഹമ്മദുഗസ്നി മീററ്റ് രാജാവായിരുന്ന ഹരദത്തനെ പരാജിതനാക്കുകയും അദ്ദേഹത്തിൽനിന്നും അനവധി ദ്രവ്യം വസൂലാക്കുകയുംചെയ്തു. ഈ ആക്രമണത്തെസംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല. അനന്തരം ൧൧൯൨-ൽ മഹമ്മദുഗോറിയുടെ സേനാധിപനായ കുത്തബുദ്ദീൻ മീററ്റ് ആക്രമിച്ചു കൈവശപ്പെടുത്തി.

ഇതിനുശേഷം ഒന്നാമത്തെ മുഗൾ ആക്രമണകാരിയായ തൈമൂറിന്റെ കാലംവരെയുള്ള മീററ്റ് ചരിത്രം അജ്ഞാതമാണ്. തൈമൂർ ഡൽഹിയും മീററ്റും ഒരേ സമയത്താക്രമിച്ചു. ഹിന്ദുക്കൾ ഒത്തുചേർന്നു ലോതിയിലെ കോട്ടയിൽവച്ചു തൈമൂറിനെ പരാജിതനാക്കുവാൻ ഒരന്ത്യപരിശ്രമം നടത്തി. എന്നാൽ അതിൽ അവർ വിജയികളായില്ല. തങ്ങൾക്കു പരാജയം സംഭവിക്കുമെന്നു ബോദ്ധ്യപ്പെട്ട നിമിഷത്തിൽ ഹിന്ദുക്കൾ സ്വന്തം കുട്ടികളേയും സ്ത്രീകളേയും ഭവനങ്ങൾക്കുള്ളിലടച്ചു അവയ്ക്കു തീ കൊളുത്തിയതിനുശേഷം ശത്രുമദ്ധ്യത്തിൽ വീറോടെ ചാടിവീണു. അനന്തരം പ്രാണനെ തൃണവൽഗണിച്ചുണ്ടായ ഘോരസമരത്തിൽ അനേകായിരം ശത്രുഭടന്മാർ നിഗ്രഹിക്കപ്പെട്ടെങ്കിലും വിജയശ്രീ തൈമൂറിനെയാണ് കടാക്ഷിച്ചതു്. മീററ്റ് കൈവശപ്പെടുത്തിയശേഷം തൈമൂർ ഒരുലക്ഷം പൌരന്മാരെ വധിച്ചതായി പറയപ്പെടുന്നു.

ക്രമേണ മുഗൾഭരണം ഇന്ത്യയിൽ പ്രബലമായിത്തീർന്നു. ഡൽഹിപട്ടണം അവരുടെ രാജധാനിയായി. സമാധാനപരമായ ഈ ഭരണകാലത്തു മീററ്റിന്റെ ക്ഷതങ്ങൾ ഉണങ്ങുകയും കാലത്തിന്റെ അത്ഭുതപ്രവാഹത്താൽ അതു പൂർവ്വാധികം ശക്തമായിത്തീരുകയുംചെയ്തു. ഡൽഹിയിലെ ഭരണാധിപവംശജന്മാർ യമുനാനദി തരണംചെയ്തു നായാട്ടിനും മനോവിനോദത്തിനുംവേണ്ടി മീററ്റിൽ വന്നുതുടങ്ങി. ആപത്തിന്റെ കാർമേഘങ്ങൾ ഒരുകാലത്തു മീററ്റിന്റെ അന്തരീക്ഷത്തെ മ്ലാനമാക്കിയിരുന്ന കാര്യം ക്രമേണ വിസ്മൃതമായി.

പക്ഷെ വിപ്ലവങ്ങൾ അവസാനിച്ചിരുന്നില്ല. അനേക പരിവർത്തനങ്ങൾ ഡൽഹിയിൽ സംഭവിക്കുവാൻ ഭാവിക്കുകയായിരുന്നു. ഔറംഗസീബിന്റെ കർക്കശഭരണത്തിനുശേഷം മുഗൾസാമ്രാജ്യത്തിന്റെ നട്ടെല്ലു ദുർബ്ബലമായിത്തീർന്നു. അദ്ദേഹത്തിന്റെ അനന്തരാവകാശികൾ സാമ്രാജ്യഭരണനിപുണന്മാരോ ശേഷിമാന്മാരോ ആയിരുന്നില്ല. മഹാരാഷ്ട്രരും സിഖുകാരും കൂടെക്കൂടെ മീററ്റാക്രമിച്ചുകൊണ്ടിരുന്നു. ഇക്കിനിടയ്ക്കു ജാട്ടുവർഗ്ഗക്കാരും അതുപോലെ വർഗ്ഗക്കാരും മീററ്റിൽ കൊള്ളനടത്തി.

മീററ്റ് ഇംഗ്ലീഷുകാരുടെ അധീനതയിലായിത്തീർന്ന ചരിത്രവും വിചിത്രമാകുന്നു. കച്ചവടത്തിനായി ഇവിടെ എത്തിക്കഴിഞ്ഞ തന്ന ഇംഗ്ലീഷുകമ്പനിക്കാർ തങ്ങളുടെ വ്യാപാരരക്ഷയ്ക്കെന്നുള്ള ഭാവത്തിൽ ചിലപ്പോഴൊക്കെ സൈന്യശക്തി ഉപയോഗിച്ചുതുടങ്ങിയിരുന്നു. ഡൽഹിയിലെ രാജവംശത്തിന്റെ പതനത്തിനുശേഷം ആ നഗരത്തിലും, പരിസരങ്ങളിലും, പടർന്നുപിടിച്ചതായ അരാജകത്വത്തെ, തങ്ങൾക്കനുകൂലമായി പ്രയോജനപ്പെടുത്തുന്നതിനും, സ്വഭാഗ്യപരീക്ഷയ്ക്കും ആയി, ധീരന്മാരായ കുറെ യൂറോപ്യൻഭടന്മാർ എങ്ങിനെയോ ഉത്തരഭാരതത്തിൽ എത്തിച്ചേർന്നു. ഇവരിൽ വാൾട്ടർറിൻഹാർട്ട് എന്നു പേരായ ഒരു പടയാളി ഉത്തരമീററ്റിലുള്ള സർധന എന്നസ്ഥലം കൈവശപ്പെടുത്തി. അയാൾ സമ്രു എന്ന അഭിധാനം സ്വീകരിക്കുകയും, ഒരു അറബ്യൻനർത്തകിയെ വിവാഹംചെയ്കയുംചെയ്തു. ൧൭൭൮-ൽ റീസുഹാർട്ടു പരലോകംപ്രാപിച്ചു. ബീഗം സമ്രു ൧൮൩൬ വരെ ജീവിച്ചിരുന്നു. റോമൻകത്തോലിക്ക് മതപ്രചരണത്തിനായി അവർ അനവധി ദ്രവ്യം ദാനംചെയ്കയുണ്ടായി. സമ്രുബീഗമിന്റെ പള്ളി ഇപ്പോഴും സർധനയിൽ കലാഭംഗി തികഞ്ഞു പ്രശോഭിക്കുന്നുണ്ട്.

ദക്ഷിണമീററ്റ് മഹാരാഷ്ട്രന്മാർ പിടിച്ചടക്കിയിരുന്നു. ഡൽഹിയുടെ പതനാനന്തരം ൧൮൦൩-ൽ അഞ്ജൻഗ്രാമത്തിൽ വച്ചുണ്ടായ സന്ധിപ്രകാരം സിന്ധ്യ ഈ പ്രദേശം ഇംഗ്ലീഷുകാർക്കു വിട്ടുകൊടുത്തു. ബീഗംസമ്രുവും ഇംഗ്ലീഷാധിപത്യം അംഗീകരിക്കയും, മരണപര്യന്തം അവരോടു വിശ്വസ്തതയോടെ പെരുമാറുകയും ഉണ്ടായി.

ബ്രിട്ടീഷ്സാമ്രാജ്യമഹാവൃക്ഷത്തിന്റെ വേരുകളെ ഒന്നോടെ ഉലച്ചതായ ൧൮൫൭-ലെ വിപ്ലവക്കൊടുങ്കാററുയർന്ന കാലമാണ് ഇനി നമ്മുടെ ശ്രദ്ധയിൽ വരുന്നതു്. ലാർഡ്ഡൽഹൗസിയുടെ 'പിൻവാഴ്ചാവകാശനിയമം' കാരണം നാട്ടുരാജ്യപ്രജകൾക്ക് ഇംഗ്ലീഷുകാരോടു അതിയായ വിരോധം സംജാതമായി. അതിനുപുറമെ, വൃദ്ധനായ ബഹാദ്ദൂർഷായുടെ സ്നേഹിതന്മാർ അദ്ദേഹത്തെ ഒരിക്കൽകൂടി ചക്രവർത്തിയായിക്കാണുവാൻ ആശിക്കയുംചെയ്തു. വിദേശികളെ ബഹിഷ്കരിക്കണമെന്നുള്ള ആഗ്രഹം ജനങ്ങളിലും, ജനനേതാക്കന്മാരിലും ദൃഢമൂലമായിത്തീർന്നു. ഇംഗ്ലീഷുകാരോടു ഇന്ത്യൻഭടന്മാർക്കു വെറുപ്പുതോന്നുന്നതിനുള്ള ഹേതുക്കളും സന്ദർഭവശാൽ സംജാതമായി. വിദേശിഭരണത്തെ തകർക്കണമെന്നുള്ള ആഗ്രഹം സ്വാഭാവികമായിത്തന്നെ അവരിലും ഉദിച്ചു.

വിപ്ലവം ആരംഭിക്കുന്നതിനുള്ള തീയതി നിശ്ചയിക്കപ്പെട്ടു. സംഭവചക്രത്തിന്റെ സദ്രുതഭ്രമണത്താൽ, അവിചാരിതമായിത്തന്നെ ക്ലിപ്തദിവസത്തിനകം വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. 'താൻ സ്വയം മുഗക്കൊഴുപ്പു കലർന്നതോട്ട പ്രയോഗിച്ചുകഴിഞ്ഞെന്നും, ഉടൻതന്നെ മററുള്ളവരും അങ്ങിനെചെയ്യേണ്ടിവരുമെന്നും', ബ്രിജരമോഹൻ എന്നുപേരായ ഒരിൻഡ്യൻഭടൻ ഏപ്രിൽമാസത്തിൽ തന്റെ കൂട്ടുകാരെ അറിയിച്ചു. അയാളുടെ കൂട്ടുകാർ അയാളെ ഗോഹത്യക്കാരൻ എന്നു പറഞ്ഞുനിന്ദിക്കുകയും, കുറെ ദിവസങ്ങൾക്കുശേഷം അയാളുടെ ഭവനം അഗ്നിക്കിരയാക്കുകയുംചെയ്തു. ഇതിനെത്തുടർന്നു, ഇതേകാരണത്തിനുതന്നെ പല സ്ഥലങ്ങളിലും തീവയ്പുണ്ടായി.

മൂന്നാംബംഗാൾ അശ്വസേനയിൽപെട്ട പലപട്ടാളക്കാരും തോട്ട ഉപയോഗിക്കാൻ വിസമ്മതിച്ചതുകാരണം, പത്തു കൊല്ലംവീതം തടവുശിക്ഷ വിധിച്ചുകൊണ്ട് മെയ്മാസം ഒൻപതാംതീയതി അവരെ ജയിലിൽ അടച്ചു. പിറേറദിവസം ഞായറാഴ്ച രാവിലെ പെട്ടെന്നു പട്ടാളക്കാർലഹളതുടങ്ങി. വൈകുന്നേരം അവർ ഒന്നിച്ചുചേർന്നു മീററ്റുജയിൽ ഭേദിക്കുകയും, അതിനകത്തടച്ചിരുന്ന തങ്ങളുടെ സ്നേഹിതന്മാരെ മോചിപ്പിക്കുകയും ചെയ്തു. അനന്തരം സ്വാതന്ത്ര്യഭ്രാന്തന്മാരായ അവർ ഏകോപിച്ചു മുന്നോട്ടുനീങ്ങി.

മീററ്റിന്റെ മഹത്വത്തെ വളരെവർദ്ധിപ്പിച്ച ഒരു സംഭവമാണിതു്. ൧൮൫൭-ലെ ഈ സ്വാതന്ത്ര്യസമരത്തിനുശേഷം മീററ്റുനഗരം കേവലം രാജധാനികളുടെ പരിവർത്തനരംഗമോ, അഥവാ ചക്രവർത്തിമാരുടേയും, ആക്രമണകാരികളുടേയും കളിപ്പാട്ടമോ ആയിരുന്നില്ല. രാജ്യത്തിന്റെ നവോത്ഥിതമായ ആത്മാവിന്റെ രാഷ്ട്രീയാഭിലാഷങ്ങൾ ഈ നഗരത്തോടു ബന്ധപ്പെട്ട ഓരോ സംഭവത്തിലും പ്രസ്ഫുരിച്ചുതുടങ്ങി.

൧൮൫൭-നുശേഷം ഇംഗ്ലീഷുകാർ ഇൻഡ്യാക്കാരെ നിരായുധരാക്കി. ആയുധം ധരിച്ചുകൊണ്ടുള്ള ഒരു സമരത്താൽ പ്രബലനായ ശത്രുവിനെ ബഹിഷ്കരിക്കുവാൻ സാധ്യമല്ലെന്നു ഭാരതീയർക്കു മനസ്സിലായി. തന്നിമിത്തം സ്വാതന്ത്ര്യസമരത്തിന്റെ രീതി മാററുകയും, തദനുസരണമായ നേതൃത്വം ലഭ്യമാകയുംചെയ്തു. ഇംഗ്ലീഷുദ്യോഗസ്ഥന്മാരെ വധിക്കയും, അവരുടെ സങ്കേതങ്ങളെ നശിപ്പിക്കയുംചെയ്തു. അവരെ ഇവിടെനിന്നും അലട്ടിഓടിക്കണമെന്നുള്ള ആഗ്രഹം ഒരുകൂട്ടം ആളുകളിൽ അവശേഷിച്ചിരുന്നു. ഗാന്ധിജിയും അദ്ദേഹത്തിന്റെ അനുയായികളും അഹിംസയിലടിയുറച്ച നിയമലംഘനം, സത്യാഗ്രഹം ആദിയായ മാർഗ്ഗങ്ങൾ അവലംബിച്ചു് സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതേണ്ടതാണെന്നും സമർത്ഥിച്ചു. മേൽപറഞ്ഞ ഇരുകൂട്ടരുടേയും അഭിപ്രായമനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ മീററ്റ് മുൻകൈ നേടി.

മദോന്മത്തരായ ചില ചെറുപ്പക്കാർ വിപ്ലവമാർഗ്ഗത്തിൽകൂടി പുരോഗമിച്ചു. ഇംഗ്ലീഷുകാരുടെ പാളയങ്ങളെ തകർക്കണമെന്നവർ നിശ്ചയംചെയ്തു. മീററ്റിലും ഒരു വലിയ പട്ടാളസങ്കേതം ഉണ്ടായിരുന്നു.

൧൯൧൫-ൽ വിഷ്ണുദേവപിംഗലെ എന്നൊരാൾ മീററ്റിലെ പടനിലയം നശിപ്പിക്കുന്നതിനായി ഒരു വലിയസ്ഫോടകവസ്തുവും കൊണ്ടു പുറപ്പെട്ടു. ദൗർഭാഗ്യത്താൽ ആ ഉദ്യമം കണ്ടുപിടിക്കപ്പെടുകയും പിംഗലെ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. ആ സ്ഫോടകവസ്തു ഉപയോഗിച്ചു മീററ്റുസങ്കേതത്തിന്റെ അർദ്ധഭാഗത്തിലധികം നശിപ്പിക്കുവാൻ കഴിയുമായിരുന്നെന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പിംഗലെയുടെ ബന്ധനത്താൽ വിപ്ലവജ്വാലകൾക്കു മീതെ കുറെ ചാരം പതിന്നതല്ലാതെ, അവ കെട്ടുകയുണ്ടായില്ല. കാജിനസമുദ്ദീന്റേയും, പണ്ഡിത് പ്യാരേലാൽശർമ്മയുടേയും, നേതൃത്വത്തിൽ മീററ്റിലെ ഹിന്ദുമുസൽമാന്മാർ തോളോടുതോൾ ചേർന്നു സ്വാതന്ത്ര്യസമരരംഗത്തിൽ കുതിച്ചുചാടി.

ഭാരതചരിത്രത്തിലെ മറെറാരു സ്മരണീയസംഭവമായ മീററ്റ് ഗൂഢാലോചനക്കേസ്സ് ൧൯൨൯-ാമാണ് നടന്നതു്. വിദേശീയഭരണത്തെ മിന്നൽവേഗത്തിൽ തകർക്കുന്നതിനുള്ള ഒരു മഹാപരിശ്രമമായിരുന്നു അതു്. ഈ കേസു സംബന്ധിച്ചു് ൩൧ വിപ്ലവകാരികൾ ബന്ധിക്കപ്പെട്ടു കാക്കോറിയിലെ ഗൂഢാലോചനയിലും മീററ്റിനു പങ്കുണ്ടായിരുന്നു.

വ്യക്തിഗതസത്യാഗ്രഹത്തിനു മീററ്റുകാർ വഹിച്ച മഹത്തായ സംഭാവനയാണ് പണ്ഡിത് പ്യാരേലാൽശർമ്മയുടെ ബലിദാനം. 'മരണപര്യന്തം മാതൃഭൂമിയുടെ വിശ്വസ്തസേവകനായി വർത്തിക്കുമെന്നു്', ശർമ്മാജി ൧൯൨൮-ൽ സർദാർ പട്ടേലിനോടു പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതലീല ഈ പ്രതിജ്ഞാപാലനത്തിൽതന്നെയാണവസാനിച്ചതു്. ശർമ്മാജിയുടെ മൃതശരീരം ഡൽഹിയിൽനിന്നു മീററ്റിൽ കൊണ്ടുവരപ്പെട്ടു. ഹിന്ദുക്കളും മുസൽമാന്മാരും ഒത്തൊരുമിച്ചാണ് ആ വീരഭടന്റെ ശവമഞ്ചം വഹിച്ചുകൊണ്ടു പോയതു്. തങ്ങൾക്കഭിമാനകരമായ സംഗതിയായിട്ടാണ് മുസൽമാൻ സഹോദരന്മാർ അതു ഗണിച്ചതു്. ശർമ്മാജി ഹിന്ദുക്കളുടേയോ, മഹമ്മദീയരുടേയോ സ്വന്തമല്ലായിരുന്നു; എല്ലാവർക്കും ഒരുപോലെ സ്വന്തമായിരുന്നു അദ്ദേഹം.

വ്യക്തിഗതസത്യാഗ്രഹത്തിനു ശേഷം വെടിവയ്പ്, തൂക്കിക്കൊല, ബോംബുവർഷം, ക്രൂരത, അക്രമം, അനാചാരം, മുതലായവയുടെ കാലം വന്നുചേർന്നു. ഇവയെല്ലാററിനും മീററ്റും ഒരു രംഗമായിരുന്നു. "ഇൻഡ്യവിടുക" എന്ന മുദ്രാവാക്യത്തെത്തുടർന്നുണ്ടായ പ്രക്ഷോഭണത്തിന്റെ ആരംഭത്തിൽ മീററ്റാണ് ആദ്യമായി ബലിയർപ്പിച്ചതു്. ഭമെറിയിൽവച്ചുണ്ടായ പട്ടാളവെടിവയ്പുമൂലം മീററ്റിന്റെ ഓമനസന്താനമായ രാമസ്വരൂപ് വീരഗതിപ്രാപിച്ചു. ഇപ്രകാരം അനേകകാലത്തെ ഇൻഡ്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ എല്ലാവിധത്തിലും സുപ്രധാനസ്ഥാനം വഹിച്ച മീററ്റിന്റെ നാമം എന്നെന്നും അനശ്വരമായിത്തന്നെയിരിക്കും.

ഹിന്ദിയിൽനിന്ന്.

—o—

(മൂന്നാംപേജിൽനിന്നും തുടർച്ച)

ളുടെ ഭരണാധികാരിയുടെ ജഡം ബഹുമാനപുരസ്സരമാണ് അവരുടെ കോട്ടയ്ക്കുപുറത്തു് സംസ്കരിച്ചതു്. അതുകൊണ്ടും അവർ തൃപ്തരായില്ല. തെമിസ്റ്റോക്ലിസിന്റെ നാമം പശ്ചാൽകാലികർക്കപോലും സുപരിചിതമാക്കുന്നതിനുവേണ്ടി അവർ കഴിവുള്ളതെല്ലാം പ്രവർത്തിച്ചിട്ടുമുണ്ട്. മഗ്നീഷ്യർനഗരത്തിന്റെ പ്രധാനസ്ഥാനത്തായി അവർ തെമിസ്റ്റോക്ലിസിന്റെ ഒരു പൂർണ്ണകായപ്രതിമ സ്ഥാപിച്ചിട്ടുള്ളതിൽനിന്നും അവർക്കു പ്രസ്തുത എതീനിയനോടുണ്ടായിരുന്ന സ്നേഹാദരവുകൾ വെളിവാകുന്നുണ്ടല്ലോ. നഗരമദ്ധ്യത്തിലുള്ള ആ പ്രതിമയ്ക്കു ചുവട്ടിലായി ഒരു കാളയുടെ രൂപവും പണികഴിച്ചിട്ടുണ്ട്. തെമിസ്റ്റോക്ലിസിന്റെ കയ്യിലിരിക്കുന്ന പാനപാത്രം ഒരുവശത്തേക്കു് അല്പം ചെരിഞ്ഞു് അതിൽനിന്നും ഏതാണ്ടു കീഴോട്ടു് ഒലിക്കുന്നതായിട്ടാണ് പ്രസ്തുതപ്രതിമ നിർമ്മിച്ചിട്ടുള്ളതു്. പ്രസ്തുതരംഗവിധാനത്തെപ്പററി പിൽക്കാലത്തു് ദുരുപദിഷ്ടമായ പല കെട്ടുകഥകളും ഉണ്ടായിട്ടുണ്ട്. തന്റെ രക്ഷിതാവായ പേർഷ്യൻചക്രവർത്തിചെയ്ത വാഗ്ദാനങ്ങൾ നിറവേററാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ കാളരക്തം പാനംചെയ്തു് തെമിസ്റ്റോക്ലിസ് ആത്മഹത്യചെയ്തുവെന്നാണ് പറച്ചിൽ. ഇക്കഥയ്ക്കു് പ്രചാരം ലഭിച്ചതു് അയാളുടെ മരണത്തിനുശേഷം ഏകദേശം അരശതാബ്ദക്കാലം കഴിഞ്ഞാണ്. മനോധർമ്മപ്രവീണരായ എതീനിയന്മാർതന്നെയായിരിക്കണം ഇതിനുത്തരവാദികൾ. ചത്തുകിടക്കുന്ന കാളയും, കയ്യിലിരിക്കുന്ന പാനപാത്രവും ആണ് പ്രസ്തുതകഥയ്ക്കു് ആലംബനമായിട്ടുള്ളതും. തെമിസ്റ്റോക്ലിസിന്റെ ഭൌതികാവശിഷ്ടങ്ങൾ അയാളുടെ ബന്ധുക്കൾ വളരെ ഗോപ്യമായി അത്തിക്കയിൽ കൊണ്ടുപോയി സൂക്ഷിച്ചിട്ടുണ്ടെന്നും പറയുന്നുണ്ട്. കൂടാതെ പ്രസിദ്ധനായ ഈ എതീനിയന്റെ അത്തിക്കൻ ശവകുടീരത്തിനു് സാദൃശ്യംവഹിക്കുന്ന മറെറാരെണ്ണം മ്യൂണിഷ്യയിൽ ഉണ്ടെന്നും അഭിപ്രായമുണ്ട്.

ഏതായാലും പ്രസിദ്ധനായ ഈ എതീനിയൻനേതാവിന്റെ ശോകസമ്പൂർണ്ണമായ അന്ത്യകാലചരിത്രം നമ്മുടെ സഹതാപബുദ്ധിയെ തട്ടിയുണർത്തുമെന്നുള്ളതിൽ തർക്കമില്ല.

—o—

## ഹിന്ദീ സ്വയം ശിക്ഷക്

വില രൂ. ൧. ണ. ൮.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.




ഇതിൽ വാസനപുകയില, പൽപൊടി, അട്ടർ, കേശതൈലം, മുതലായവ ഉണ്ടാക്കുന്ന ക്രമങ്ങൾ വിവരിച്ചിട്ടുണ്ട്. ആവശ്യപ്പെടുവിൻ

പി.ഏ. അയ്യർ, തൃശ്ശൂർ.

# വിദ്യാഭ്യാസത്തിൽ സാഹിത്യത്തിന്റെ സ്ഥാനം

പണ്ഡിററു് കെ. ഭരതൻ

പരിവർത്തനം പ്രകൃതിസ്വഭാവമാണ്. വിദ്യാഭ്യാസാദർശങ്ങളിലും പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ അതിശയമില്ല. ഒരുകാലത്തു വെറുംഅറിവു സമ്പാദിക്കുന്നതിൽ കൂടുതലായിരുന്നൊന്നും തന്നെ വിദ്യാഭ്യാസംകൊണ്ടു മനുഷ്യൻ ആഗ്രഹിച്ചിരുന്നില്ല. ഇന്നാകട്ടെ പ്രവൃത്തിപഥത്തിലേയ്ക്കു കൊണ്ടുവരാൻ കഴിയാത്ത അറിവുകൾകൊണ്ടു പ്രയോജനമില്ലെന്നും, അതിനാൽ കൂടുതൽ അറിയുന്നതിനേക്കാൾ ഉള്ള അറിവിനെ പ്രവർത്തനംമൂലം പ്രകാശിപ്പിക്കാൻ ശ്രമിക്കുകയാണു് വേണ്ടതെന്നും വിദ്യാഭ്യാസപരിഷ്കർത്താക്കൾ സിദ്ധാന്തിക്കുന്നു. "പഠിക്കുമ്പോൾ പഠിക്കേണം" എന്ന പുരാതനാദർശം, "കളിക്കുമ്പോൾ പഠിക്കേണം" എന്നു നേരേ തിരിഞ്ഞിരിക്കുന്നു. ജീവിതാവശ്യങ്ങൾ വർദ്ധിച്ചുവരുന്ന പരിഷ്കൃതലോകത്തിൽ ജീവിതാവശ്യങ്ങളെ നിറവേറാൻ സഹായകമാകത്തക്ക വിദ്യാഭ്യാസം നൽകേണ്ടതു അത്യാവശ്യമാകുന്നു. അതിനാൽ ഇന്നു തൊഴിൽവിദ്യാഭ്യാസത്തെ ആദരിക്കുന്നെങ്കിൽ അതു ഒട്ടും അയുക്തമല്ല. ജീവിതാവശ്യങ്ങൾ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ ആവശ്യാനുസരണമായി വിദ്യാഭ്യാസാദർശങ്ങളെ പരിഷ്കരിക്കുമ്പോൾ ആവശ്യത്തിൽ കവിഞ്ഞു വെറും ആനന്ദത്തിനുമാത്രമാണെന്നു വിചാരിച്ചേക്കാനിടയുള്ള സാഹിത്യത്തെ (പു. സ. ല്ല) അഗണ്യകോടിയിൽ തള്ളിക്കളയുകയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ വിദ്യാഭ്യാസമെന്നാലെന്തെന്നും വിദ്യാഭ്യാസോദ്ദേശ്യത്തെ സഫലമാക്കുന്നതിനു സാഹിത്യം എത്രത്തോളം സഹായിക്കുന്നുണ്ടെന്നും പര്യാലോചിക്കേണ്ടതു അത്യാവശ്യമാണ്:

'ജ്ഞാനം' അഥവാ 'അറിവ്' എന്നർത്ഥമുള്ള 'വിദ്' ധാതുവിൽനിന്നാണു് വിദ്യ എന്ന വാക്കു ഉണ്ടായിട്ടുള്ളതു്. വിദ്യയെ അഭ്യസിക്കുകയാണു വിദ്യാഭ്യാസമെന്നു് വ്യക്തമാണല്ലോ. ഏതുവിധത്തിലുള്ള അറിവും വിദ്യയാണെങ്കിൽ വിദ്യയില്ലാത്ത ഒരു ജീവിപോലും കാണുകയില്ലെന്നു നിസ്സംശയം പറയാം. പൂച്ചയ്ക്കു് ആപത്തിൽനിന്നു രക്ഷനേടുന്നതിനു് മരത്തിൽ കയറിക്കളയാനുള്ള വിദ്യയറിയാമെങ്കിൽ കുറുക്കനു് ശ്വാസമടക്കി മരിച്ചതുപോലെ കിടക്കാനുള്ള അറിവുണ്ടു്. അചരങ്ങളായ വൃക്ഷലതാദികൾപോലും അവയുടെ ആഹാരപദാർത്ഥങ്ങൾ സമ്പാദിക്കുന്നകാര്യത്തിൽ അറിവുള്ളവയാണ്. എന്നാൽ പ്രകൃതിദത്തമായ ബുദ്ധിവൈഭവവും, അനുഗൃഹീതമായ രസനേന്ദ്രിയവുമുള്ള മനുഷ്യന്റെ വിദ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതരജന്തുക്കളുടെ പരിമിതമായ അറിവിനെ വെറും ജന്മവാസനയെന്നുമാത്രം വ്യവഹരിച്ചു തള്ളിക്കളയാനേയുള്ളു. ജ്വലിക്കുന്ന അഗ്നികണ്ടിട്ട് ആഹാരസാധനമാണെന്നു തെററിദ്ധരിച്ച് അടുക്കുന്ന ഒരു ശലഭം അസഹ്യമായ ചൂടേററാലും പിന്തിരിയാതെ അഗ്നിയിൽ ആത്മാഹുതിചെയ്യുമ്പോൾ ഒരു മനുഷ്യശിശുവാകട്ടെ ഒരൊററ അനുഭവത്തിൽനിന്നും അഗ്നിയുടെ സ്വഭാവത്തെ മനസ്സിലാക്കി അതിന്റെ ദാഹകശക്തിക്കടിമപ്പെടാതെ രക്ഷനേടാൻ ശക്തനാകുന്നു. ഈ വ്യത്യാസത്തിനു ഹേതു ശലഭത്തിന്റെ കുററമോ മനുഷ്യന്റെ മിടുക്കോ അല്ല. പ്രകൃതിദത്തമായ ശക്തിയുടെ വിഭിന്നപ്രവർത്തനഫലം ഒന്നുമാത്രമാണ്. മനുഷ്യൻ വിദ്യാഭ്യാസംകൊണ്ടു് സാധിക്കുന്നതു് പ്രകൃതിദത്തമായ ശക്തിയെ വികസിപ്പിക്കുക മാത്രമാണ്.

ആശയവിനിമയത്തിനു് സങ്കല്പാർത്ഥമുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങിയതുമുതൽ അഥവാ ഭാഷയുണ്ടായതുമുതൽ മനുഷ്യന്റെ വിദ്യാഭ്യാസം ക്രമേണ പുരോഗമിക്കാൻതുടങ്ങി. ഭാഷയില്ലാത്ത മനുഷ്യർ ഇന്നും എവിടെങ്കിലുമുണ്ടെങ്കിൽ അവരുടെ അറിവു മൃഗസാധാരണമായ ആഹാരസമ്പാദനവിഷയത്തിൽ കവിഞ്ഞു മറെറാന്നിലും ഉണ്ടാകാനിടയില്ല. അഥവാ ഉണ്ടായാൽ തന്നെയും ഏതെങ്കിലുമൊരാളുടെ അറിവ് അയാളോടുകൂടി അവസാനം മണ്ണിനടിയിൽ അടിഞ്ഞുപോകുകയേയുള്ളു. വിദ്യാഭ്യാസവിഷയത്തിൽ ഭാഷ സമ്പാദിച്ചിട്ടുള്ള സ്ഥാനം അദ്വിതീയമാണ്.

പ്രകൃതിസൗന്ദര്യത്തെ ആരാധിക്കാനും, പ്രകൃതിയെ അനുകരിക്കാനും, മനുഷ്യനു മാത്രമാണു കഴിവുള്ളതു്. ജീവിതോപായങ്ങൾ ആരായുന്നതുപോലെ ജീവിതത്തെ ആനന്ദസംപൂർണ്ണമാക്കുന്നതിനുള്ള ഉപായങ്ങൾ ആരായുക എന്നതും മനുഷ്യന്റെ ആവശ്യമായിത്തീർന്നു. അതിനുള്ള ഉപായങ്ങൾ ആരാഞ്ഞുതുടങ്ങിയതിന്റെ ഫലമായിട്ടാണ് സംഗീതസാഹിത്യാദികലകൾ ഉണ്ടായതു്. അറിവിന്റെ വാഹകയായ ഭാഷ ആനന്ദദായകമായ സാഹിത്യത്തിന്റെ മധുരിമയിൽ മുഴുകി സഹൃദയരുടെ ഹൃദയത്തെ കവർന്നുതുടങ്ങി. ഭാഷകൊണ്ടുതന്നെ ജ്ഞാനവിനിമയം നടത്താമെന്നിരിക്കെ ജീവിതാവശ്യങ്ങളുടെ നിർദ്ദയമായ പിടിയിൽകിടന്നു് പിടച്ചുടിയ്ക്കുന്ന മനുഷ്യനു് സാഹിത്യത്തിന്റെ മാദകമായ ആനന്ദലഹരിയിൽ ആറാടാനുള്ള അവസരമോ ആവശ്യമോ ഉണ്ടോ എന്ന കാര്യം ചിലരുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിന്നു എന്നു വരാം. വിദ്യാഭ്യാസോദ്ദേശ്യങ്ങളുടെ പരിപൂർണ്ണവിജ്ഞാനം സാഹിത്യത്തിന്റെ അനുപേക്ഷണീയതയെ തെളിയിക്കാതിരിക്കയില്ല. "ജീവിതകർത്തവ്യങ്ങൾക്കായി മനുഷ്യനെ സജ്ജീകരിക്കുന്നതാണു് വിദ്യാഭ്യാസമെന്നു് വുഡ്‌വേഡും," "സാക്ഷാത്തായ മനുഷ്യവൽക്കരണമാണു് വിദ്യാഭ്യാസമെന്നു" ബയിനും, എല്ലാശക്തികളുടേയും അകൃത്രിമവും അനുക്രമവുമായ ശക്തിവികസനമാണു വിദ്യാഭ്യാസമെന്നു് പെസ്റ്റലോസിയും അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായങ്ങൾ എല്ലാം സാരാർത്ഥത്തിൽ വിഭിന്നങ്ങളല്ല. മനുഷ്യനെ എല്ലാവിധത്തിലും പൂർണ്ണനാക്കുന്നതുതന്നെയാണു വിദ്യാഭ്യാസം. ബാഹ്യമായ ജീവിതാവശ്യങ്ങൾ നിറവേററുന്നതിനുള്ള സാമർത്ഥ്യം ഉണ്ടാക്കുകയെന്നുള്ളതിൽകവിഞ്ഞു് വിദ്യാഭ്യാസത്തിനു് യാതൊരു ഉദ്ദേശവുമില്ലെങ്കിൽ ബുദ്ധിവിശേഷമോ വിദ്യാഭ്യാസമോ ഇല്ലാതെ ജീവിതാവശ്യങ്ങൾ നിറവേററുന്ന ഇതരജന്തുക്കളിൽനിന്നും മനുഷ്യനു് പറയത്തക്ക വിശേഷമോ വ്യത്യാസമോ ഇല്ലാതെ പോകുമെന്നുള്ളതിൽ സംശയമുണ്ടോ?

"വിദ്യാഭ്യാസം സ്വഭാവരൂപവല്ക്കരണത്തിനു സഹായിക്കണം" എന്നാണു് ജെംസിന്റെ അഭിപ്രായം. മനുഷ്യരിൽ മൃഗീയമായ ചില ദുസ്സ്വഭാവങ്ങൾ അവശേഷിക്കുന്നുണ്ടു്. സമുദായത്താൽ വെറുക്കപ്പെടുന്ന സ്വഭാവവൈകല്യങ്ങളെ ദൂരീകരിക്കാനും സൽസ്വഭാവങ്ങളെ രൂപവൽക്കരിക്കാനും ജ്ഞാനസമ്പാദനം ആവശ്യമാകുന്നു. സാഹിത്യത്തിനു് ഒരു സഹധർമ്മിണിയെപ്പോലെ രസിപ്പിച്ചു് ജ്ഞാനോപദേശംചെയ്യാനുള്ള കഴിവുണ്ടു്. അതുമാത്രമല്ല, ബുദ്ധിക്കു് പ്രവർത്തനമില്ലാതെയിരുന്നാൽ, ഉണ്ടാകാവുന്ന തുരുമ്പിക്കൽപോലെതന്നെ അതിപ്രവർത്തനംകൊണ്ടുണ്ടാകുന്ന ക്ഷീണത്തേയും തേയ്മാനത്തേയുംമാററി നവോന്മേഷത്തെ കൊടുക്കുന്നതിനും തദ്വാരാ ബുദ്ധിവികസനമുണ്ടാകുന്നതിനും സാഹിത്യത്തിനുള്ള കഴിവ് അപാരമാണ്. "ജാഡ്യം ധിയോഹരതി" (സാഹിത്യം ബുദ്ധിയുടെ ജഡതയെ ഇല്ലാതാക്കുന്നു) എന്നു് ഒരു കവി പറഞ്ഞിട്ടുണ്ടു്. "സാഹിത്യവർജ്ജിതഃ പശുഃ" എന്നാണു് മറെറാരു പണ്ഡിതന്റെ അഭിപ്രായം. വിദ്യയെന്നുപറഞ്ഞാൽ സാഹിത്യമെന്നു ചിലർ ധരിച്ചിരുന്നുള്ളു. "വിദ്യാവിഹീനഃ പശുഃ" എന്ന അഭിപ്രായക്കാരൻ വിദ്യയെന്ന ശബ്ദംകൊണ്ടു് സാഹിത്യത്തെയാണു് വിവക്ഷിച്ചിട്ടുള്ളതു്. വേറൊരുകവി ചോദിക്കുകയാണു് "കാ വിദ്യാ കവിതാം വിനാ" (വിദ്യയെന്നു പറഞ്ഞാൽ സാഹിത്യമല്ലാതെ പിന്നെന്താണ്) എന്നു്.

തൊഴിൽപരമായ വിദ്യ മനുഷ്യന്റെ ബാഹ്യസൗഖ്യത്തിനു ഹേതുവാകയേയുള്ളു. ആത്മീയസൗഖ്യത്തിനു് തൊഴിലുകൾചെയ്തു പഠിക്കുന്നതുകൊണ്ടു പ്രയോജനമില്ല. രാജാക്കന്മാരുടെ കഥകളും, പെരിയാററിന്റെ നീളവും, ഹിമാലയത്തിന്റെ പൊക്കവും, പൂവിന്റെ ഘടനകളും, മററും പഠിക്കുന്നതുകൊണ്ടും ജ്ഞാനമുണ്ടാകുമെന്നല്ലാതെ ആത്മീയസൗഖ്യത്തിനുള്ള ജ്ഞാനമാകുന്നില്ല. ആത്മീയസൗഖ്യത്തിനു് ആത്മാവിനെപ്പററി അറിയണം. പ്രകൃതിയെപ്പററി ചിന്തിക്കുന്നതിൽനിന്നും ചിന്തിക്കുന്നവർ പറഞ്ഞിട്ടുള്ളതു പഠിക്കുന്നതുകൊണ്ടും ആത്മീയസൗഖ്യം ഉണ്ടാകും. ഭാരതവർഷത്തിലെ പൂർവ്വരായ ഋഷീന്ദ്രന്മാർ പാരിന്റെ അടിക്കല്ലു കണ്ടവരാണ്. അവർ വേദങ്ങളിൽ ഉൽഘോഷിച്ചിട്ടുള്ള കാര്യങ്ങൾ പഠിച്ചവരെയാണ് പുരാതനകാലത്തു് വിദ്യയുള്ളവരായി ഗണിച്ചുവന്നിരുന്നതു്. വേദം പഠിക്കാൻ കഴിയാത്തവർ വേദത്തിൽ പറഞ്ഞിട്ടുള്ള കർക്കശങ്ങളായ കാര്യങ്ങളെ സരസമധുരമായ സാഹിത്യത്തിൽക്കൂടി ആസ്വദിക്കാൻ ശ്രമിക്കണം. എങ്കിൽ മാത്രമേ ആത്മീയമായ സൗഖ്യം ഉണ്ടാകുകയുള്ളൂ. സാഹിത്യമാകുന്ന പഞ്ചസാരയിൽ പൊതിഞ്ഞുവച്ചിരിക്കുന്ന തത്വശകലങ്ങളായ ഗുളികകൾ ഭക്ഷിക്കേണ്ടതു് അജ്ഞാനരോഗശമനത്തിനും തദ്വാരാ മനോനിർവൃതിക്കും ഹേതുവായിത്തീരുന്നതാണ്. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം എല്ലാവിധത്തിലും മനുഷ്യനെ പൂർണ്ണനാക്കുകയാണുള്ളതാകയാൽ മാനസികമായ സൗഖ്യവും പൂർണ്ണനായ മനുഷ്യനു ആവശ്യമായിത്തീരും. അതിനു് സാഹിത്യം അത്യാവശ്യമാണതാനും. അതിനാൽ വിദ്യാഭ്യാസത്തിൽ സാഹിത്യത്തിനു് പ്രഥമമായ ഒരു സ്ഥാനം ഉണ്ടെന്നുള്ള കാര്യം സ്പഷ്ടമത്രെ. വിദ്യാഭ്യാസത്തെ പരിഷ്കരിക്കുമ്പോൾ, പരിഷ്കർത്താക്കളായ പണ്ഡിതന്മാർ വിദ്യാഭ്യാസത്തിൽ സാഹിത്യത്തിനുള്ള സ്ഥാനത്തെ വിസ്മരിച്ചുകളയുകയില്ലെന്നു പ്രത്യാശിക്കാം.

—o—

FOR SALE

Strongly built cash boxes,
Safes,
Laminated Locks,
Fire Extinguishers etc.,

Get your welding and plating done by us.
The Metropolitan Engineering Company Limited,
Power House View, Post Box No. 6,
Trivandrum.
Grams: "FIREFREEZE" Phone No. 299.

## പരസ്യം

൧൯൪൦ നവംബർ ആദ്യംമുതൽ ഒന്നാം തിരുവിതാംകൂർ നായർപട്ടാളത്തോടുകൂടി സേവനം നടത്തിയിട്ടുള്ള എല്ലാ തരക്കാരും പെൻഷൻ, ഡിസ്ചാർജ്ജ്, സേവനത്തിനിടയ്ക്കുണ്ടായിട്ടുള്ള ദൗർബല്യം തുടങ്ങിയവകൊണ്ടു് സേവനം അവസാനിപ്പിക്കേണ്ടിവന്നിട്ടുള്ളവരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം താഴെപ്പറയുന്ന വകുപ്പുകൾക്കു് യുദ്ധസേവനത്തിനുള്ള ഗ്രാൻറുധനം കഴിയുമെങ്കിൽ മണിആർഡറായി അവക്കയച്ചുകൊടുക്കുവാൻ സാധിക്കത്തക്കവിധം കമാൻറൻറു്, ഒന്നാംതിരുവിതാംകൂർ പട്ടാളം, പാംഗോഡ്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കണമെന്നു് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

വാർസെർവീസ് ഇൻക്രിമെൻറ്, ഡെഫേർഡ്പേ (മാററിവയ്ക്കപ്പെട്ട ശമ്പളം) വാർ ഗ്രാററ്വിയിററി.

മേജർ, ഓ. ജി. ഈപ്പൻ,
കമാൻറൻറ്
ഒന്നാം തിരുവിതാംകൂർ ഇൻഫൻട്രി.

൪—൧൧—൧൧൨൨.

സിൽക്കും കാട്ടണും
ചരക്കുകൾ
പുതിയ സ്റ്റോക്ക്
വളരെ ആദായവില
പുതിയ കമ്പനി
നാഗലിംഗം സ്റ്റോഴ്സ്,
2. സൌത്ത് കാവൽക്കൂടത്തെരുവ്,
മധുര.

മാധവ
സ്രസപരില
നറുനീണ്ടി സത്ത്
രക്തവർദ്ധക ഔഷധങ്ങൾ ചേർത്തു തയ്യാർചെയ്യുന്നത്
രക്ത ശുദ്ധിക്കും രക്തം ഉഷ്ണിച്ചുണ്ടാകുന്ന രോഗങ്ങൾക്കും അത്യുത്തമം
മാധവ ഫാർമസി ലിമിറഡ്
ബാനർജി റോഡ്, എറണാകുളം.
SOLD EVERYWHERE
Distributors for
Travancore & Cochin
A. KUMARAN, ALWAYE.

## ഇൻഡൊനീഷ്യൻ മന്ത്രിസഭായോഗം

—ം—

### സുപ്രധാനപ്രശ്നങ്ങളെപ്പററി പര്യാലോചിക്കാൻ

ബറേറവിയ, ജൂൺ ൨൧—നെതർലൻസ് കമ്മിഷൻജനറാലിൻെറ പുതിയ കുറിപ്പിന് ആലോചിച്ച് ഒരു മറുപടി തയാറാക്കുവാൻ ഇൻഡൊനീഷ്യൻ പ്രധാനമന്ത്രി ഡാ. സുട്ടാൻഷാറിർ ഇന്നുരാത്രി സുപ്രധാനമന്ത്രിസഭാംഗങ്ങളുടെയും കക്ഷിനേതാക്കന്മാരുടെയും പ്രൊവിൻഷ്യൽ പാർലമെൻറിലെ ചില അംഗങ്ങളുടെയും ഒരു സമ്മേളനം ഇവിടെ വിളിച്ചുകൂട്ടുന്നു. ഡച്ച് ഇടക്കാലഗവമെൻറിനുള്ള നിർദ്ദേശങ്ങൾക്കു പുറമേ ലിംഗാഡ്ജട്ടി ഉടമ്പടി നടപ്പിൽവരുത്തുന്നതിന്നായുള്ള അതിൻെറ സാമ്പത്തികവും സൈനികവുമായ നിർദ്ദേശങ്ങളും സ്വീകരിക്കുവാൻ റിപ്പബ്ളിക്ക് സന്നദ്ധമാണോയെന്ന് ഈ കുറിപ്പിൽ ചോദിച്ചിരിക്കുന്നു. ഈ പ്രശ്നത്തെപ്പററി ഒരൊന്നാംതരം രാഷ്ട്രീയപ്രതിസന്ധി ഉത്ഭവിച്ചേക്കുമെന്ന് വിശ്വാസയോഗ്യമായ കേന്ദ്രങ്ങൾ പറയുന്നു. റിപ്പബ്ളിക്കിൽ പൊതുസമാധാനം പാലിക്കുവാൻ ഒരു സംയുക്തപോലീസ്-പട്ടാളസൈന്യമുണ്ടായിരിക്കണമെന്നതാണ് ഒരു ഡച്ച്നിർദ്ദേശം.

—ം—

## സ്വതന്ത്രഇന്ത്യയിൽ ഒരു സ്വതന്ത്ര ഗോവ

—ം—

### ഗോൺ രാഷ്ട്രീയസമ്മേളനത്തിലെ വാദം

ബാംബെ, ജൂൺ ൨൧—ഇന്നു വൈകുന്നേരം നടന്ന ഗോൺ പൊളിററിക്കൽ കാൺഫറൻസിൻെറ ആദ്യസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ട് ഡാക്ടർ ജാർജ് ഡി. സിൽവ പ്രസ്താവിച്ചതു് ഗോവാക്കാരുടെ മുദ്രാവാക്യം ഒരു സ്വതന്ത്രഇന്ത്യയിൽ ഒരു സ്വതന്ത്രഗോവാ എന്നതാണെന്നാണ്. സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് കാ: പ്രവത്തകസമിതിഅംഗമായ ശ്രീമതി കമലാദേവി പ്രസ്താവിച്ചതു് പോർട്ടുഗീസിൻെറ നിഴലും ഉടൻ പെട്ടെന്ന് അപ്രത്യക്ഷമായിവരുന്നുവെന്നാണ്. ഗോവായുടെ രാഷ്ട്രീയവിമോചനം ഏതാനും ദിവസംകൊണ്ട് തീരുമാനിക്കപ്പെടുന്നതാണ്.

—ം—

## ബാംബയിൽ അദ്ധ്യാപകരുടെ പണിമുടക്ക്

ബാംബെ, ജൂൺ ൨൧—നഗരത്തിൽ ൨൦൦൦ ൽപരം അദ്ധ്യാപകന്മാർ പണിമുടക്കിയതുനിമിത്തം മിക്ക വിദ്യാലയങ്ങളും അടയ്ക്കുകയും ൧൨൦൦൦൦-വരുന്ന വിദ്യാർത്ഥികൾക്ക് ഒരാഴ്ചത്തെ അവധി നൽകുകയും ചെയ്തിരിക്കുന്നു. അധിഷ്ഠാനശമ്പളക്കൂടുതൽ, സ്കൂൾമാനേജുമെൻറ് കാര്യക്ഷമമാക്കുക യൂണിയൻസ രൂപീകരിക്കുവാനുള്ള അവകാശം ഗ്രാൻറ് ഇൻഎയിഡ് ചട്ടത്തിൻെറ പുതുക്കൽ എന്നിവയ്ക്കു വേണ്ടിയാണ് അദ്ധ്യാപകന്മാർ വാദിക്കുന്നതു്.

—ം—

## ഷാനവാസ് ധനബാദിൽ

ധനബാദ്, ജൂൺ ൨൦—ഇന്നലെ ഇവിടെ എത്തിയ ഐ. എൻ. ഏ. മേജർ ജനറൽ ഷാനവാസ് മുരുഗിഡി കല്ക്കരി ഖനികളിലെ പോലീസ് വെടിവെയ്പിൽ അപകടം സംഭവിച്ചവരെ ധനബാദ് ആശുപത്രിയിൽ ചെന്നു സന്ദർശിച്ചു. തൊഴിലാളി സ്ഥിതിഗതികളെപ്പററി അദ്ദേഹം മഹാത്മജിയേയും ബീഹാർഗവമെൻറിനേയും അറിയിച്ചുകൊണ്ടിരിക്കുന്നു. പോലീസ് വെടിവയ്പിൽ പരുക്കേററവരിൽ രണ്ടുപേർകൂടി മരിച്ചിരിക്കുന്നു. മരിച്ചവരുടെ എണ്ണം ആകെ ൮ ആയിട്ടുണ്ട്.

—ം—

# എൻ. എസ്. എസ്. ഡയറക്ടർബോർഡ് യോഗം

## സ്വാതന്ത്ര്യപ്രഖ്യാപനത്തെപ്പററിയുള്ള പ്രമേയം അദ്ധ്യക്ഷൻ റൂളൗട്ടുചെയ്തു—റൂളൗട്ടുചെയ്തതിൽ ചിലമെമ്പറന്മാർ വാക്കൗട്ടുനടത്തി

## വാക്കൗട്ട്നടത്തിയ മെമ്പറന്മാർ തിരുവിതാംകൂർ ഗവമ്മെൻറിനു പിൻതുണ വാഗ്ദാനംചെയ്യുന്നു

(എ. പി. ഐ)

തിരുവനന്തപുരം, ജൂൺ ൨൨—നായർ സർവീസ് സൊസൈററിയുടെ ചങ്ങനാശേരിയിലുള്ള ഹെഡ്ആഫീസിൽവച്ച് ഇന്നു വൈകിട്ട് ഡയറക്ടർബോർഡ് സമ്മേളിച്ചു. പ്രതീക്ഷിക്കപ്പെട്ടിരുന്ന ൧൫ പേരിൽ ൧൩ പേർ സന്നിഹിതരായിരുന്നു. പ്രോഗ്രാമിലെ നാലു പരിപാടികൾക്കുശേഷം തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യപ്രഖ്യാപനത്തെ സ്വാഗതം ചെയ്തുകൊണ്ടുള്ള ഒരു പ്രമേയം മി. എം. എൻ. ഗോവിന്ദൻനായർ അവതരിപ്പിച്ചു. മി. കെ. എൻ. നീലകണ്ഠക്കയ്മൾ പ്രമേയത്തെ പിന്താങ്ങുകയും മി. വരകപ്പള്ളിൽ കേശവപിള്ള അനുകൂലിക്കുകയുംചെയ്തു. അപ്പോൾ നായർസർവീസ്സൊസൈററി ജനറൽബാഡിമീററിംഗിൽ പാസ്സാക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയപ്രമേയം അനുസരിച്ച് ഈ പ്രമേയം ഒരു രാഷ്ട്രീയസംഗതി ഉൾക്കൊള്ളുന്നതായതിനാൽ ബോർഡുമീററിംഗിൽ പരിഗണിക്കപ്പെടേണ്ടതല്ലെന്ന കാരണത്താൽ പ്രസിഡൻറ പ്രമേയം റൂൾഔട്ടുചെയ്തു. പ്രമേയം അവതരിപ്പിക്കുന്നതിനുമുൻപ് അതേപ്പററിയുള്ള ഔപചാരികചർച്ചയ്ക്കു പ്രസിഡൻറ അനുവദിച്ചിരുന്നുഎന്നും പ്രമേയം അവതരിപ്പിക്കുവാൻ അനുവദിച്ചു എന്നും ഔപചാരികചർച്ചകൾക്കുശേഷം സ്ഥാപകാംഗങ്ങളും മററുള്ളവരുമായി പ്രസിഡൻറ് ആലോചന നടത്തിയെന്നും പിന്നീട് പ്രമേയം അവതരിപ്പിച്ചപ്പോൾ അദ്ദേഹം അതിനെ റൂൾഔട്ടുചെയ്യുകയാണുണ്ടായതെന്നും മി. ടി. പി. വേലായുധൻ പിള്ള ഒരു പ്രസ്താവനചെയ്തു. അദ്ധ്യക്ഷൻെറ വ്യവസ്ഥാപിതമല്ലാത്ത പ്രവൃത്തികൾമൂലം താഴെ പറയുന്ന അംഗങ്ങൾ സമ്മേളനസമയത്തു് ഇറങ്ങിപ്പോകുകയുണ്ടായി.

മെ: ടി. പി. വേലായുധൻപിള്ള, കെ. ജി. കേശവൻനായർ, എം. എൻ. ഗോവിന്ദപ്പിള്ള വരകപ്പള്ളിൽ കേശവപിള്ള, കെ. എൻ. നീലകണ്ഠക്കയ്മൾ, സി. കെ. ശങ്കരപ്പിള്ള, കെ. ആർ. നീലകണ്ഠപ്പിള്ള. ഈ ഏഴുപേർ ഒപ്പിട്ട് ഇപ്രകാരം ഒരു പ്രസ്താവന ചെയ്തിരിക്കുന്നു:—

നായർസർവീസ്സൊസൈററി ഡയറക്ടർബോർഡ് അംഗങ്ങളായ ഞങ്ങൾ ഞങ്ങൾക്കുവേണ്ടിയും ഞങ്ങളുടെ അധികാരപരിധിയിൽ ഉൾപ്പെട്ട പല നായർകരയോഗങ്ങൾക്കുവേണ്ടിയും തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യസമരത്തിൽ ഞങ്ങൾ സർവ്വാത്മനാ മഹാരാജാവുതിരുമനസ്സിലെ പിന്നിൽ നിൽക്കുമെന്ന് ഉറപ്പുപറയുന്നു.

### പുതിയ ഖജാൻജിയെ തിരഞ്ഞെടുത്തു

ചങ്ങനാശേരി, മിഥുനം ൮-ഞങ്ങളുടെ സ്വന്തംലേഖകൻ ഇപ്രകാരം റിപ്പോർട്ടുചെയ്യുന്നു:- എൻ. എസ്സ്. എസ്സ്. ഡയറക്ടർബോർഡിൻെറ ഒരു യോഗം ഇന്നുച്ചയ്ക്കുശേഷം ഹെഡാഫീസ്കെട്ടിടത്തിൽവച്ച് സ്ഥിരംപ്രസിഡണ്ടു മി: എൻ ഗോവിന്ദമേനവൻെറ അദ്ധ്യക്ഷതയിൽ കൂടി. ൧൫ മെമ്പറന്മാർ ഹാജരുണ്ടായിരുന്നു. പ്രീയൂണിവേഴ്സിററിസ്കൂൾനടത്തിപ്പ്, അദ്ധ്യാപകന്മാർക്ക്ശമ്പളപരിഷ്കാരം മുതലായ സാധാരണനടപടികൾക്കു പുറമേ ഖജാൻജി മി: എം. എൻ. ഗോവിന്ദൻനായരുടെ രാജിക്കാര്യവും ബോർഡു പര്യാലോചിക്കയുണ്ടായി. രാജിക്കത്തിൽ പറയുന്ന സംഗതികളോടു വിയോജിച്ചുകൊണ്ടു രാജിസ്വീകരിക്കുകയും പകരം മി: വാൽപ്പാറയിൽ നാരായണൻനായരെ ഖജാൻജിയായി തിരഞ്ഞെടുക്കുകയുംചെയ്തു. നോട്ടീസിൽ പ്രസ്താവിച്ചിരുന്ന പര പാടികൾ അവസാനിച്ചപ്പോൾ തിരുവിതാംകൂർ സ്വതന്ത്രമായി നിൽക്കണമെന്നുള്ള അഭിപ്രായത്തെ ബോർഡു സ്വാഗതംചെയ്യുന്നതായി ഒരു പ്രമേയം മി: എം. എൻ. ഗോവിന്ദൻനായർ ഹാജരാക്കി. മി. കെ. എൻ. നീലകണ്ഠക്കയ്മൾ പിൻതാങ്ങി. ഈ പ്രമേയം നോട്ടീസില്ലാത്ത ഒരു കാര്യമായതുകൊണ്ടും തികച്ചും രാഷ്ട്രീയമായതുകൊണ്ടും അവതരിപ്പിക്കാൻ പാടില്ലെന്ന് പ്രസിഡൻറ റൂൾഔട്ടുചെയ്തു. ഈ ഘട്ടത്തിൽ യോഗനടപടിയെ പ്രതിഷേധിക്കുന്നതായി പ്രസ്താവിച്ചുകൊണ്ട് മി. ടി. പി. വേലായുധൻപിള്ളയും അദ്ദേഹത്തിൻെറ അഭിപ്രായത്തെ അനുകൂലിക്കുന്നതായി പ്രസ്താവിച്ചുകൊണ്ട് മെ: കെ. ആർ. നീലകണ്ഠപ്പിള്ള, കെ. എൻ. നീലകണ്ഠക്കയ്മൾ എന്നിവരും വാക്കൗട്ടുനടത്തി. അതേത്തുടർന്നു മററു നാലുപേരുംകൂടി ഹാൾവിട്ടിറങ്ങിപ്പോയി. ശേഷമുള്ള ഏട്ടുപേർ ശാന്തരായിരുന്ന് സഭാനടപടികൾ പൂർത്തിയാക്കി. യോഗം വൈകിട്ടു ആറുമണിക്കു പിരിഞ്ഞു.

—ം—

## ഗവമ്മെൻറിൽനിന്നു നിർദ്ദേശം

—ം—

### സെൻട്രൽസർവീസ് വകുപ്പദ്ധ്യക്ഷന്മാർക്ക്

മദ്രാസ് ജൂൺ ൨൧—റെയിൽവേപോസ്റ്റ് ടെലഗ്രാഫ് മുതലായി ഈ പ്രാവിൻസിലുള്ള സെൻട്രൽസർവീസിലെ ഡിപ്പാർട്ടുമെൻറമേലദ്ധ്യക്ഷന്മാർക്ക് അവരുടെ ഡിപ്പാർട്ടുമെൻറിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും പാകിസ്ഥാനിലോ ബാക്കി ഇൻഡ്യയിലോ ഏതിലാണ് സേവനമനുഷ്ഠിക്കുവാനാഗ്രഹിക്കുന്നതെന്ന് സ്വയം തീർച്ചയാക്കുവാനുള്ള അവകാശം വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ ലഭിച്ചിരിക്കുന്നതായറിയുന്നു.

### കൽക്കത്തായിലും വിജ്ഞാപനം ലഭിച്ചു

കൽക്കട്ടാ ജൂൺ ൨൧—ഇൻഡ്യാഗവമ്മെൻറിൽനിന്നു ലഭിച്ച നിർദ്ദേശങ്ങളനുസരിച്ച് റെയിൽവേ ഉദ്യോഗസ്ഥന്മാർ പാകിസ്ഥാനിലോ ബാക്കി ഇൻഡ്യയിലോ ഏതിലാണ് സേവനമനുഷ്ഠിക്കുവാനുദ്ദേശിക്കുന്നതെന്നുള്ളതു് പ്രഖ്യാപിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതായി കൽക്കട്ടാ റെയിൽവേകളുടെ പബ്ളിക്ക് റിലേഷൻസ് ആഫീസർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു വിജ്ഞാപനത്തിൽ പറയുന്നു.

—ം—

## മി: അബ്ദുള്ളാനൂറൾ ഹക്കിൻെറ പ്രസ്താവന

ഗൗഹാതി, ജൂൺ ൨൦—ആസാംസംസ്ഥാന മുസ്ലിംലീഗ് അദ്ധ്യക്ഷനായ അബ്ദുള്ളാനൂറൾഹക്ക് ഒരു പത്രപ്രസ്താവനയിൽ അടുത്ത റെഫെറണ്ടത്തിൽ സിൽഹെററിനെ കിഴക്കേബംഗാളു നോടു ചേർക്കുവാൻവേണ്ടി വോട്ടുചെയ്യണമെന്ന് സിൽഹെററ്ജനതയോടു അഭ്യർത്ഥിക്കുന്നു. സിൽഹെററ് മുമ്പ് ആസാംവാലിയുടെ ഒരു ഭാഗമായിരുന്നില്ല. അതു് ആസാമിനോടു കൂട്ടിച്ചേർത്തതാണ് (എ. പി.)

# സ്വാതന്ത്ര്യപ്രഖ്യാപനവും യു. എസ്സ്-ലെ താല്പര്യവും

—ം—

വാഷിംഗ്ടൺ ജൂൺ ൨൧—മെയിൽ പത്രത്തിൻെറ വാഷിംഗ്ടൺ ലേഖകൻ ആ പത്രത്തിനയച്ച റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു. ആഗസ്റ്റ് ൧൫-ാനു- ഇൻഡ്യയിൽനിന്ന് ബ്രിട്ടീഷ് അധികാരം പിൻവാങ്ങുന്നതിനെ തുടർന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാനുള്ള തിരുവിതാംകൂർഗവമ്മെൻറിൻെറ തീരുമാനത്തിനും സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിനുള്ള ചില നാട്ടുരാജ്യങ്ങളുടെ നിലയെ അനുകൂലിച്ചുകൊണ്ട് അഖിലേന്ത്യാ മുസ്ലീംലീഗു പ്രസിഡൻറ് മി. എം. ഏ. ജിന്നാ പുറപ്പെടുവിച്ച പ്രസ്താവനയ്ക്കും അമേരിക്കൻ പത്രങ്ങളിൽ ധാരാളം പ്രചാരം ലഭിച്ചുവരുന്നു.

ഏതെങ്കിലും നാട്ടുരാജ്യത്തിൻെറ സ്വാതന്ത്ര്യത്തെ ഒരു വിദേശശക്തി അംഗീകരിച്ചാൽ അതു് ഒരു സൗഹാർദ്ദവിരുദ്ധനടപടിയായി കരുതുമെന്നുള്ള ഇന്ത്യൻ ഇടക്കാലഗവമ്മെൻറിലെ വൈസ്പ്രസിഡൻറായ പണ്ഡിതനെഹ്റുവിൻെറ പ്രസ്താവനയിൽ അമേരിക്കൻ കാൺഗ്രസ്സ കേന്ദ്രങ്ങൾക്ക് കലുക്കമൊന്നുമില്ലെന്ന് എനിക്കു പറയാൻകഴിയും.

തങ്ങളുടെ സ്വതന്ത്രപദവി അംഗീകരിക്കുന്നതിനോ നയതന്ത്രബന്ധം സ്ഥാപിക്കുന്നതിനോ ഹൈദരാബാദ ഗവമ്മെൻറിൽനിന്നോ തിരുവിതാംകൂർഗവമ്മെൻറിൽനിന്നോ ഇതുവരെ സ്റ്റേററഡിപ്പാർട്ടുമെൻറിന് അപേക്ഷ ലഭിച്ചിട്ടില്ലെങ്കിലും അങ്ങനെ അപേക്ഷകൾ ലഭിച്ചാൽ അവയ്ക്കു ഏററവും കാര്യമായി പരിഗണന ലഭിക്കുന്നതാണ്. ഈയിടെയുണ്ടായ നീപ്പാളീസ്—അമേരിക്കൻ വ്യാപാര ഉടമ്പടി ഈ വാദത്തിനനുകൂലമായി ഉദ്ധരിക്കപ്പെടുന്നു.

—ം—

## സ്റ്റേററുകളിലെ റെസിഡൻസി നിത്തുമ്പോൾ

—ം—

### പ്രവിശ്യാഗവമ്മെൻറുകൾ നേരിട്ടു ഇടപാടു നടത്തണം

ലക്നൗ, ജൂൺ ൨൧ ഇന്ത്യൻനാട്ടുരാജ്യങ്ങളിലെ പൊളിററിക്കൽ ഏജൻസികളും റെസിഡൻസികളും നിത്തലാക്കിയതിനുശേഷം പ്രവിശ്യാഗവമ്മെൻറുകൾ നാട്ടുരാജ്യങ്ങളുമായി നേരിട്ട് ഇടപാടു നടത്തണമെന്നു ഇന്ത്യാഗവമ്മെൻറ ഐക്യസംസ്ഥാനഗവമ്മെൻറിനെ അറിയിച്ചിരിക്കുന്നു. (എ. പി.)

—ം—

## പാകിസ്ഥാൻ അറബിലീഗിൻെറ ഭാഗമല്ല

വാഷിംഗ്ടൺ ജൂൺ ൨൧—അറബിലീഗിൻെറ സെക്രട്ടറി ജനറലായ ആസാംപാഷാ ഒരു പ്രസ്സ് കാൺഫറൻസിൽ പ്രസ്താവിച്ചതു് പാകിസ്ഥാൻ എന്ന മുസ്ലീംരാജ്യം അറബിലീഗിൻെറ ഒരു ഭാഗമായിരിക്കയില്ലെന്നാണ്. ഈ ലീഗിൻെറ 'അറബിത്വം' സമ്മതപരമൊ വർഗ്ഗപരമൊആയ ബന്ധങ്ങളെക്കാൾ കൂടുതലായി സംസ്കാരപരമായ ബന്ധങ്ങളിൽ അധിഷ്ഠിതമാണ്. പാകിസ്ഥാൻ ഒരു അറബിരാജ്യമല്ലാത്തതിനാൽ അതു് അറബിലീഗിൻെറ ഭാഗമായിരിക്കയില്ല. ഇങ്ങനെ ഒരു ചോദ്യം ഉണ്ടായതിൽ ആശ്ചര്യം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞതു് ഞങ്ങൾ ഒരു ഓറിയൻറ്ലീഗോ മുസ്ലീംലീഗൊ സൃഷ്ടിക്കയല്ലെന്നാണ്.

(റായിട്ടർ)

—ം—

## ഹംഗേറിയൻപ്രസിഡൻറിൻെറ രാജി

ജിനീവാ, ജൂൺ-൨൧ ഹംഗേറിയൻപ്രസിഡൻറായ സോൾട്ടൻടിൽഡി മന്ത്രിസഭയുടെ ഒരു വിശേഷാൽയോഗത്തിൽ തൻെറ രാജി സമർപ്പിക്കാമെന്നു് പറഞ്ഞിരിക്കുന്നതായി ഹംഗേറിയൻമന്ത്രിസഭയുടെ ഒരു പ്രമുഖനേതാവായിരുന്ന മി. ലിസോജെക്ളി ഇന്നു് ജിനീവായിൽവച്ചു് പ്രസ്താവിച്ചിരിക്കുന്നു. ഹംഗേറിയൻമന്ത്രിസഭ രാജി സ്വീകരിക്കുവാൻ വിസമ്മതിച്ചു. പ്രസിഡൻറ് ടിൽഡി രാഷ്ട്രീയസ്ഥിതിഗതികളുടെ തീക്ഷ്ണതയെ വഷളിപ്പിക്കാതിരിക്കുവാൻ ഏതാനംദിവസത്തേയ്ക്കുകൂടി ഉദ്യോഗത്തിൽ തുടരുന്നതാണു്. (റായിട്ടർ)

—o—

## കത്തോലിക്കാകാൺഗ്രസ്സിൻെറ തീരുമാനം

എറണാകുളം ജൂൺ ൨൨—ഞങ്ങളുടെ എറണാകുളം ലേഖകൻ ഇപ്രകാരം കമ്പിയടിക്കുന്നു: കത്തോലിക്കാ കാൺഗ്രസ്സ് എക്സിക്യൂട്ടീവ് സർ സി. പി. രാമസ്വാമിഅയ്യരുടെ സ്വാതന്ത്ര്യ ആശയത്തിൽ പ്രതിഷേധിച്ചും സമരത്തിൽ സ്റ്റേറ്റ്കാൺഗ്രസ്സിനു് പിൻതുണ നൽകിയും പ്രമേയം പാസ്സാക്കിയിരിക്കുന്നു. കത്തോലിക്കാകാൺഗ്രസ്സിൽനിന്നു നീക്കം ചെയ്യപ്പെട്ട മി: ജോസഫ് ചാഴിക്കാടൻ പ്രൈമറിമെമ്പർസ്ഥാനം രാജിവച്ചിരിക്കുന്നു.

—o—

# ദിവാൻജിയുടെ മറുപടി

## സ്റ്റേറ്റ് കാൺഗ്രസ്സിൻെറ പ്രത്യക്ഷസമരത്തിനു് ഇന്ത്യൻ നാഷനൽകാൺഗ്രസ്സിൻെറ പിന്തുണയുണ്ടെന്നുള്ള മി: പട്ടത്തിൻെറ പ്രസ്താവനയ്ക്കു്

തിരുവനന്തപുരം, ജൂൺ ൨൨ — ദിവാൻസചിവോത്തമ സർ സി പി. രാമസ്വാമിഅയ്യർ ഇന്നു ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:—താൻ ഉദ്ദേശിക്കുന്ന പ്രത്യക്ഷസമരപരിപാടികൾക്കു ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിൻെറ പിൻതുണ ലഭിച്ചിട്ടുണ്ടെന്നു തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ്സ് പ്രസിഡൻറ് മി. താണുപിള്ള പ്രഖ്യാപിച്ചിരിക്കുന്നതായി റിപ്പോർട്ടു് ചെയ്യപ്പെടുന്നു. ഞാൻ നേരത്തെതന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ തിരുവിതാംകൂർ ഈ വെല്ലുവിളിയെ സ്വീകരിക്കും. സായുധസേനകളെയോ ഈ രാജ്യത്തെ പോലീസിനെപോലുമൊ — അതിൻെറ സംഖ്യ കുറവാണെന്നുള്ളതു് മി: താണുപിള്ള അവരെയോടെ പരാമർശിച്ചിട്ടുള്ളതാണേല്ലോ — ഉപയോഗിക്കാതെ ഈ പ്രസ്ഥാനം സ്വാതന്ത്ര്യത്തിനുവേണ്ടി അത്യുത്ഭുതമായ വേഗതയോടെ സംഘടിതമായിക്കഴിഞ്ഞ പൊതുജനാഭിപ്രായശക്തികൊണ്ടുമാത്രം നശിപ്പിക്കുവാൻ സാധിക്കുമെന്നു എനിക്കു വിശ്വാസമുണ്ടു്. പ്രത്യക്ഷസമരം തുടങ്ങുന്നു എങ്കിൽ മി. താണുപിള്ളയുടെയും അദ്ദേഹത്തിൻെറ അനുയായികളുടെയുംനില അസൂയാവഹമായിരിക്കയില്ല. തിരുവിതാംകൂർസ്റ്റേറ്റുകാൺഗ്രസ്സ് നേതാക്കന്മാരെപ്പോലെയുള്ള വിദഗ്ദ്ധരാഷ്ട്രീയകാര്യജ്ഞന്മാർ തങ്ങളുടെ തെറ്റു മനസ്സിലാക്കി തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യം നടപ്പിൽവരുത്തുവാൻ തിരുമനസ്സിലെ ഗവൺമെൻറുമായി ഒരു സഹകരണനയം അവലംബിക്കത്തക്കവിധം കാൺഗ്രസ്സിൻെറ പ്രത്യേകവാദങ്ങളും സ്ഥിരതയില്ലായ്മയും വിദേശഏജൻസികളെ സഹായത്തിനു വിളിക്കുന്ന തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസ്സിൻെറ രാജ്യദ്രോഹപരമായ യത്നങ്ങളും ഉണ്ടാക്കിയിട്ടുള്ള ഈർഷ്യ സ്വയം പ്രകാശിതമാകുമെന്നു് എനിക്കുറപ്പുണ്ടു്. (എ. പി.)

—o—

## മി: ഹെൻറിഗ്രേഡി എറണാകുളത്തു്

എറണാകുളം, ജൂൺ ൨൧—ഇൻഡ്യയിലെ അമേരിക്കൻ പ്രതിപുരുഷനായി നിയമിക്കപ്പെട്ട മി. ഹെൻറി എഫ്. ഗ്രേഡി എസ്സ്. എസ്. പ്രസിഡൻറ് പോൾക്ക് എന്ന സ്റ്റീമറിൽ ഇവിടെയെത്തിയിരിക്കുന്നു. മി. ഗ്രേഡി ഈ സ്റ്റീമറിൽ നാളെ ബോംബെയ്ക്കു പുറപ്പെടുന്നതും അവിടെനിന്നു അദ്ദേഹം ഡെൽഹിയിലേക്കു പോകുന്നതും ആണു്. കൊച്ചിയിലെ ഇൻഫർമേഷൻഡയറക്ടർ മി: ഗ്രേഡിയെ സന്ദർശിച്ചു കൊച്ചിയുടെ ആശംസകൾ അദ്ദേഹത്തെ അറിയിച്ചു. (എ. പി.)

—o—

## പെർഷ്യൻമന്ത്രിമാരുടെ രാജി

ടെഹറാൻ, ജൂൺ ൧൯—പെർഷ്യൻമന്ത്രിസഭാംഗങ്ങൾ ഇന്നുച്ചകഴിഞ്ഞു് അവരുടെ ഒന്നിച്ചുള്ള രാജി പ്രധാനമന്ത്രി ഗവാം ഈ സുൽട്ടാനെയ്ക്കു് സമർപ്പിച്ചിരിക്കുന്നുവെന്നു ഇവിടുത്തെ ഔദ്യോഗികകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. പുതിയ മന്ത്രിസഭ രൂപീകരിക്കുവാൻ ഗവാമിനോടു് ഷാ ആവശ്യപ്പെട്ടതായും ചില അനൗദ്യോഗികകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. (റായിട്ടർ)

—o—

## റീവായിൽ ഫീസ്സ് നിർത്തൽചെയ്തു

—o—

### വിദ്യാലയങ്ങളിൽ

റീവാ, ജൂൺ-൨൨-റീവാസംസ്ഥാനത്തു് ഹൈസ്ക്കൂൾക്ലാസ്സുൾപ്പെടെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും വരുന്ന ജൂലൈമുതൽ ഫീസ്സ് നിർത്തലാക്കിയിരിക്കുന്നു എന്നു് ഇൻഫർമേഷൻ ആഫീസർ പ്രസ്താവിക്കുന്നു. (എ-പി)

—o—

### തിരുവനന്തപുരം

മിഥുനം ൨—തിരുവനന്തപുരത്തെ അഡ്വക്കേറ്റ് മി. വി. എസ്. കൃഷ്ണപിള്ള തിരുവനന്തപുരം റേഡിയോയിൽനിന്നു മിഥുനം ൯-ാംതീയതി തിങ്കളാഴ്ച, വൈകുന്നേരം ൭-൩൦-നു് 'സ്വതന്ത്രതിരുവിതാംകൂറി'നെപ്പറ്റി പ്രക്ഷേപണം നടത്തുന്നതാണു്. മി. എം. ആർ. രാമകൃഷ്ണപിള്ള അതേവിഷയത്തെപ്പറ്റി ൭-൪൫-നു മറ്റൊരു പ്രക്ഷേപണം നടത്തുന്നതാണു്.

അമ്പലപ്പുഴ സ്റ്റേറ്റ്കാൺഗ്രസ്സ് ഡിവിഷൻകമ്മിററിമെമ്പറായ മി. ജാർജ്ജ് കല്ലുവന സ്റ്റേ: കാൺഗ്രസ്സിൻെറ ഇപ്പോഴത്തെ നയത്തിൽ പ്രതിഷേധിച്ചു് കമ്മിററിയിലെ മെമ്പർഷിപ്പു് രാജിവച്ചിരിക്കുന്നു. (സ്വ. ലേ)

—o—

## പഞ്ചാബ് ഗവർണ്ണറിലവിശ്വാസം

### ലീഗ്അസംബ്ളിക്കക്ഷിയുടെ പ്രമേയം

ലാഹോർ, ജൂൺ-൨൧ പഞ്ചാബ് ഗവർണ്ണറായ സർ ഇവാൻജെങ്കിൻസിൻെറ പക്ഷഭേദനയത്തെ പരിഗണിച്ചു് മുസ്ലീങ്ങൾക്കു് വിശ്വാസമില്ലെന്നു് രേഖപ്പെടുത്തിയും തങ്ങളുടെ ഭാവിഭാഗധേയത്തെ നിർണ്ണയിക്കുന്ന ഈ സുപ്രധാനദിനങ്ങളിൽ സർ ഇവാൻജെങ്കിൻസിനെ പിൻവലിക്കുവാൻ ഗവർണ്ണർജനറാലോടാവശ്യപ്പെട്ടും പഞ്ചാബ് മുസ്ലീംലീഗ് അസംബ്ളിക്കക്ഷി ഇന്നു് ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു. ഗവർണ്ണർക്കെതിരായുള്ള പഞ്ചാബ് മുസ്ലീങ്ങളുടെ അഭിപ്രായങ്ങൾ മി. ജിന്നായെ ധരിപ്പിക്കുന്നതിലേക്കു് മാലിക് ഫിറോസ്ഖാൻനൂൺ, മിയാൻമംടസ് ഡൗലറാനാ, മൗലാനാ ദാവൂദ്ഗസ്നവി എന്നിവരുൾപ്പെടെ ഒരു സബ്ബ കമ്മിററിയെ ഇന്നത്തെ യോഗം നിയമിച്ചിരിക്കുന്നു.

—o—

## ഫെറോസ്പൂരിൽ ബാംബുപൊട്ടി

ഫെറോസ്പൂർ ജൂൺ ൨൧—ഇവിടെനിന്നു അഞ്ചുമൈലകലെയുള്ള ഒരു ഗ്രാമത്തിൽ യാദൃച്ഛികമായി ഉണ്ടായ ബാംബുപൊട്ടലിനെത്തുടർന്നു് രണ്ടു കുട്ടികൾ കൊല്ലപ്പെടുകയും രണ്ടു സ്ത്രീകളുൾപ്പെടെ ൩ പേർക്കു ഗുരുതരമായ പരുക്കേൽക്കയും ചെയ്തു. ഇവർ കളിച്ചുകൊണ്ടു നിൽക്കുമ്പോൾ ഉപേക്ഷിക്കപ്പെട്ട ഒരു സൈനികബാംബു കണ്ടു തമാശയ്ക്കു അതിലൊന്നു് ആ ബാംബിനു ഒരു തീ കൊളുത്തിവച്ചു. വലിയ മുഴക്കത്തോടെ അതു പൊട്ടി. പരുക്കേററവരെ ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി. പോലീസ് അന്വേഷണങ്ങൾ തുടരുന്നു.

### ലാഹൂറിലും ബാംബുപൊട്ടി

ലാഹൂർ ജൂൺ ൨൧—ഒരു മതക്കാറികമ്പോളത്തിലുണ്ടായ ബാംബുപൊട്ടലിൽ ൧ പേർ കൊല്ലപ്പെടുകയും ൪-ൽ പരമാളുകൾക്കു് പരുക്കേൽക്കയും ചെയ്തു. മോച്ചിഗേററിനു സമീപം അനിയന്ത്രിതമായിതീർന്ന ഒരു ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസിനും പട്ടാളത്തിനും അനേകം ചുററുവെടി വയ്ക്കേണ്ടിവന്നു. അവർ ഒരു ബസ് തടഞ്ഞു അതിലുണ്ടായിരുന്ന ഇതരസമുദായക്കാരായ യാത്രക്കാരെ വലിച്ചിഴച്ചു് കുത്തുകയുണ്ടായി. ഇതിനകം പോലീസും പട്ടാളവും സ്ഥലത്തെത്തി വെടിവച്ചു.

ഒരു വണ്ടിയിൽ മറെറാരു സ്ഥലത്തേക്കു് കൊണ്ടുപോയ ഡസനോളം ബാംബുകൾ പോലീസ് പിടിച്ചെടുത്തു.

### കൽക്കട്ടായിലും അനിഷ്ടസംഭവങ്ങൾ

കൽക്കട്ടാ, ജൂൺ-൨൧ ഇന്നുവൈകുന്നേരം ൬-മണിവരെ ഇവിടെ ൪-അനിഷ്ടസംഭവങ്ങൾ ഉണ്ടായി. ടൽടോളാപ്രദേശത്തെ ഒരു പൊട്ടലും ഇതിലുൾപ്പെടുന്നു. മററുള്ളവ മറവപ്രയോഗങ്ങളായിരുന്നു. ൧൯-പേരെ അറസ്ററുചെയ്തു.

### അമൃതസരസ്സിൽ ബാംബുപ്രയോഗം

അമൃതസരസ്സ്, ജൂൺ-൨൧ കത്രാഹസംറായിൽ വിരുദ്ധകക്ഷിക്കാരായ രണ്ടുജനക്കൂട്ടം ഇന്നുകാലത്തു് പരസ്പരം നാടൻബാംബുകൾ പ്രയോഗിച്ചപ്പോൾ നഗരത്തിൽ വീണ്ടും വർഗ്ഗീയഅസ്വാസ്ഥ്യം ആരംഭിച്ചു. ഒരു കാൺസ്റ്റബിളിൻെറനേർക്കു് ബാംബെറിഞ്ഞതോടെയാണു് കലഹമാരംഭിച്ചതു്. അയാൾ അഭയംതേടാൻ ശ്രമിച്ചെങ്കിലും വെടിവയ്ക്കുകയാൽ പരുക്കേൽക്കുകയുണ്ടായി. പിന്നീടു് മററുസ്ഥലങ്ങളിലേയ്ക്കും കലക്കം വ്യാപിച്ചു. പോലീസും പട്ടാളവും സ്ഥലത്തെത്തി വെടിവച്ചു.

ലാഹൂറിൽ ഏകദേശം ൧൦ം വീടുകൾ വെന്തെരിഞ്ഞു.

—:*:—

# മാർഷൽപദ്ധതി ചർച്ചചെയ്യാൻ റഷ്യയ്ക്കു ക്ഷണം

## സോവിയററ് ഗവമ്മെൻറ് സ്വീകരിക്കുമോയെന്ന ചോദ്യം

മാസ്ക്കോ, ജൂൺ ൨൧—യൂറോപ്പിനു് സഹായം നൽകുന്നതിനുള്ള മാർഷൽപദ്ധതിയെപ്പററി അടുത്തവാരം മെ. ബെവിനും ബിഡോൾട്ടുമായി സംഭാഷണം നടത്തുവാൻ അയച്ച ക്ഷണം റഷ്യാക്കാർ സ്വീകരിക്കുമോയെന്നു ലോകത്തിനു ഇതേവരെ തിട്ടമില്ലാതാണിരിക്കുന്നതെന്നു് റായിട്ടർലേഖകൻ കേബിൾചെയ്യുന്നു. ഇതു സോവിയററുതലസ്ഥാനത്തെ ഏററവും വലിയ പ്രശ്നമായിരിക്കുന്നു. കഴിഞ്ഞവാരം സോവിയററുതലസ്ഥാനത്തിൽ ഇതുസംബന്ധിച്ചു് തീക്ഷ്ണമായ നയതന്ത്രപ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. മൊളൊട്ടോവിനുള്ള ബ്രിട്ടീഷും ഫ്രഞ്ചും ക്ഷണങ്ങളെപ്പററി സോവിയററുഗവമ്മെൻറ് ഇപ്പോഴും പര്യാലോചന നടത്തിക്കൊണ്ടിരിക്കുന്നതായി റഷ്യൻ ഔദ്യോഗികന്യൂസ്ഏജൻസിയായ ടാസ് പ്രസ്താവിച്ചപ്പോഴാണു് റഷ്യാക്കാർ പത്രങ്ങളിൽ ആദ്യമായി ഈ വാർത്തതന്നെ വായിക്കുന്നതു്. പാരിസ് സംഭാഷണങ്ങളേയും അതേത്തുടർന്നു് മാസ്ക്കോയിൽവച്ചു് നടന്ന ഫ്രാങ്കോ-ബ്രിട്ടീഷ് നയതന്ത്രബന്ധങ്ങളേയും തുടർന്നുള്ള ഈ ക്ഷണത്തിൻെറ കാര്യംതന്നെ സോവിയററുഗവമ്മെൻറ് ഇതു സ്വീകരിക്കുമെന്നുള്ളതിനു സൂചനയായിരിക്കുന്നു. മാർഷൽപദ്ധതിയെപ്പററി കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനു് സോവിയററുഗവമ്മെൻറിനു താല്പര്യമുള്ളതായി എം. മൊളോട്ടോവ് ബ്രിട്ടീഷ് പ്രതിപുരുഷാലയത്തെ ധരിപ്പിച്ചു.

വൈററ്റഷ്യയ്ക്കും യുക്രെയിനുമുള്ള അൺറാസഹായം ഈ മാസത്തിൽ അവസാനിക്കുന്നു. കഴിഞ്ഞ ൧൬ മാസക്കാലത്തു് യുക്രെയിനുമാത്രമുള്ള അൺറാസഹായം ൧൯ കോടി ഡാളർ വിലയ്ക്കുള്ള നാലുലക്ഷത്തിൽപരം ടൺ സാധനങ്ങൾ വരുന്നതാണു്. ഈ രണ്ടു റിപ്പബ്ളിക്കുകളെങ്കിലും യു. എസ്. സാമ്പത്തികസഹായത്തിൽ പ്രത്യേകിച്ചും താല്പര്യമുള്ളവരായിരിക്കുമെന്നു വിശ്വസിക്കപ്പെടുന്നു. (റായിട്ടർ)

—o—

## ദേശീയഭാഷ

—൪൦൪—

### ഇന്ത്യയ്ക്കു ഹിന്ദിയും പകിസ്ഥാനു് ഉർദുവും

വാർധ, ജൂൺ ൧—"പകിസ്ഥാൻ ഉർദു ദേശീയഭാഷയാക്കുന്നപക്ഷം ഇന്ത്യൻയൂണിയനിലെ ദേശീയവും ഔദ്യോഗികവുമായ ഭാഷ ഹിന്ദിആക്കുന്നതിനുള്ള പ്രസ്ഥാനത്തെ തടയാൻ പ്രയാസമാണു്," എന്നിപ്രകാരമാണു് അഖിലേന്ത്യാഹിന്ദുസ്ഥാനി പ്രചാരസഭാസെക്രട്ടറിയായ പ്രിൻസിപ്പാൾ അഗർവാൾ മഹാത്മജിയേയും ഡാക്ടർ രാജേന്ദ്രപ്രസാദിനേയും സന്ദർശിച്ചശേഷം ഡെൽഹിയിൽനിന്നു തിരിച്ചെത്തിയതിനെത്തുടർന്നു പ്രസ്താവിച്ചതു്. (എ. പി.)

—o—

## ഡാ: പി. സി. ഘോഷ്

—o—

### പശ്ചിമബംഗാൾ കാൺഗ്രസ്സ് അസംബ്ളിക്കക്ഷിനേതാവു്

കൽക്കട്ടാ, ജൂൺ-൨൨ ഇന്നുനടന്ന കാൺഗ്രസ്സ് അസംബ്ളിക്കക്ഷിസമ്മേളനത്തിൽവച്ചു് കാൺഗ്രസ്സ് പ്രവർത്തകസമിതിഅംഗമായ ഡാ. പി. സി. ഘോഷിനെ പശ്ചിമബംഗാൾ കാൺഗ്രസ്സ് അസംബ്ളി പാർട്ടിനേതാവായി (അമുസ്ലീംഭൂരിപക്ഷപ്രദേശം) ഐകകണ്ഠ്യേന തെരഞ്ഞെടുത്തിരിക്കുന്നു:— (എ-പി)

—o—

## ടർക്കിയിലെ യു. എസ്സ്. പ്രതിപുരുഷൻ

വാഷിംഗ്ടൺ, ജൂൺ 19—പ്രസിഡൻറ് ട്രൂമൻ ടർക്കിയിലേക്കുള്ള യുണൈറ്റഡ്സ്റ്റേററ്സ് പ്രതിപുരുഷനെ നിയമിച്ചിരിക്കുന്നു.

—o—

ഗ്രന്ഥവിഹാരം

# ഗ്രാമീണഗീത

—*—

ഗ്രന്ഥകൎത്താ,
ഒ. നാണു, ഉപാദ്ധ്യായൻ
പ്രസാധനം
പ്രബോധിനീപ്രസാധീകരണശാല
തിരുവനന്തപുരം.

വില ൮ ണ.

"ചേറുണ്ടുള്ള കൃഷീവലന്റെ ചുമലിൽ ചായും നുകത്തണ്ടിലും, നാനാവിധം കൎമ്മമായി ലസിച്ചിട്ടുന്ന കവിതയെ വള്ളത്തോൾമഹാകവി കണ്ടിട്ട കാലം കുറെ ആയി. "പതഞ്ഞവെള്ളം പഥിവായിലൂടെ പായുന്ന കന്നാലിയെ മുൻനടത്തിനുകം കരക്കോലിവതോളിൽവച്ചു" പോകുന്ന ഉഴവന്റെ തനിച്ചിത്രത്തിൽ നിറമിട്ടുനിന്ന ആ മഹാകവിയുടെ കവിതാശിശു വീണ്ടും കരഞ്ഞുകേട്ടില്ല. ആ ശിശു ഉപാദ്ധ്യായശിക്ഷണത്തിൽപെട്ടു ഭാവമധുരങ്ങളായ ഗീതങ്ങൾ പുറപ്പെടുവിക്കുന്നതാണു് ഇതിൽനിന്നും കേൾക്കുന്നതു്. പണ്ടത്തെ വിശ്വാമിത്രസൃഷ്ടി കണ്വാശ്രമത്തിൽവച്ചു് വളൎച്ച പ്രാപിച്ചുകണ്ടതുപോലെയുള്ള ഒരു വിസ്മയത്തിനു നാം അധീനരായിപ്പോകുന്നു. കവിതയ്ക്കു അന്യാദൃശമായ പ്രേരണാപ്രഭാവമുണ്ടെന്നുള്ളതിൽ ആരും എതിരാകുമെന്നു തോന്നുന്നില്ല. മഹത്തായ ആ ചേതോവികാരത്തിനു സൎവ്വജനനീയത സംഭവിക്ക, അങ്ങനെ സൎവ്വവ്യാപകമായ ഒരു അഭിനിവേശം വളൎത്തുക സാഹിത്യത്തിന്റെ ഉദ്ദേശ്യകോണങ്ങളിൽ മികച്ചുനിൽക്കേണ്ടതാണു്. എന്നാൽ സാഹിത്യത്തിനു ഉദ്ദേശ്യമേ പാടില്ലെന്നുള്ള അഭിപ്രായക്കാരുണ്ടെന്നറിയാതെയല്ല ഈ പ്രസ്താവനയെല്ലാമുരുടുന്നതു്. സാഹിത്യം ബുദ്ധശാലയിലെ ആനന്ദസാധനമായി മാത്രം പ്രദൎശിപ്പിക്കപ്പെട്ടുപോന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിനു ജീവിതത്തോടു പറയത്തക്ക ബന്ധവുമൊന്നും അന്നില്ലായിരുന്നു. അന്നത്തെ ആ കളിക്കോപ്പിനെ ഇന്നത്തെ ജീവിതായോധനത്തിൽ അമോഘമായ ഒരു ആയുധമായി അഴിച്ചുപണിയിക്കാൻ കലാകാരനെ നിബ്ബന്ധിക്കുന്നു. അല്ലെങ്കിൽ അയാൾ നിൎബ്ബാധിതനായിത്തീരുന്നു.

ഈ പ്രതിസന്ധിഘട്ടത്തിന്റെ വിപ്ലവാത്മകമായ പ്രതിധ്വനി ഗ്രാമീണഗീതയെ സ്വരപ്പെടുത്തുന്നു. ആ ഗീതമാധുരി യാന്ത്രികപ്പരിഷ്കൃതികൊണ്ടു മുഖരിതമായ പട്ടണനടുത്തട്ടിൽ പ്രവഹിക്കേണ്ടതല്ല. "പരപുച്ഛവുമഭ്യസൂയയും ദുരയും ദുൎവ്യതിയാനസക്തിയുംകൊണ്ടു കെട്ടുപോയ നാഗരികനെ രസിപ്പിക്കാനുള്ളതുമല്ല. മാനവസമുദായനീതിയാൽ അപഹൃതസൎവ്വസ്വരായി അവശതയനുഭവിക്കുന്ന മൂകലക്ഷങ്ങളുടെ ശോകാത്മകമായ വിലാപസ്വരം ഗ്രന്ഥകൎത്താവു് പകൎത്തുക മാത്രമേ ചെയ്യുന്നുള്ളു. ഈ പ്രാണവേദനയിൽ കവി വിങ്ങിമീട്ടാൻ പറയുന്നതിൽ നമുക്ക അനുകമ്പ തോന്നിപ്പോകും.

മാടത്തിലെ വിരുന്നൊരുക്കത്തിന്റെ പൂൎത്തങ്ങൾ കലാരസികതയോടുകൂടി നിന്നു കാണുന്ന കവി ആ സാധുക്കളുടെ ദയനീയമായ ജീവിതാനുഭവങ്ങളുടെ യാഥാൎത്ഥ്യത്തെ തന്മയത്വമായിത്തന്നെ ചിത്രീകരിക്കുന്നു. അദ്ദേഹത്തിന്റെ വിദഗ്ദ്ധതൂലിക നിറംപിടിപ്പിക്കുന്ന ചായവേലയെല്ലാമൊരുങ്ങുന്നില്ല. കലാവബോധത്തിന്റെ ചില നേരിയ രേഖകൾ മാത്രമേ പ്രത്യക്ഷമാകുന്നുള്ളു. പക്ഷേ, പ്രാകൃതജീവിതങ്ങളുടെ ഭാവാത്മകചിത്രം അതുകൊണ്ടു് സംപൂൎണ്ണമാക്കികാണിക്കാൻ അദ്ദേഹത്തിനു് സാധിക്കുന്നു. ഉൽകൃഷ്ടമായ കലാകൗശലത്തിനല്ലാതെ ഇതു സാധിക്കുമെന്നു് തോന്നുന്നില്ല. എന്നാൽ വിരുന്നിന്റെവിധം കേറി പൊടിപൊടിക്കുന്ന സന്ദൎഭത്തിൽ പകലോനെമക്കൊണ്ടു കുടിലിന്റെ കൂരയിൽ പൊന്നുപൂശിക്കുന്നതും തളിവാഴക്കുളൎകൈകളിളക്കിയ ച്ചെറുമക്കാ പന്തിയിൽ പങ്ക വീശിക്കുന്നതും അസ്ഥാനസ്ഥമായിപ്പോയിയെന്നും പറയാതെ തരമില്ല. പതിനെട്ടു് ചെറുകവിതകളുൾക്കൊള്ളുന്ന ഗ്രാമീണഗീത മലയാളഭാഷയിൽ അഭിനവമായ ഒരു പ്രസ്ഥാനത്തെ തികച്ചും അവകാശപ്പെടുന്നു. പ്രേമത്തിന്റെ നെടുവീൎപ്പും വിരഹയുടെ കണ്ണുനീരും പുറണ്ടു് ഇതിനു് നിറഭേദം സംഭവിക്കുന്നില്ല. ഒരു ശരിയായ റീയലിസ്റ്റിന്റെ നിലയിൽ പരിതഃസ്ഥിതികളെ വീക്ഷിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിനിടയിൽ അദ്ദേഹത്തിന്റെ കൈ ഒരിക്കലും നഗ്നതയിലേക്ക കടത്തിനോക്കകേയുണ്ടായിട്ടില്ല. ഗ്രാമജീവിതത്തിന്റെ പുരോഗമനോന്മുഖമായ അഭിനിവേശം അലയടിച്ചുയരുന്നതിനിടയിൽ അശ്ലീലധ്വനി കേൾക്കാനേ സാധിക്കുന്നില്ല. അതെല്ലാം ഇന്നത്തെ കവിതകളിൽനിന്നും ഗ്രാമീണഗീതയെ വേൎതിരിക്കുന്ന വസ്തുതകളാണു്. വിശേഷവിധിയായി മറ്റൊന്നു പറവാനുള്ളതു പദാൎത്ഥബോധത്തിൽ കവിനുതകുന്ന നല്ല ശിക്ഷണം സിദ്ധിച്ചിട്ടുള്ള ഗ്രന്ഥകൎത്താവു് വശ്യവാക്കായി സാഹിത്യവ്യവസായം ചെയ്യുന്നു എന്നുള്ളതാണു്. അല്പം ചില സ്ഥാനങ്ങളിൽ ഗ്രാമ്യപദങ്ങളും നാടോടിവാക്കുകളും കണ്ടെത്താൻ സാധിക്കുമെങ്കിലും സന്ദൎഭത്തിന്നു അതു് അത്യന്തം അനുഗുണമായിത്തന്നെ ഇരിക്കുന്നുണ്ടു്. ഏതു ജീവിതത്തെ പ്രതിഫലിപ്പിക്കണമെന്നു ഗ്രന്ഥകൎത്താവു വിചാരിക്കുന്നുവോ അതിന്റെ സ്വാഭാവികതയ്ക്കും അത്തരം ഭാഷ അനുപേക്ഷണീയമെന്നു സമ്മതിക്കയേ തരമുള്ളു.

ശ്രീ ഒ നാണു ഉപാദ്ധ്യായൻ പ്രത്യേകം സ്വായത്തമായിരിക്കുന്ന ഈ പ്രസ്ഥാനവൈശിഷ്ട്യം കൈരളിക്ക അനുഗ്രഹമാകത്തക്കവിധം തുടൎന്നുകാണുവാനുള്ള ആഗ്രഹം മാച്ചുവെയ്ക്കണമെന്നു വിചാരിക്കുന്നില്ല. (സി-എം-പി)

—o—

# കേരളത്തിലെ അരവിന്ദൻ!!

—o—

## നിൎയ്യാതനായ നാരായണക്കുരുക്കളവൎകൾ

(പണ്ഡിതർ—ഇ. വി. രാമൻനമ്പൂതിരി)

ഇക്കഴിഞ്ഞ ഇടവം ൩൦-ാംനു- വെള്ളിയാഴ്ച അസ്തമിച്ചു് ൮ മണിക്കു മുൻപായി ആറമുള സ്നേഹഗൃഹത്തിൽവച്ചു്, ൮൮-ാമത്തെ വയസ്സിൽ സുപ്രസിദ്ധഗ്രന്ഥകാരനും ചിന്തകനുമായ ശ്രീ: നാരായണക്കുരുക്കൾ ബി. എ. അവൎകൾ ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു!

വാൎദ്ധക്യസഹജമായ അശക്തിയും ക്ഷീണതയുമല്ലാതെ മരണകാരണമായി പ്രത്യേകം സുഖക്കേടൊന്നും ഉണ്ടായില്ലെന്നും, മരിക്കുന്നതുവരെ ബോധമുണ്ടായിരുന്നുവെന്നും, ഉപനിഷദ്ഭാഗങ്ങളും മററും ചൊല്ലിക്കൊണ്ടാണു് മരിച്ചതെന്നും അറിയുന്നു. ഏറിയോരുകാലമായി ഒതുങ്ങിക്കൊണ്ടു് ഒരു വിരക്തജീവിതം നയിച്ചിരുന്ന ഈ മഹാന്റെ വേൎപാടു് നവീനലോകത്തിന്റെ അനുശോചനത്തെ, അധികം അവകാശപ്പെടാതെപോയേക്കാമെങ്കിലും, തികച്ചും അൎഹിക്കുന്ന ഒന്നുതന്നെയാണു്. ഇത്രയും സജീവമായ രാഷ്ട്രീയതാബോധവും ചിന്താശക്തിയും സ്വാതന്ത്ര്യനിഷ്ഠയും സന്മാൎഗ്ഗധൈൎയ്യവും ധൎമ്മാൎഗ്ഗവൈരവും വേദാന്തജ്ഞാനവും നിറഞ്ഞ ഒരു മഹാപുരുഷൻ കേരളക്കരയിൽ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. സ്വതന്ത്രഗ്രന്ഥകാരന്റെനിലയിലും അഗ്രഗണ്യമായ ഒരു സ്ഥാനത്തെ അദ്ദേഹം അലങ്കരിക്കുന്നു. രാഷ്ട്രീയസമ്പൎക്കംമൂലം ജീവിതാത്യാഗംപോലും ചെയ്യേണ്ടിവന്ന ആ മഹാന്റെ ജീവിതം വിജയിയോ പരാജയിയോ, സഫലമോ വിഫലമോ എന്നു് നിൎണ്ണയിക്കുവാൻ സാധാരണന്മാരുടെ ബാഹ്യചക്ഷുസ്സുകൾക്കും ഭൗതികാദൎശങ്ങൾക്കും അധികാരമില്ല. അത്തരത്തിലായിത്തീൎന്ന നിൎല്ലേപനായ ഒരു ജീവന്മുക്തനായിപ്പോയി അദ്ദേഹം. ആ അവസ്ഥയിലും അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു; പ്രവൎത്തിച്ചുകൊണ്ടിരുന്നു; ആത്മസത്തകൊണ്ടു് പ്രചോദനവും നൽകിയിരുന്നു. അതിന്റെ പരിണാമസ്വരൂപമാണു് ഇന്നത്തെ ലോകമെന്നു ജ്ഞന്മാരറിയും.

എന്റെഗീത, പാറപ്പുറം ഉദയഭാനു, ജ്യോതിഷ്മതി, സത്യഗ്രാഹി മുതലായവ അദ്ദേഹത്തിന്റെ വിശിഷ്ടഗ്രന്ഥങ്ങളാണു്. പുസ്തകാകൃതിയിൽ പുറത്തുവന്നിട്ടില്ലാത്ത അനവധി വിശിഷ്ടോപന്യാസങ്ങൾ പത്രമാസികാദികളിൽ കിടക്കുന്നതുമുണ്ടു്. അവയും ഉടനേ പുസ്തകങ്ങളാക്കേണ്ടതാണു്.

പത്രാധിപർ രാമകൃഷ്ണപിള്ളയുടെ സുഹൃത്തും സഖാവും സഹപ്രവൎത്തകനും ആത്മീയഗുരുഭൂതനും ആയിരുന്ന ഇദ്ദേഹത്തിനും, മഹാത്മാ, സത്യം മുതലായ പത്രമാസികാദികളുടെ ആധിപത്യം വഹിക്കേണ്ടിവന്നിട്ടുണ്ടു്. പക്ഷേ, സ്വാദൎശനിഷ്ഠയും സ്വാതന്ത്ര്യശീലവുംനിമിത്തം അധികകാലം ആ ഹലകളൊന്നും അദ്ദേഹം ചുലത്തിയില്ല. ഭിന്നിപ്പു വന്നുകഴിഞ്ഞാൽപിന്നെ ഭിന്നിച്ചുകന്നുകഴിഞ്ഞു!

രാഷ്ട്രീയരംഗങ്ങളിലും ഇദ്ദേഹം സജീവമായി പങ്കെടുക്കുകയും, പ്രവൎത്തിക്കുകയും ഇടയ്ക്കിടെ ഉണ്ടാകാതിരുന്നിട്ടില്ല. പക്ഷേ, കളങ്കസമ്പൎക്കത്തിലുള്ള അസഹിഷ്ണുത അചിരേണതന്നെ അതിൽനിന്നെല്ലാം അദ്ദേഹത്തെ നിവൎത്തിപ്പിച്ചു.

തിരുവനന്തപുരത്തെ കടപ്പുറായോഗം, ചേൎത്തലയിലെ രാഷ്ട്രീയസമ്മേളനം മുതലായവ വലിയ പ്രക്ഷോഭമുണ്ടാക്കിയ കഥകളാണല്ലോ. രാഷ്ട്രീയത അദ്ദേഹത്തിന്റെ ഒരു ആജന്മസിദ്ധഗുണമായിരുന്നുവെന്നുള്ളതാണു് രഹസ്യം.

വേദാന്തഗ്രന്ഥങ്ങളിൽ—ഉപനിഷത്തുകളിൽത്തന്നെ—ഇത്രയും പാണ്ഡിത്യവും ഉപസ്ഥിതിയും സാധനയും നേടിയിട്ടുള്ളവർ ആധുനികകാലത്തു് ആരുമുണ്ടായിട്ടില്ലെന്നുപറയാം. തന്ത്രശാസ്ത്രങ്ങളിലും അസാധാരണപാണ്ഡിത്യവും സിദ്ധികളും ഉണ്ടായിരുന്നു. തനിസ്സ്വീകതനായിട്ടു് വളരെക്കാലം അദ്ദേഹം ജീവിച്ചിട്ടുണ്ടു്. ജ്യോതിശ്ശാസ്ത്രത്തിലെ ഫലഭാഗത്തിലും അദ്ദേഹത്തിനു മികച്ച പാണ്ഡിത്യമുണ്ടായിരുന്നു.

ചിന്താശക്തിയിലും സാധനാമാൎഗ്ഗങ്ങളിലും ശ്രീ അരവിന്ദയോഗിരാജനോടു് തുല്യനായിരുന്നു കുരുക്കൾ. പല നിലയിലുമായി അനവധി ആത്മീയശിഷ്യന്മാരും അദ്ദേഹത്തിനുണ്ടായിട്ടുണ്ടു്. പക്ഷേ അദ്ദേഹത്തിന്റെ മഹനീയവ്രതികളെ മനസ്സിലാക്കിയിട്ടുള്ള കേരളീയർ വളരെ കുറച്ചുപേർമാത്രം—പത്രാധിപർ രാമകൃഷ്ണപിള്ളയായിരുന്നു അവരിലഗ്രഗണ്യൻ.

ശ്രീ നാരായണക്കുരുക്കളോടും, അദ്ദേഹത്തിന്റെ സാഹിത്യസമ്പത്തികളോടും കേരളീയൎക്ക വലുതായ പല കടപ്പാടുകളും ഉണ്ടു്. സ്വാഭിമാനവിജൃംഭിതമായ അഭിനവലോകം അതറിഞ്ഞു പ്രവൎത്തിക്കേണ്ടതു് കേവലം കൎത്തവ്യമാണു്. അദ്ദേഹത്തിന്റെ ആത്മാവു് നിൎവൃതി പുണരട്ടെ!!

—o—


അച്ചടിച്ചു തയാറായി!
വായനക്കാൎക്കു വസന്തോത്സവമരുളുന്ന

# ചന്ദ്രക്കല

(വിദ്വാൻ ഗോപാലകൃഷ്ണൻനായർ)

ഒരു മുസ്ലിംഭടനിൽ അനുരക്തയായിത്തീൎന്ന മഹാരാഷ്ട്രസുന്ദരിയായ അരുണയുടെയും വിവാഹിതനായ ഒരു കലാകാരനിൽ സ്നേഹാകുലയായിച്ചമഞ്ഞ ശ്യാമയുടെയും പ്രണയഗതികളും, അജ്ഞാതപാത്രങ്ങളായ ഹുസൈന്റെയും വിക്രമന്റെയും അത്ഭുതവിക്രമങ്ങളും മററും കമനസുന്ദരമായശൈലിയിൽ ചിത്രീകരിക്കുന്ന വികാരനിൎഭരമായ ഒരു പുതിയ

## നോവൽ

300-ഓളം പുറങ്ങൾ. വില 1 ക 12 ണ.

ഉദയാബുക്ക്സ്റ്റാൾ, പുനലൂർ
ബ്രാഞ്ചു്—തിരുവനന്തപുരം.



# ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
ഹുമയൂൺ
അശോകകുമാർ, ചന്ദ്രമോഹൻ ഷാനവാസ്, വീണ അഭിനയിച്ചു
പ്രശസ്ത ഹിന്ദിചിത്രം

കൊല്ലം ബേബിടാക്കിസിൽ
ത്യാഗരാജഭാഗവതർ, എം. ആർ. സന്താനലക്ഷ്മി, ററി. എസ്. ബാലയ്യാ, ശാമാ അഭിനയിച്ച
അംബികാപതി
എന്നതമിഴ് ചിത്രം.

കൊല്ലം ലക്ഷ്മിടാക്കിസിൽ
ഷറാബ് മോഡി, ദ്ദുൎഗ്ഗാഖോട്ടു്, മീന മുതലായവരഭിനയിച്ച
പൃഥ്വീവല്ലഭ്
എന്ന പ്രശസ്ത ഹിന്ദിചിത്രം

ചവറ കെ. സി. ടാക്കിസിൽ
കെ. എൽ. വി. വസന്ത, ററി. എസ്. ബാലയ്യാ, മഹാദേവൻ, പെരുമാൾ അഭിനയിച്ച
"ചിത്രാ"
എന്ന ചിത്രം.

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ്ടാക്കിസിൽ
പി. യു. ചിന്നപ്പാ, എം. വി. രാജമ്മ, എം. എസ്. സരോജ, അഭിനയിച്ച
അൎദ്ധനാരി

ആലപ്പുഴ ശ്രീകൃഷ്ണാടാക്കിസിൽ
പി. യു. ചിന്നപ്പാ, പി. കണ്ണാംബ, കൃഷ്ണൻ, മധുരം നടിച്ച
"കണ്ണകി"
(പുതിയ കോപ്പി)

ചേൎത്തല ശ്രീ ലക്ഷ്മിടാക്കിസിൽ
P. B രങ്കാചാരി, C. V. V. പന്തലു, S. S കൊക്കൊ, കൃഷ്ണൻ, മധുരം, അഭിനയിച്ച
--ആനന്ദാശ്രമം—

ഹരിപ്പാട്ടു് ജയലക്ഷ്മിയിൽ
എം. ആർ. കൃഷ്ണമൂൎത്തി, ററി. ആർ. രാജലക്ഷ്മി, ററി. ആർ. മഹാലിംഗം, മിസ്സ് രാധ മുതലായവർ അഭിനയിച്ച
നന്ദകുമാർ
എന്ന ചിത്രം

# ഇന്ത്യയിലെ ഗോത്രവർഗക്കാർ

## "വാർളി" വർഗ്ഗത്തിന്റെ അവശതകൾ

കെ. എ. സുകുമാരൻ, ടാററാപുരം

ദക്ഷിണഗുജറാത്തിലെ വനപ്രദേശങ്ങളിൽ അധിവസിക്കുന്ന 'വാർളിമാർ' (Warlis) എന്ന ഒരു വിഭാഗം കാട്ടുജാതിക്കാർ ചുററുമുള്ള ഗ്രാമങ്ങളിലെ ജനങ്ങളുടെ നേരെ സമരസന്നദ്ധരായ ചരിത്രം ഈയിടെ പത്രപംക്തികളിൽ കാണുകയുണ്ടായി. ഇന്ത്യയുടെ പല ഭാഗങ്ങളിലും ചിന്നിച്ചിതറിപ്പാർക്കുന്ന ഈ ഗോത്രവർഗ്ഗക്കാർ മററു പല സ്ഥലങ്ങളിലും ഇപ്രകാരം പ്രവർത്തിച്ചു വരുന്നതായി പറയപ്പെടുന്നു. വളരെ നാളുകളായി തങ്ങളുടെ യജമാനന്മാരായ ജന്മികളുടേയും മുതലാളികളുടേയും കീഴിൽ അനുഭവിച്ചുപോരുന്ന ദുരന്തദുരിതങ്ങളും മർദ്ദനങ്ങളുമാണ് ഈ വിപ്ലവത്തിന് അവരെ പ്രേരിപ്പിച്ചിട്ടുള്ളത്. പട്ടാളസഹായത്തോടെ വാർളിമാരുടെ സമരം പരാജിതമായതോടുകൂടി വനകൺട്രാക്ടർമാരുടേയും, പണം കടം കൊടുക്കുന്നവരുടേയും, ജന്മികളുടേയും ഭരണം വീണ്ടും അവിടെ പ്രതിഷ്ഠാപിതമാകുന്നു. അക്ഷരവിഹീനരും, സംസ്കാരരഹിതരുമായ ഗുജറാത്തിലെ "കാടന്മാർ" കുററവാളികളാണെങ്കിൽ, അവരോട് അക്രമം പ്രവർത്തിക്കുന്നവർ മനുഷ്യസമുദായത്തിന്റെ നേരെ ഒരു കടുംകൈയാണു ചെയ്യുന്നത്.

ഇന്ത്യയിൽ ആകെയുള്ള ൨൫൦ ലക്ഷം ഗോത്രവർഗ്ഗക്കാരിൽ കേവലം ന്യൂനപക്ഷസമൂഹമാണ് ഗുജറാത്തിലെ വാർളിമാർ. ഇവർ അജ്ഞതയിലും, പട്ടിണിയിലും, രോഗത്തിലും, അടിമത്വത്തിലുംകൂടി കാലംകഴിക്കുന്നു. വാസ്തവം പറഞ്ഞാൽ കൂടുതൽ പരിഷ്കൃതരായ ഒരു വിഭാഗം അയൽക്കാരുടെ മർദ്ദനങ്ങൾക്കു വിധേയരായി കഴിഞ്ഞുകൂടുന്ന അവരുടെ കാര്യം ഒരു കോളനി പ്രശ്നമാണ്. ബ്രിട്ടീഷ് കോളനിസമ്പ്രദായത്തെ അടിമത്വമായി വീക്ഷിക്കുന്ന ഇന്ത്യാക്കാർ തങ്ങളുടെയിടയിൽത്തന്നെ തദ്ദേശ്യമായി പെരുമാറുന്നതു ഒരു വിധത്തിലും ഭൂഷണമല്ല. ഇന്ത്യൻ പണക്കാരിൽനിന്നും ഈ കാട്ടുജാതിക്കാർക്കു അഭിമുഖീകരിക്കേണ്ടി വരുന്ന ബുദ്ധിമുട്ട് ഒരു ബ്രിട്ടീഷ്കോളനിയിലും നടപ്പില്ലാത്തവിധമാണ്. സ്വാതന്ത്ര്യപന്ഥാവിലൂടെ ത്വരിതഗമനംചെയ്യുന്ന ഇന്ത്യ സ്വസഹോദരങ്ങളെത്തന്നെ ചൂഷണംചെയ്യുന്നതു എത്ര പരിതാപകരമാണ്. ഗുജറാത്തിലെ ഈ ഉപപ്ലവാവസ്ഥ ഇന്ത്യൻനേതാക്കന്മാരുടെ കണ്ണു തുറപ്പിക്കേണ്ടിയിരിക്കുന്നു. ഈ അവസ്ഥാന്തരം ഇന്ത്യയിൽ അങ്ങോളമിങ്ങോളം പടർന്നുപിടിക്കാതിരിക്കേണമെങ്കിൽ ഇന്ത്യൻ "കാടന്മാരുടെ" നേരെ അവലംബിച്ചുപോരുന്ന കോളനി സമ്പ്രദായം നിറുത്തലാക്കേണ്ടിയിരിക്കുന്നു. അതിന്റെ നാന്ദിയായി ഈദൃശ ഗോത്രവർഗ്ഗക്കാരുടെ ഉദ്ധാരണത്തിനായുള്ള പരിപാടികൾ രൂപവൽക്കരിക്കേണ്ടതത്യാവശ്യമാണ്. വനപ്രദേശങ്ങളിൽ കുറെ കിണറുകൾ കുഴിച്ചതുകൊണ്ടോ, അഥവാ നിർബ്ബന്ധമായി ഈ വർഗ്ഗക്കാരെക്കൊണ്ടു പണിയെടുപ്പിക്കുന്ന ജന്മിമാരുടെമേൽ പ്രോസിക്യൂഷൻ നടത്തിയതുകൊണ്ടോ ഈ പ്രശ്നത്തിനു പരിഹാരമാകുന്നില്ല.

ഗോത്രവർഗ്ഗക്കാരുടെ ജീവിതരീതി ചുററുമുള്ള ഗ്രാമീണരുടേതിലും അധഃപതിച്ചതാണ്. അവരുടെ സ്വന്തം പരിഷ്കാരങ്ങളും സഹകരണങ്ങളും സ്ഥാപിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കയാണോ വേണ്ടതു? അവരെ പ്രാദേശികസമുദായത്തോടു കൂട്ടിക്കെട്ടുവാൻ കഴിയുമോ? അഥവാ ഇന്നത്തെ നിലയിൽ വനത്തിൽത്തന്നെ ജീവിക്കുവാൻ അവരെ അനുവദിക്കുകയോ വേണ്ടതു? ഏതായാലും ഒരുകാര്യം തീർച്ചയാണ്. "ബഹിഷ്കൃതപ്രദേശങ്ങ"ളായി ഈ വർഗ്ഗക്കാർ അധിവസിക്കുന്ന സ്ഥലത്തെ പരിഗണിക്കുന്ന ഇന്നത്തെ സമ്പ്രദായം അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.


കഴിഞ്ഞ ഏതാനും കൊല്ലക്കാലമായി ആദിമനിവാസികളായ ഗോത്രവർഗ്ഗക്കാരുടെ പ്രശ്നം അസാദ്ധ്യമായിത്തീരത്തക്ക വിധത്തിലുള്ള വാദങ്ങളാണ് ഉയർന്നുകൊണ്ടിരുന്നതു. ഗോത്രവർഗ്ഗക്കാർ വനപ്രദേശങ്ങളിൽ അധിവസിച്ചു പരിശീലിച്ചിട്ടുള്ളവരാകകൊണ്ടു അവരെ ഇന്ത്യൻസാമാന്യജനങ്ങളുമായി കൂട്ടിച്ചേർക്കേണ്ട ആവശ്യമില്ലെന്നാണ് ഇതിൽ ഏററവും വിചിത്രമായ ഒരു വാദഗതി. ഇതു അടിമത്വത്തെ പ്രോത്സാഹിപ്പിക്കുന്ന വിശേഷസംഗതിയാണ്.

ബോംബെസംസ്ഥാനത്തിലെ ഏററവും കൂടുതൽ സംഖ്യയേറിയ ആദിമനിവാസികളാണ് വാർളിമാർ. ഏതാണ്ട് ൧൨൫,൦൦൦ ജനസംഖ്യ വരുന്ന ഈ കാട്ടുജാതിക്കാർ താനേ, നാസിക ഡിസ്ട്രിക്ടുകളിലും, ജവഹർ ധർമ്മപൂർ എന്നീ സ്റ്റേററുകളിലും അധിവസിക്കുന്നു. കുറേനാളുകൾക്കുമുമ്പു ഈ വർഗ്ഗക്കാരെപ്പററി ഔദ്യോഗികമായി അന്വേഷണം നടത്തുവാൻ മി. സൈമിംഗ്ടൺ നിയോഗിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽനിന്നും പ്രസ്തുത കാട്ടുജാതിക്കാരെപ്പററി പൊതുജനങ്ങൾക്കു പലതും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അവർ മുളകളും ഞാങ്ങണ (Reed)യുംകൊണ്ടുണ്ടാക്കിയ ചെറുകുടിലുകളിൽ അധിവസിക്കുന്നു. വസ്ത്രം വളരെ കുറച്ചുമാത്രം ധരിച്ചു ഇലകളും കിഴങ്ങുകളും ഭക്ഷിച്ച് അവർ ജീവിക്കുന്നു.

'തോഡ'ന്മാരേയും 'ഭിൽ'മാരേയുംപോലെ അവരും അന്ധവിശ്വാസികളാണ്. അവർ പരമ്പരാഗതമായിട്ടുള്ള ദേവതകളെ ആരാധിക്കുകയും, മന്ത്രവാദത്തിലും പിശാചുക്കളിലും വിശ്വസിക്കുകയും ചെയ്യുന്നു. അവരുടെയിടയിൽ നടപ്പുള്ള ദേശ്യഗാനങ്ങളും, സംഗീതവും നൃത്തവും മററുമാണ് സന്തോഷപ്രകടനങ്ങളായി കണക്കാക്കുന്നതു. ദീവാളി, ഹോളി മുതലായ ആഘോഷവേളകളിൽ വാർളിമാർ നൃത്തവും പാട്ടും മററും നടത്താറുണ്ട്. വാർളിമാർക്കുള്ള പ്രധാന ബുദ്ധിമുട്ട് അവർ അധിവസിക്കുന്ന വനപ്രദേശങ്ങൾ ജന്മിമാരുടേയും മുതലാളിമാരുടേയും കയ്യിലായതുകൊണ്ടാണ്. കുടിയാന്മാരും തൊഴിലാളികളും എന്ന നിലയിൽ അവർ ജന്മി മുതലാളിമാരോട്ടു കടപ്പെട്ടിരിക്കുന്നു. ഒരു വാർളി കുടുംബത്തിന്റെ ശരാശരി വരുമാനം കൊല്ലത്തിൽ നൂറു ഉറുപ്പിക മാത്രമാണ്.

വാർളിമാരെ ഈ ദയനീയനിലയിൽനിന്നും രക്ഷിക്കുവാൻ കൃഷിക്കുപയുക്തമായ പ്രദേശങ്ങൾ അവർക്കു പതിച്ചുകൊടുക്കുന്നതു ഒരു പ്രധാനപരിശ്രമമായി പരിഗണിക്കാം. വിത്തു, വളം, കാർഷികോപകരണങ്ങൾ മുതലായവ ഗവൺമെണ്ടു അവർക്കു സൌജന്യമായി നൽകണം. വനങ്ങളിൽനിന്നും തടികൾ സൌജന്യമായി വെട്ടിയെടുക്കുന്നതിനു അനുമതി നൽകുന്നതു അവരുടെ ഭവനനിർമ്മാണപ്രശ്നത്തിനു പരിഹാരമായിരിക്കും.

(ശേഷം പത്താംപേജിൽ)



Ad. No. S. 9.

## വിജ്ഞാപനം

—o—

മാന്യരെ, തിരുവിതാംകൂറിലെന്നു മാത്രമല്ല, ലോകത്തിന്റെ ഏതുഭാഗത്തും ഉള്ള മുതലാളികളും തൊഴിലാളികളും തമ്മിലുള്ള അഭിപ്രായവ്യത്യാസം നാട്ടിലെ വ്യവസായത്തെ സാരമായി ബാധിക്കുന്നതും തദ്വാരാ ഉല്പാദകരെ അപകടത്തിലാക്കുന്നതും ആകുന്നു. മററു തൊഴിൽശാലകളിലെയെന്നപോലെ കശുഅണ്ടിആഫീസുകളിൽ നടന്നിട്ടുള്ള പണിമുടക്കുകൾ അനവധി പ്രയാസങ്ങൾക്കു വഴി തെളിച്ചിട്ടുണ്ടു്. ഈവിധ കുഴപ്പങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി കശുഅണ്ടി ഉല്പാദകരും തൊഴിലാളികളുംകൂടി സഹകരിച്ചു് സഹകരണാധിഷ്ഠാനത്തിൽ ഒരു കശുഅണ്ടി ഫാക്ടറി നടത്തുന്നപക്ഷം ഉല്പാദകർക്കു് അണ്ടിയുടെ യഥാർത്ഥവില ലഭിക്കുന്നതിനും തൊഴിലാളികൾക്കു് നല്ല വേതനം ലഭിക്കുന്നതിനും സൌകര്യമുണ്ടാകും. മററു ഫാക്ടറികൾ സ്ഥാപിക്കുന്നതിനു വൻപിച്ച മൂലധനം യന്ത്രോപകരണങ്ങൾക്കും മററും ആദ്യംതന്നെ വേണ്ടിവരും. എന്നാൽ കശുഅണ്ടി ഫാക്ടറിയിൽ അണ്ടി ശേഖരിച്ചു സൂക്ഷിക്കുന്നതിനും ആളുകൾക്കു് ഇരുന്നു ജോലിചെയ്യുന്നതിനും ഉള്ള കെട്ടിടം ഉണ്ടായിക്കഴിഞ്ഞാൽ മററു യന്ത്രോപകരണങ്ങൾ ആവശ്യമില്ല. വളരെ അധികം ആളുകൾക്കു തൊഴിൽ ലഭിക്കാൻ സൌകര്യമുള്ളതുകൊണ്ടു് തൊഴിലാളികളുടെ നില വളരെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. സഹകരണാധിഷ്ഠാനത്തിൽ പ്രവർത്തിക്കുമ്പോൾ ചില നിയന്ത്രണങ്ങൾക്കു വിധേയമായി തൊഴിലാളികൾക്കുതന്നെ അവരുടെ ഫാക്ടറി ഭരിക്കാൻ കഴിയും. ഈവിധമുള്ള പ്രവർത്തനങ്ങൾ യുദ്ധാനന്തരപുനഃസംവിധാനപദ്ധതിയിൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അതനുസരിച്ചു പത്തനാപുരം താലൂക്കിലുള്ള ഏതൊരാൾക്കും ചേരത്തക്കവിധത്തിൽ ൫൩൨൮-ാംനമ്പരായി ഒരുലക്ഷംരൂപാ ഓഹരി മൂലധനത്തോടും ക്ലിപ്തസഹിത ബാദ്ധ്യതയോടുംകൂടി 'പുനലൂർ കശുഅണ്ടി വ്യവസായ സഹകരണസംഘം' എന്ന പേരിൽ ഒരു സംഘം രജിസ്റ്റർചെയ്തു് പ്രവർത്തനം ആരംഭിക്കുന്നുണ്ടു്. ഈ താലൂക്കിലുള്ള എല്ലാ കശുഅണ്ടി ഉല്പാദകരും ഇതിൽ അംഗമായി ചേരുകയും താലൂക്കിന്റെ പല ഭാഗങ്ങളിലുമായി ഫാക്ടറികൾ ആരംഭിക്കുകയും അതതു സ്ഥലങ്ങളിലെ തൊഴിലാളികൾ അംഗങ്ങളായി ചേർന്നു പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം സഹകരണ ഡിപ്പാർട്ടുമെൻറിന്റെയും ഗവണ്മെൻറിന്റെയും സഹായസഹകരണങ്ങളോടുകൂടി നമുക്കു് സഹകരണാധിഷ്ഠാനത്തിൽ ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. ഈ പ്രവർത്തനംമൂലം കിട്ടുന്ന ആദായം അതിലെ തൊഴിലാളികൾക്കു തന്നെ പ്രയോജനപ്പെടുത്താൻ സാധിക്കും. സ്വതന്ത്രഭാരതത്തിന്റെ പുരോഗമനം സഹകരണാധിഷ്ഠാനത്തിലാണു് മുന്നോട്ടു ഗമിക്കുന്നതെന്നു ഇതുവരെയുള്ള ശാസ്ത്രീയ പ്രവർത്തനങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു്. അതിനാൽ സ്വതന്ത്രഭാരതത്തിലെ ഒരു സുപ്രധാന ഘടകമായ തിരുവിതാംകൂർ സഹകരണപരമായി പ്രവർത്തിച്ചു മററു സംഗതികളിൽ എന്നപോലെ ഇതിനും മാർഗ്ഗദർശനം ചെയ്യേണ്ടതാണു്. ഈ വിധമുള്ള പ്രവർത്തനത്തിനു പത്തനാപുരം താലൂക്കു് ഒരു മാർഗ്ഗദർശനം നൽകുന്നപക്ഷം അതു് ഈ താലൂക്കിനും താലൂക്കുനിവാസികൾക്കും അഭിമാന കാരണമാകും. അതിനാൽ ഓരോരുത്തരും അവരവരുടെ കഴിവു് അനുസരിച്ചുള്ള ഓഹരിയെടുത്തും മററു സഹായസഹകരണങ്ങൾ ചെയ്തും നമ്മുടെ സാമ്പത്തികനിലയും സഹകരണ ജീവനവും അഭിവൃദ്ധിപ്പെടുത്തണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. പുനലൂർ സഹകരണയൂണിയനാഫീസിൽ ആവശ്യപ്പെടുന്നപക്ഷം സംഘത്തിൽ ചേരുന്നതിനുള്ള അപേക്ഷാഫാറം ലഭിക്കുന്നതാണു്. എല്ലാ പൌരന്മാരും സംഘത്തിൽ ഓഹരിയെടുത്തു അവരവരുടെ പൌരധർമ്മം നിറവേററുമെന്നു വിശ്വസിക്കുന്നു.

എന്നു്,

പ്രസി: പി. എസ്സ്. നരസിംഹയ്യർ.

സെക്രട്ടറി സി. കെ. വർഗ്ഗീസ്സ്.

പുനലൂർ }
17-9-1122 }

—o—

## "സേനോപാഖ്യാനം"

ഒരു ലേഖകൻ

ഈ മാസം ൨൨-ാംനു-വ്യാഴാഴ്ച ദിവസം ഏഴരമണിമുതൽ ഒൻപതുമണിവരെ തിരുവനന്തപുരം ബ്രാഡ്കാസ്റ്റിംഗ് സ്റ്റേഷനിൽനിന്നും പറഞ്ഞതായ ഹരികഥ കേൾക്കുന്നതിനു് എനിക്കുസാധിച്ചു. കഥയുടെ പേരു് സേനോപാഖ്യാനം എന്നായിരുന്നു. കഥ ഏതാണ്ടു് താഴെ പറയുംപ്രകാരമായിരുന്നു.

മഹാനായ അക്ബർ ചക്രവർത്തിയുടെ അരമനയിലെ ജോലിക്കാരനായി സേനൻ എന്നൊരു ക്ഷുരകൻ ഉണ്ടായിരുന്നു. സേനനും അയാളുടെഭാര്യയും ഭക്തശിരോമണികളായിരുന്നു. സേനൻപ്രഭാതത്തിൽ സ്നാനംകഴിച്ചു് ശ്രീകൃഷ്ണഭഗവാനെ പൂജിച്ചു് ധ്യാനിച്ചുകഴിഞ്ഞതിനുശേഷം ചക്രവർത്തിക്കു ക്ഷൌരകർമ്മംചെയ്യുന്നതിനു പോകുകപതിവായിരുന്നു. സേനന്റെപേരിൽ ചക്രവർത്തിക്കു കൂടുതലായ പ്രിയമുണ്ടായിരുന്നതിനാൽ അയാളെ ഒരു പാഠംപഠിപ്പിക്കണമെന്നു അരമനയിലെ ജീവനക്കാർക്കു് ഒരു വിചാരമുണ്ടായിരുന്നു.

ഒരു ദിവസം സേനൻ പതിവുപോലെ കുളികഴിഞ്ഞു് പൂജയ്ക്കും ധ്യാനത്തിനുമായിരുന്നു. അന്നുപതിവിലധികനേരം ധ്യാനത്തിലിരുന്നുപോയതിനാൽ അരമനയിലേക്കുപോകാനുള്ള കാര്യം സേനൻ മറന്നുപോയി. ഭാര്യ പരുങ്ങലിലായി. എന്നാലും ഭർത്താവിനെ ധ്യാനത്തിൽനിന്നും ഉണർത്തുന്നതിനു് അവൾക്കു മനസ്സുവന്നില്ലാ.

സമയത്തിനു അരമനയിൽ സേനനെ കാണാത്തതിനാൽ കുപിതരായിത്തീർന്ന അന്തഃപുരത്തിലെ അധികൃതന്മാർ സേനനെ ബന്ധിച്ചുകൊണ്ടുവരുന്നതിലേക്കു് കിങ്കരന്മാരെ അയച്ചു. കിങ്കരന്മാർ സേനന്റെ ഗൃഹത്തിലെത്തിയപ്പോഴും സേനൻ ധ്യാനത്തിൽനിന്നും വിരമിച്ചിട്ടില്ലായിരുന്നു. അവർ ആ സാധുവിനെ പിടികൂടി നേരെ അരമനയിലേക്കു നയിപ്പിച്ചു. സേനൻ താമസിച്ചതിനാൽ വല്ലാതെ ഭയന്നു. ഭാര്യയും എന്താണു വരാൻപോകുന്നതെന്നറിയാതെ കുണ്ഠിതയായിത്തീർന്നു.

ചക്രവർത്തി ക്ലിപ്തസമയത്തു ക്ഷൌരകർമ്മത്തിലേക്കായി പതിവുസ്ഥാനത്തു ചെല്ലുകയും സേനൻ പതിവുപോലെ ക്ഷൌരകർമ്മം ആരംഭിക്കുകയുംചെയ്തു. പക്ഷേ അന്നു സേനൻ ക്ഷൌരകർമ്മം ചെയ്തപ്പോൾ അക്ബർക്കു് എന്തെന്നില്ലാത്ത ആനന്ദം തോന്നിക്കൊണ്ടിരുന്നു. ഈ ആനന്ദത്തിനുള്ള കാരണമെന്താണെന്നു ചക്രവർത്തിക്കു മനസ്സിലായില്ലാ. യദൃച്ഛയാ ചക്രവർത്തി കീഴോട്ടുനോക്കുകയും ക്ഷൌരകർമ്മത്തിലേക്കു അവിടെ ഒരുക്കിവച്ചിരുന്ന ഒരു ജലപാത്രത്തിൽ ശ്രീകൃഷ്ണഭഗവാന്റെ ഛായ പ്രതിബിംബിച്ചുകാണുകയും ചെയ്തു. ചക്രവർത്തി ആനന്ദത്തിൽ മുഴുകി മതിമറന്നു ചിന്താമഗ്നനായിരിപ്പായി. സേനൻ ക്ഷൌരം കഴിച്ചിട്ടു് യാത്രയുംപറഞ്ഞു മടങ്ങിപ്പോയി. സേനൻ പോയതു് അക്ബർ കണ്ടില്ലാ.

കിങ്കരന്മാർ സേനനെ ഗൃഹത്തിൽനിന്നും പിടികൂടി നേരെ ചക്രവർത്തിയുടെ മുമ്പിൽ തന്നെ ഹാജരാക്കി. സാധുവായ സേനൻ താമസിച്ചുപോയ അപരാധത്തിനു മാപ്പുകൊടുക്കണമെന്നു യാചിച്ചു. ചിന്താമഗ്നനായിരുന്ന അക്ബർ സേനന്റെ അപേക്ഷകേട്ടതിൽപിന്നീടു വിചാരത്തിൽനിന്നും ഉണർന്നുള്ളു.

ക്ഷമായാചനത്തിനുള്ള കാരണമെന്തെന്നു് സേനനോടു ചോദിച്ചതിനു്, താൻ അവിചാരിതമായി താമസിച്ചുപോയതുകൊണ്ടാണു ക്ഷമായാചനം ചെയ്തതെന്നു സേനൻ വിനീതനായി മറുപടിപറഞ്ഞു. സേനനു് ബുദ്ധിക്കു ഏതോ തകരാറുണ്ടായിരിക്കുമെന്നു അക്ബർ വിചാരിച്ചു.

അദ്ദേഹം പറഞ്ഞു. സേനാ നിനക്കു ബുദ്ധിക്കു എന്തെങ്കിലും തകരാറു പററിയോ? നീ പതിവുസമയത്തല്ലേ എനിക്കു ക്ഷൌരംനടത്തിയതു്. അതിനു നീ എന്തിനു ക്ഷമായാചനംചെയ്യുന്നു.

സേനൻ അക്ബറുടെ മുഖത്തു നോക്കി. അദ്ദേഹത്തിനു ആരോ ക്ഷൌരം ചെയ്തിരിക്കുന്നതായി കണ്ടു. ക്ഷൌരം ചെയ്തതു സേനൻതന്നെയാണെന്നും അക്ബർ ബലമായി പറയുകയുംചെയ്തു.

ഈ കപടനാടകവൃത്തി നടത്തിയതു ആ ആപൽബാന്ധവനും കരുണാനിധിയുമായ സാക്ഷാൽ ശ്രീകൃഷ്ണപരമാത്മാവല്ലാതെ മററാരുമല്ലെന്നു സേനനു ബോദ്ധ്യമുണ്ടായി. അയാൾ ആനന്ദാശ്രു പൊഴിച്ചു ഭഗവാനെ വിളിച്ചു കരഞ്ഞു. ഈ രഹസ്യംഅറിഞ്ഞു അക്ബർചക്രവർത്തിയും ആനന്ദാശ്രു പൊഴിക്കുകയും ശ്രീകൃഷ്ണഭഗവാനെ പ്രാർത്ഥിക്കുകയുംചെയ്തു. ആ കരുണാമൂർത്തി വീണ്ടും പ്രത്യക്ഷനായി അവർക്കു രണ്ടുപേർക്കും ദർശനംകൊടുത്തിട്ടു മറഞ്ഞു.

ഈ വിധത്തിലുള്ള കഥകൾ പണ്ഡിതനും പാമരനും ബാലനും വൃദ്ധനും യുവാവിനും സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ ആനന്ദം നൽകുന്ന ഒന്നാകുന്നു.

ഒന്നരമണിക്കൂർനേരംകൊണ്ടു ഭക്തിരസസംപൂർണ്ണമായ സംഗീതസാഹിത്യത്തോടുകൂടി ജനങ്ങളെ ആനന്ദസാഗരത്തിൽ നിമഗ്നനാക്കിയ "കലാദാസന്റെ" കലാനൈപുണ്യം ഒന്നു വേറെതന്നെ. ഇപ്രകാരമുള്ള കലാദാസന്മാരെക്കൊണ്ടു ഈവിധത്തിലുള്ള കഥകൾ കൂടക്കൂടെ ചെയ്യിക്കുകയാണെങ്കിൽ അതു എത്രയോ പ്രയോജനപ്പെടുന്നതാണു്.

മേലും ഈവിധത്തിലുള്ള കഥകൾ പ്രക്ഷേപണംചെയ്യുന്നതിനു വേണ്ട പ്രോത്സാഹനംചെയ്യണമെന്നു ബ്രാഡ്കാസ്റ്റിംഗ് ഡയറക്ടരോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

—o—

(ഒൻപതാംപേജിൽനിന്നും തുടർച്ച)

ഇതിനും പുറമെ നിരക്ഷരത്വം, അന്ധവിശ്വാസം, അലസത മുതലായവ അവരുടെയിടയിൽനിന്നും ദൂരീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം. ഇതിന്നായി ബോംബെഗവണ്മെൻറു് ഒരുകോടി ഉറുപ്പിക ചിലവു ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതു ശ്ലാഘനീയമാണു്.

താനാഡിസ്ത്രിക്ടിലെ ധനു, അംബർഗയോൺ താലൂക്കുകളിലെ വാർളിമാർ ഈ വർഷാരംഭത്തിൽ ഉണ്ടാക്കിയ വിപ്ലവം പട്ടാളസഹായത്തോടെയാണു് അവസാനിപ്പിക്കുവാൻ കഴിഞ്ഞതു്. എന്നാൽ അധികാരികൾ അതു കമ്മ്യൂണിസ്ററു പ്രവർത്തനങ്ങളാണെന്നു പറഞ്ഞു അപലപിക്കയാണുണ്ടായതു്. ബോംബെ പ്രധാനമന്ത്രിപോലും ഇപ്രകാരം പറയുകയുണ്ടായി. "ഈ വിപ്ലവപരിപാടികൾ റഷ്യയിൽ നല്ലതായിരിക്കാം. എന്നാൽ അവ പരിഷ്കൃത മാർഗ്ഗങ്ങളല്ലാത്തതുകൊണ്ടു് ഗോത്രവർഗ്ഗക്കാർക്കൊരുഗുണവും ചെയ്കയില്ല," അതിനാൽ ഇപ്പോൾ ഉത്ഭവിക്കുന്ന ചോദ്യം സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഈ കാട്ടുജാതിക്കാരെ ഉദ്ധരിക്കുവാൻ ആരാണു് മുന്നോട്ടുവരേണ്ടതെന്നാണു്. കഴിഞ്ഞ ചില മാസങ്ങളിൽ വാർളിമാർ ഇവരെ ആക്രമങ്ങൾ പ്രവർത്തിക്കയുണ്ടായെന്നതുവാസ്തവമാണു്. എന്നാൽ ജനങ്ങളിൽ പലരും വാർളിമാരോടു സഹതപിക്കുന്നുണ്ടു്. ബോംബെയിലെ "ആദിവാസി സേവാമണ്ഡലം" ഗവണ്മെണ്ടിന്റെ മുമ്പാകെ ആദിമനിവാസികളായ ഈ വർഗ്ഗക്കാരുടെ ഉദ്ധാരണത്തിനുള്ള ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. വാർളിമാരുടെയിടയിൽ വിശ്വാസമുണ്ടാക്കുവാനുള്ള പരിശ്രമങ്ങൾ തന്മൂലം നടന്നുവരുന്നുണ്ടു്. കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ ൩൦ വെൽഫെയർ ജോലിക്കാർ ഈ വനപ്രദേശത്തു എത്തുകയുണ്ടായി. 'ധനു'വിൽ ഒരു ചെറിയ ആശുപത്രി സ്ഥാപിക്കുകയും അവിടവിടെയായി ൧൦ കിണറുകൾ കുഴിക്കുകയുംചെയ്തു.

എന്നാൽ ഉദ്ധാരണപരിശ്രമങ്ങൾ പ്രായോഗികമായിത്തീരണമെങ്കിൽ ജന്മികളും മുതലാളികളും ഗോത്രവർഗ്ഗക്കാരുടെ നേരെ കൂടുതൽ ദയാപൂർവ്വം പെരുമാറേണ്ടിയിരിക്കുന്നു.

—o—

## ആത്മഗീതം

എം. പി. അപ്പൻ എം. എ എൽ. ററി.

['ഓങ്കാരമായപൊരുൾ' എന്നരീതി]

ഓരായിരം കുസുമമുൽഫുല്ലകാന്തിയൊടു-
മാരോമലാം മണമുതിക്കും കണക്കഹഹ!
ഭൂരിപ്രസന്നരുചി ചേരും നറുംകവന-
പൂരം വിടർന്നിടുകയാണെന്റെ ഹൃത്തളിരിൽ.
ചേണററതാമവ പുറത്തേയ്ക്കുപോവതിനു
കാണുന്നതില്ല വഴി; വാക്കിന്നതീതമവ;
സ്വാതന്ത്ര്യഭാഷയെവിടാണുള്ളതാദ്രതര-
ചേതസ്സെഴും മൃദുവികാരം കുറിപ്പതിനു?

ശാന്താന്തരീക്ഷ, മലതല്ലും മഹാജലധി.
കാന്താഭ ചിന്തിവിലസീടും വസുന്ധരയു-
മെന്നല്ല സർവ്വമിണങ്ങുന്നിതച്ചെറിയ
പൊന്നോമനക്കവനമോരോന്നിലും സപദി,
അച്ഛപ്രഭാധവളമാം കൊച്ചുചില്ലിലൊരു
നക്ഷത്രകോടിനിഴലിക്കുന്നമാതിരിയിൽ
നാളത്തെ ലോകമഴകാർന്നാരചിപ്പതിനു
മേളം കലർന്നു വിലസീടും കരുക്കളതിൽ
അന്യാദൃശം ഹൃദയരക്തപ്രകാശമൊടു
മിന്നിത്തുടിപ്പു മഹനീയപ്രചോദനയിൽ.
ഇന്നോളവും മനുജർ കാണാത്ത സുപ്രഭക-
ളുന്നതമായവയിൽ നൃത്തം തകർക്കുവതു
രോമാഞ്ചകഞ്ചുകിതനായിങ്ങു കാണുമിവ-
നാമഗ്നനായിടുകയാണാത്മനിർവൃതിയിൽ.

# മറവിയുടെ മഹിമ

എൻ. ശങ്കരൻനായർ ബി. എ. തിരുവല്ല

ഓർമ്മ, മറവി എന്നിവ രണ്ടും മിക്കവാറും തുല്യപ്രാധാന്യമുള്ള മാനസികവ്യാപാരങ്ങളാകുന്നു. ഹിതകരമായ കാര്യങ്ങൾ ഒരുവന്റെ ഓർമ്മയിൽ ഇരിക്കുന്നില്ലെങ്കിൽ, അഹിതകരങ്ങളായ കാര്യങ്ങൾ അവൻ മറക്കുകയും ചെയ്യുന്നുണ്ട്. സംഭവബഹുലമായ മനുഷ്യചരിത്രം അവന്റെ ഓർമ്മയിൽനില്പായില്ലായിരിക്കാം. എന്നാൽ കഴിഞ്ഞുപോയ അസുഖകരമായ സംഭവങ്ങളും അവന്റെ ഓർമ്മയിൽനിന്നു മറയുന്നു. അതിനാൽ അവന്റെ വിചാരങ്ങൾ വന്യനദീജലംപോലെ അശുദ്ധമാകാതെ പുരോഗമിക്കുന്നു. ഈ വർഷം കഴിഞ്ഞവർഷത്തേക്കാൾ ആഹ്ളാദകരമായി തോന്നുന്നു. എന്തെന്നാൽ കഴിഞ്ഞവർഷത്തെ സംഭവങ്ങൾ മിക്കവാറും ഈ വർഷത്തേപ്പോലെതന്നെയുള്ളവയായിരിക്കും—അധികവും അവൻ മറന്നിരിക്കുന്നു. അതിനാൽ ഓർമ്മക്കുറവുള്ളതായ ആളുകൾക്ക അവരുടെ ജീവിതം എപ്പോഴും പ്രഭാതത്തെപ്പോലെ പുതുമയുള്ളതായിത്തീരുന്നു.

എന്തെങ്കിലും ചില കാര്യങ്ങൾ ഓർമ്മിക്കണമെങ്കിൽ അതിനേക്കാൾ കൂടുതൽ സംഗതികൾ മറക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ മറന്നതിനുശേഷം ബാക്കി എന്തുണ്ടോ അതാണ് ഓർമ്മ. നാം എത്രമാത്രം ഓർത്തിരിക്കുന്നു എന്നതു് എത്രമാത്രം മറന്നു എന്നതിനെ ആശ്രയിച്ചിരിക്കും. മഹാന്മാർ അവക്ക് അപ്പോഴപ്പോൾ ആവശ്യമുള്ളതുമാത്രം ഓർത്തിരിക്കുന്നു. ആവശ്യത്തിലധികമുള്ള ഭാരം അവർ കെട്ടിച്ചുമക്കാറില്ല.

സംഗീതം, സാഹിത്യം, എന്നിവയുടെ ഹൃദ്യത മറവിയിൽനിന്നു് ഉത്ഭവിക്കുന്നു. നിത്യസാധാരണമായ പലതും പ്രചാരത്തിൽനിന്നുവിട്ടു്, കുറേനാൾ മറക്കപ്പെട്ടു കിടന്നു്, ഒടുവിൽ പ്രകാശത്തോടുകൂടി പുനർജ്ജീവിക്കുന്നു. അപ്പോൾ അവയ്ക്കു് പ്രാധാന്യവും പുതുമയും സിദ്ധിക്കുന്നു.

സാധാരണയായി ഓർമ്മക്കുറവുള്ളവരെ നാം ഇഷ്ടപ്പെടാറുണ്ട്. ഓർമ്മശക്തി വളരെ കൂടുതലുള്ളവരോടു് സംഭാഷണത്തിൽ ഏർപ്പെടുവാൻ രസമില്ല. പുതിയതോ സ്വന്തമോ ആയ ഒരു അഭിപ്രായം നാം ആവശ്യപ്പെടുമ്പോൾ അവർ ചില പത്രത്തേയോ ഗ്രന്ഥത്തേയോ ഉദ്ധരിക്കുന്നു. സന്ദർഭോചിതമല്ലാത്ത കാര്യങ്ങൾ അവർ തട്ടിവിടുന്നു. അക്കൂട്ടർ അവരുടെ അറിവുമുഴുവൻ നാക്കിന്റെ അറ്റത്തുവച്ചുകൊണ്ടിരിക്കുന്നു. ഒന്നും മറച്ചുവച്ചിട്ടില്ല. മറച്ചുവയ്ക്കുവാൻ അവക്ക് സാധിക്കയുമില്ല. ഇക്കൂട്ടർക്ക് സ്വന്തമായ അഭിപ്രായം മിക്കവാറും കാണുകയില്ല. ഉണ്ടെങ്കിൽത്തന്നെയും അവരുടെ ഓർമ്മയിലിരിക്കുന്നതായ അന്യരുടെ അഭിപ്രായങ്ങൾ പുറത്തു ചാടുന്നു.

എന്നാൽ മറവിക്കാരന്റെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും എപ്പോഴും ഒരുപുതുമയും ഹിതകരത്വവും കാണും. അവനു ഓർമ്മക്കാരനേപ്പോലെ ശേഖരിച്ചുവച്ചിട്ടുള്ള അറിവും അഭിപ്രായങ്ങളും ഇല്ലെങ്കിലും സ്വന്തമായ ആശയങ്ങൾ കൂടുതൽ കാണും. അവന്റെ ആശയങ്ങളേയും വിചാരങ്ങളേയും മറവിൽനിന്നു വെളിയിൽ കൊണ്ടുവരികയെന്നതു മററുള്ളവക്കും അവനും വളരെ ആഹ്ളാദകരവും അതിശയകരവുമാണ്. ഇപ്രകാരമുള്ളവർ—സ്വന്തആശയങ്ങൾക്കും വിചാരങ്ങൾക്കും പരിമിതിയില്ലാത്തവർ—ആണ സംഭാഷണത്തിൽ ഏററവും രസികന്മാർ. അവരുടെ ഹൃദയം തുറന്നതാണ്. അന്യർക്ക് അതിൽ തടസ്സമെന്യേ പ്രവേശിക്കാം.

മറവിക്കാരൻ ഒരേവസ്തുവിൽ ഒന്നിലധികം പ്രാവശ്യം രസിക്കുന്നു. ഉദാഹരണമായി പുസ്തകംവായനതന്നെ എടുക്കാം. നല്ല ഓർമ്മശക്തിയുള്ള ഒരുവനു രസകരമായ ഒരുപുസ്തകം ഒന്നിലധികം പ്രാവശ്യം വായിച്ചുരസിക്കാൻ സാധിക്കുന്നില്ല. എന്നാൽ മറവിക്കാരനു അതേപുസ്തകം, അതിന്റെ പുതുമയോടുകൂടിത്തന്നെ അവന്റെ ജീവിതത്തിൽ പലപ്രാവശ്യം വായിച്ചുരസിക്കുവാൻ സാധിക്കുന്നു. ഇതു പല കാര്യങ്ങളിലും വാസ്തവമായി കാണാം.

റോബേർട്ട്ലിൻഡ് (Robert Lynd) എന്ന പ്രസിദ്ധഇംഗ്ലീഷുസാഹിത്യകാരനും ഇതേഅഭിപ്രായം രേഖപ്പെടുത്തിക്കാണുന്നു. ഉദാഹരണമായി ഓരോവർഷവും ആദ്യന്തമുള്ള കാലഭേദങ്ങളെപ്പററി പറയുന്നു. മഞ്ഞുകാലത്തു നിർജ്ജീവമായിക്കിടക്കുന്നപ്രകൃതി വസന്തകാലത്തിന്റെ ആവിർഭാവത്തോടുകൂടി പുതുജീവൻ കൊള്ളുന്നു. ചെടികളും വൃക്ഷങ്ങളും ഇലകളാലും പുഷ്പങ്ങളാലും വിളങ്ങുന്നു. പക്ഷികൾ പാടിക്കൊണ്ടുപറക്കുന്നു. ഇപ്രകാരമുള്ള കാലഭേദങ്ങൾ ഓർമ്മശക്തിയുള്ളവനും മറവിക്കാരനും രണ്ടുരീതിയിലാണ വീക്ഷിക്കുന്നതു്. വസന്തകാലം എന്നുതുടങ്ങുമെന്നും അക്കാലത്തു് ഏതെല്ലാം ചെടികൾ പുഷ്പിക്കുമെന്നും, ഏതെല്ലാം പക്ഷികളുടെ പാട്ടുകൾ, കേൾക്കപ്പെടുമെന്നും ഓർമ്മക്കാരനറിയാം. അതിനാൽ അവയുടെ ആവിർഭാവത്തിൽ പുതുമയോ പ്രത്യേക ആഹ്ളാദത്തിനുള്ള കാരണമോ അവനുകാണുന്നില്ല; മുൻകൊല്ലങ്ങളിലേപ്പോലെയുള്ള അവസ്ഥകൾ അവൻ വീണ്ടും കാണുന്നു. നേരെമറിച്ചു്, മറവിക്കാരൻ വളരെ ആഹ്ളാദിക്കുന്നു. തീരെ ഉദ്ദേശിച്ചിരിക്കാതെ അവൻ കുയിൽഗാനവും വാനമ്പാടിയുടെ സംഗീതവും കേൾക്കുന്നു. അവൻ വിസ്മയിക്കുന്നു. ഇവയെപ്പററി ഒരു വർഷംകൊണ്ടു് അവൻ മറന്നുകഴിഞ്ഞു. അതിനാൽ അവനുണ്ടാകുന്ന ആഹ്ളാദവും വിസ്മയവും ക്രമാതീതമാണ്. ഓർമ്മശക്തിയുള്ളവനു കുറെ ശതാബ്ദങ്ങൾ കൊണ്ടു് സ്വർഗ്ഗംപോലും നരകമായിത്തോന്നും. എന്നാൽ മറവിക്കാരനു നേരെമറിച്ചാണ്.

മറവിക്കാരിലാണ മനോധർമ്മവും സഹൃദയത്വവും കൂടുതലായിക്കാണുന്നതു്. ആധുനികവിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനകുറവു് അദ്ധ്യാപകൻ പഠിപ്പിക്കുന്നതും പുസ്തകങ്ങളിൽ കാണുന്നതും 'കാണാപ്പാഠം' പഠിക്കുന്നതിനു വിദ്യാർത്ഥികൾ പ്രേരിതരായിത്തീരുന്നു എന്നതാണ്. ശരിയായ വിദ്യാഭ്യാസം എന്നതു നാം പഠിച്ചതു മറന്നുകഴിഞ്ഞു് ബാക്കി ശേഷിക്കുന്നതു് എന്താണോ അതാണ് എന്നുപറയപ്പെടുന്നു. നാം പഠിച്ചതു് അതേരീതിയിൽ നമ്മുടെ മനസ്സിൽ എന്നെന്നേക്കും ഇരിക്കുന്നില്ല. അതിന്റെ സാരാംശം, അല്ലെങ്കിൽ സത്തു് നമ്മുടെ മനസ്സിൽ പതിഞ്ഞിട്ടു് അതു നമ്മുടെ മനസ്സുമായി താദാത്മ്യം നേടുന്നു. അതിനു മാത്രമേ വ്യക്തിത്വം കാണുകയുള്ളു. മനോധർമ്മം ഉണ്ടാകുന്നതിനു സഹായിക്കുന്നതും ഇതുതന്നെയാണ്. അതിനാൽ നാം പഠിക്കുന്നതെല്ലാം അതുപോലെ നാം ഓർത്തിരിക്കേണ്ട ആവശ്യമില്ല. പലതും നാം മറക്കുകതന്നെ വേണം. അങ്ങിനെയുള്ളവരുടെ ഹൃദയത്തിൽ പുതിയ ആശയങ്ങൾക്കു പ്രവേശനവും ലഭിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു് മറവി ഓർമ്മയേക്കാൾ ആശാസ്യമായ ഒരു ഗുണമാണെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നതായി വിചാരിക്കരുതു്. ഓർമ്മശക്തി നല്ലതുതന്നെ. എന്നാൽ മറവിക്കു് അതർഹിക്കുന്ന സ്ഥാനം സാധാരണയായി കൊടുത്തുകാണുന്നില്ല. സാധാരണയായി ഗണിക്കപ്പെടുന്നതുപോലെ അത്ര അധിക്ഷേപാർഹവും പരിഹാസാർഹവും ആയ ഒന്നല്ല മറവി എന്നു ചൂണ്ടിക്കാണിക്കയെന്നുള്ളതു മാത്രമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

—o—

# പൊടിയിൽനിന്നു്

(കുമ്മി)

പി. എസ്സ്. നായർ

ഉറ്റണസായ്പന്മാരെക്കാണുന്നേരം
താണുസലാംചെയ്തഭാരതിയർ
ഭീതിയകന്നു—തലകുനി
യാതെനിവർന്നു—സ്വാതന്ത്ര്യ
ക്കൊതിവളർന്നു—സമരത്തിൽ
മതിമുതിർന്നു—ഒരുമിച്ചു
നിൽക്കുന്നതി—നിക്കൂട്ടരെ
യൊക്കെ,ക്കഴി—വൊക്കുംപടി
* മോഹനദാസൻ ആ കർമ്മചന്ദ്രൻ
സാഹസഹീനം നയിച്ചുവന്ദ്യൻ!

നാല്പതുകോടി ജനങ്ങളെ 2
യെപ്പൊഴുംപേടി—കളയിച്ചു
കെല്പുകൂത്താടി—പരദേശ
മൂപ്പരെയോടി—പ്പതിനേറെ
ക്കൊല്ലംകൊല—തെല്ലംവരാ
തല്ലംപകൽ മല്ലാടിയ-
തൊക്കെയുംഗാന്ധിജ തൻപ്രതാപം
നീക്കിയാധ്വാവത്ഭവിലാപം!

ഒന്നിനുംകൊള്ളാ—ത്തടിമക 3
ളെന്നെണ്ണിത്തള്ളാ നവസരം
വന്നീടുകില്ലാ കറുത്തോരെ
യെന്നായി;വെള്ള—ദൊരകളെ-
ല്ലാരുംതുട—രുന്നുണ്ടുവി
ടാനിന്ത്യവ രുംവർഷമ-
തെന്നോർത്തുകൊള്ളുവിൻ,രാമരാജ്യം
വന്നു,നമുക്കൊക്കെയുംസ്വരാജ്യം!

മണ്ണിൽപ്പതിച്ചു—പൊടി,സത്യ
ത്തണ്ണീരൊഴിച്ചു—പ്രിയംകൂട്ടി
നന്നായുഴച്ചു—മനോധൈര്യ
മെന്നവെളിച്ചം നലംനൽകി
ക്കെട്ടിദൃഢ—മാക്കി,ക്കറ
നീക്കീനര രാക്കീടിന
ധീരരാണിന്ത്യക്കാരിന്നശേഷം
പാരംമഹാത്മജികൈവിശേഷം!

നാല്പത്തിയെട്ടിൽ—പരിപൂർണ്ണ
സ്വാതന്ത്ര്യംബ്രിട്ടൻ കരംമാററാ
നൊപ്പുകൈനീട്ടി—യെഴുതിയ
തീർപ്പുമീനാട്ടിൽ—സകലലോകം
പാരംപരി—തോഷംതരു
മാരാഞ്ഞതി—നാരാണൊരു
കാരണഭൂതനാകർമ്മയോഗി
ധീര,നമാനുഷൻസർവ്വത്യാഗി!

* മോഹൻദാസ് കരംചന്ദ്ഗാന്ധി—യുടെ ശരിയായ മലയാള പരിഭാഷ.

—:*:—

# ആത്മദാഹം

വെണ്ണി, വാസുപിള്ള ബി. എ. ബി. എൽ

പൂവിട്ടു കൂവുന്ന പുണ്യം പുതുപ്പിച്ച
ഭൂവതഖിലവും പൂർണ്ണമോദം
എന്നുടെ കാവു കരിച്ചൊരു കാട്ടുതീ-
യിന്നുമടങ്ങിയുറങ്ങിയില്ല.
അഞ്ജലി കൂപ്പിയിരക്കിലുമെന്നിലൊ-
രഞ്ജനക്കണ്ണും തുറന്നിടാതെ
മേദുരമൗനമാ വാനിൽദയാമൃത-
മേഘകദംബം കടന്നുപോയി.

സ്നേഹാൽവിരിഞ്ഞ നിൻ ബാഹാന്തരത്തില-
ന്നാഹാ! വസന്തമേ! നിർവിശങ്കം.
അമ്പിളി സ്വർണ്ണത്തിപ്പൊരി വീണക-
ക്കമ്പികളാകെപ്പടഞ്ഞുവിങ്ങി
ഉള്ളുറതന്നടിപൊട്ടുമാ നൊമ്പല-
ത്തള്ളലിൽ ചുണ്ടുതരിച്ചുതുള്ളി
ദാഹാകുലങ്ങളാ മാശാമുകുളങ്ങൾ
മോഹാൽ ഞെരിയുമാറാഞ്ഞുപുല്കി
തുവെള്ളിഗാനമായ് കാഞ്ചനസ്മേരമായ്
തൂവൽ നുരയും സുഗന്ധമായി
വീപ്പുമടങ്ങി ഞാൻ നിൽക്കവേ വഞ്ചന-
ച്ചോപ്പു നീ യെങ്ങുപോ യെങ്ങുപോയി?

ചോര തിളച്ചു ചുഴഞ്ഞിടും നാവുമായ്
ഘോരം വളഞ്ഞുപടന്ന വഹ്നി!
പച്ചമരതകത്തണ്ടിൽ പവിഴപ്പൂ-
മ്പട്ടുകുടകൾ കുലഞ്ഞിളകി
ഇങ്ങിരുപാടും വകഞ്ഞൊരെന്നുത്സവ-
ഭംഗികൾ പറ്റെക്കരിഞ്ഞുവീണു.
നൂതനവർണ്ണമായ് നൂതനരാഗമായ്
നൂതന ഹാവ പുളകമായി
കോടി നുരികൾ മിഴിഞ്ഞുപതഞ്ഞൊഴു-
കിടിന ഹർഷവുമാവിയായി.

മന്ദമായോർമ്മ തുടിച്ചിഴഞ്ഞെത്തിന
ചന്ദനക്കുന്നിലെ കുഞ്ഞുകാററും
ആകവെ പൊള്ളിക്കടുന്ന കരുന്നുമെ-
യ്യാകുല മൂതി മുറയിടുന്നു.

വെന്തനുവേല മുരുകിപ്പിടയുന്നെൻ
മൺതരിയോരോന്നും മൗനമായി.
ആത്മംഗമൽപ്രാണദാഹമേ! നിലമാ-
മേതുതിരയിങ്കൽ നീയൊളിപ്പൂ?
ഹാ! വരൂ വീണ്ടുമാ പ്രേമംതുളുമ്പിനീ
ഹാ! വരൂ പിന്നെയു,മൊന്നുകൂടി;
തേൻപുളകോർമ്മി! നിൻകൈകളിലായിരം
നാമ്പുമായ്‌വീണ്ടുംഞാൻ വേപമാളാൻ,
മൂട്ടിനിന്നേങ്ങലടിക്കുമെൻ സ്വപ്നങ്ങൾ
പൊട്ടിപ്പറന്നു നഭസ്സുടയ്ക്കാൻ,
മാഞ്ഞൊരെന്നാനന്ദബാഷ്പയമുനയി-
ലാഞ്ഞൊലിച്ചാവേണുനാദമോലാൻ,
വൃന്ദാരകക്കു മസൂയയവായന്നത്തെ
വൃന്ദാവനമായി ഞാൻവിളങ്ങാൻ.

ഹാ! വരൂ നീ യൊന്ന,തന്തിമമാകിലും
ജീവന്റെ പാൽനുരപ്പൂനിലാവേ!
പൊട്ടിച്ചിരിച്ചുമരിക്കുവൻ നിന്റെമാർ-
ത്തട്ടിൽ ഞാൻ വെള്ളിക്കുമിളകളായ്.

## കാമബാണരസായനം

—o—

അരപ്പൌണ്ട് ഡപ്പി1-ക്കു് 2-രൂ. 8-ണ.

മാനേജർ,

ബോംബേമെഡിക്കൽഹാൾ കൊല്ലം.


## സഹസ്രയോഗം

വ്യാഖ്യാനത്തോടുകൂടിയതു്

വില രൂ. 2.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.



പരുത്തിസാധനങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്കുള്ള ശിശുസംരക്ഷണാലയം. ലങ്കാഷയറിൽ ഓൾഡാമിനു സമീപം ഷായിലെ മില്ലിനോടുതൊട്ടുതന്നെ പരുത്തിസാമാന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ കുട്ടികൾക്കുള്ള ലങ്കാഷയർ കാട്ടൺകാർപ്പൊറേഷൻ ശിശുസംരക്ഷണാലയംകൂടി നടത്തിപ്പോരുന്നു. ഈ വ്യവസായത്തിലേക്കു കൂടുതൽ സ്ത്രീകളെ വശീകരിക്കുവാൻ രാജ്യത്തുള്ള പല ഫാക്ടറികളും ഈ തരത്തിലുള്ള ശിശുസംരക്ഷണാലയത്തിനുള്ള സ്ഥലം എടുത്തുകഴിഞ്ഞിരിക്കുന്നു. ഷായിലുള്ള ശിശുസംരക്ഷണാലയത്തിലെ വിനോദമുറിയുടെ ഒരു സാമാന്യ വീക്ഷണം.



ബ്രിട്ടീഷ് ഇൻഡസ്ട്രീസ് ഫെയറിലേക്ക് ഇന്ത്യയിൽനിന്നുള്ള ഒരു സന്ദർശകൻ ഒരു സ്റ്റാമ്പിംഗ് മെഷീൻ പരിശോധിക്കുന്നതാണു ചിത്രം. റാക്ക്മാസ്റ്റേഴ്സ് ലിമിറ്റഡ് പ്രദർശിപ്പിച്ചിട്ടുള്ള സാമാനങ്ങൾ നിർമ്മിക്കുവാനും അവ ആകർഷകമാക്കുവാനുമാണ് ഈ മെഷീൻ ഉപയോഗിക്കുന്നതു്.

കൈനോട്ടം

# കൈവെള്ളയിലെ ശനിമണ്ഡലം

— ൪൦൪ —

പഴകുളം നാണുക്കുറുപ്പ്, അടൂർ

'ശനിമണ്ഡലം' നവഗ്രഹങ്ങളിൽ ഒന്നാണ്. ഇതിന് കൈവെള്ളയിൽസ്ഥാനമുണ്ട്. അതു നോക്കി നമ്മുടെ ചില അനുഭവങ്ങൾ നേരത്തെ മനസ്സിലാക്കാം. ഇവിടെ അതിനെക്കുറിച്ച് ചില കാര്യങ്ങൾ എഴുതുന്നു:

പെരുവിരലിന്റെ അടിയിലാണ് 'ശനിഗ്രഹം.' അതു് വൃശ്ചികരാശിയും, മാതൃസ്ഥാനവും കൂടിയാണ്. ഇതിൽ പുത്തനായി ഉണ്ടാകുന്ന അടയാളങ്ങളുടെ ഫലം അനുഭവപ്പെടുന്നതു് അടുത്ത ശനിയാഴ്ചയോ വൃശ്ചികമാസത്തിലോ ആയിരിക്കും.

ശനിഗ്രഹം എല്ലാവർക്കും ഒരുപോലെയല്ല. ഓരോരുത്തരുടെ സ്വഭാവത്തിനും മററും അനുസരിച്ച വ്യത്യാസങ്ങൾ എല്ലാം അതിനുമുണ്ട്. ഉദാഹരണമായി സാധാരണ കാണുന്ന എല്ലാത്തരം ശനിമണ്ഡലങ്ങളും നമുക്കു നോക്കാം.

'അരഞ്ഞാട്ട്'വട്ടത്തിൽ അല്പം പൊങ്ങി ഉരുണ്ട്, കറുപ്പുടയാളങ്ങളും, അശുഭരേഖകളും ഇല്ലാതെ പ്രസന്നമായിരിക്കുന്ന ശനിമണ്ഡലമാണ് ഉത്തമം. ഈത്തരം ശനിമണ്ഡലമുള്ളവൻ പഠിപ്പുള്ളവനാണ്. അവന് നല്ല ചിന്താശക്തിയുമുണ്ട്. സ്നേഹവും കാരുണ്യവും കുറവല്ല. കലകളിൽ ജന്മവാസനയും കാണും; ശാസ്ത്രപാണ്ഡിത്യവുമുണ്ട്. ഇവൻ സ്വതന്ത്രനും, പ്രത്യുല്പന്നമതിയും, ധീരനും, പ്രസിദ്ധനും, നേതാവുംകൂടിയായിരിക്കും.

അപൂർവം ചിലരുടെ ശനി വളരെ തടിച്ചിരിക്കും. ഇങ്ങനെയുള്ളവർ ജ്ഞാനികളും ദീർഘദർശികളും മന്ദമതികളുമാണ്. അവർ തനിച്ചു താമസിക്കാൻ ആശിക്കുന്നവരും ക്ഷിപ്രകോപികളും ചപലന്മാരുംകൂടിയായിരിക്കും.

കനത്തതും, കല്ലിച്ചതും, കറുപ്പടയാളങ്ങളുള്ളതുമായ ശനി ചിലർക്കുണ്ട്. അവർ നീചന്മാരാണ്. കൊലക്കേസിൽ പ്രതികളായി ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കാൻ ഇടയുള്ള പലരുടേയും ശനിമണ്ഡലം ഇങ്ങനെയിരിക്കും.

പരന്നതും, ഒത്ത വിസ്താരമുള്ളതുമായ ശനിമണ്ഡലമുള്ളവർ നയശാലികളാണ്. അതുകൊണ്ട് വലിയ ബുദ്ധിമുട്ടുകൂടാതെ ഏതുകാര്യവും അവർ സാധിക്കും. അന്തസ്സായും, സുഖമായും ജീവിതം നയിക്കുകയും ചെയ്യും. ഇവരിൽ ചിലർ ഒരുതരം 'ഇരുതലമൂരികൾ' ആയിരിക്കുമെന്നുള്ള പരമാർത്ഥം പറയാതിരിക്കാനും നിവൃത്തിയില്ല.

ശനിയിൽ ഒത്തനടുക്ക് കീഴ്മേലായി ആഴംകുറഞ്ഞ പാത്തിയുള്ളവർ അനേകമുണ്ട്. അവർ മനോരാജ്യക്കാരും വ്യഭിചാരികളും സരസന്മാരുമാണ്. എങ്കിലും ഇവർ കച്ചവടംചെയ്ത് ലാഭമുണ്ടാക്കുന്നവരും, ഭാഗ്യശാലികളും, ജനസമ്മതന്മാരുമാണെന്നുള്ളതിൽ തർക്കമില്ല.

ചിലരുടെ ശനി വളരെ കുഴിഞ്ഞുകിടക്കും. അവർ കള്ളന്മാരും നീചന്മാരുമാണ്.

ചെറിയതും പരുപരുത്തതുമായ ശനിമണ്ഡലമുള്ളവർ മരണംവരെ 'അടിമത്തം' അനുഭവിക്കും.

ശനിയിൽ പലക്കും രേഖകളുണ്ട്. അതിൽ സൂചിപോലെ നെട്ടുകെ നിൽക്കുന്ന രേഖകളാണ് ഉത്തമം. ഇതുള്ളവർ പരോപകാരികളും, ഭാഗ്യശാലികളും, ആദരണീയന്മാരുമാണ്.

ശനിയിൽ കുറുകെ രേഖയുണ്ടായാൽ നേരത്തെ മാതൃവിയോഗം ഉണ്ടാകും. അതിൽപിന്നെ കുറേക്കാലം വളരെ കഷ്ടപ്പെടുകയും ചെയ്യും.

ചിലർക്ക് ശനിയിയിൽ കുരിശുണ്ട്. അവർ മാതൃദ്രോഹികളും, ഗുരുദ്വേഷികളും, വായാടികളും ചപലചിത്തന്മാരുമാണ്. കാരാഗൃഹവാസവും അവർക്കുണ്ടാകും.

കുറേപ്പേർക്ക് ശനിയിൽ ചതുരച്ചിഹ്നമുണ്ട്. ഏതെങ്കിലുംവിധത്തിൽ അവർ ഭാര്യാദുഃഖിതരാകും. അധഃകൃതസ്ത്രീകളെ ഗാന്ധർവ്വവിവാഹംകഴിച്ച് പ്രസിദ്ധരായിത്തീർന്നിട്ടുള്ളവർക്കും ഈ വരയുണ്ടായിരിക്കും.

അഴകേറിയ 'മുക്കോണാകൃതി' ശനിഗ്രഹത്തിലുള്ളവർ കലാവാസനയോ ശാസ്ത്രപാണ്ഡിത്യമോ ഉള്ളവരാണ്. ശനിയിൽ ഭംഗിയില്ലാത്ത മുക്കോണുള്ളവൻ 'ക്രൂടോത്ര'ക്കാരനും ഗർഭമലസിക്കുന്നവനുമായിത്തീരും.

ശനിയിൽ നക്ഷത്രമുള്ളവന് അമ്മയുടെ ശാപംകിട്ടും. എന്തായാലും അവൻ താന്തോന്നിതന്നെ. ഇവന് ദുർമ്മരണമുണ്ടാകാനാണ് ന്യായമുള്ളതു്.

ശനിയിലെ അർദ്ധചന്ദ്രാകൃതിയും ഗുണമല്ല. ഒരുതരം 'പെൺകേന്ത്രന്മാർക്കാണ്' അതുള്ളതു്. അവർക്ക് അഞ്ചെട്ട് ഗാന്ധർവ്വവിവാഹവുംമററും കാണും.

വൃത്തരേഖ ശനിയിലുള്ളവനെ ശത്രുക്കൾ കണക്കിനുപററിക്കും. അവന് വെള്ളത്തിൽ ആപത്തുണ്ടാകാനും ഇടയുണ്ട്. എന്തായാലും അവൻ നാടുവിട്ടുപോകും.

കറുപ്പടയാളങ്ങൾ ശനിയിൽ മഹാദോഷമാണ്. അതു് വാതം, ദന്തരോഗം, ഭാര്യാവിരഹം, സന്താനനാശം, മാതൃദുഃഖം, കടം, വ്യവഹാരം, രാജകോപം, അപവാദം, സ്വജനവിദ്വേഷം മുതലായ അനുഭവങ്ങളാണ് ഉണ്ടാക്കുന്നതു്. പിന്നെ ഗുണംപിടിക്കണമെങ്കിൽ ഈ കറുപ്പ് തീരെ മാറണം.

വെള്ളപ്പുള്ളി ശനിയിൽ നല്ലതുതന്നെ. അതു് അവിവാഹിതന് വിവാഹം, ഉദ്യോഗസ്ഥന് പ്രമോഷൻ, വ്യാപാരിക്കു അതിലാഭം മുതലായ കാര്യങ്ങളെല്ലാമാണ് ഉണ്ടാകുന്നതു്. വെള്ളപ്പുള്ളിവീണ് ആറുമാസത്തിനകംതന്നെ ഈ വക സംഗതികൾ അനുഭവപ്പെടുകയുംചെയ്യും.

—o—

(രണ്ടാംപേജിൽനിന്നും തുടർച്ച)

സ്തുവായിത്തീരണമെങ്കിൽ മാനസികമായ ഒരു രൂപപരിണാമം അവയ്ക്കുണ്ടാകേണ്ടിയിരിക്കുന്നു. അതിനാൽ ഒരു സൗന്ദര്യാത്മകമായ വസ്തുത (aesthetic fact ഇവിടെ കലാവസ്തു എന്നു മനസ്സിലാക്കണം എന്നു "രൂപംതന്നെയാണ്, രൂപമല്ലാതെ മററൊന്നുമല്ല". "അതു എപ്പോഴും ഒന്നുപോലെ സ്ഫുടവും ആവിഷ്കരണസാദ്ധ്യവും" ആയിരിക്കണമെന്നുമാത്രം.

ഇങ്ങനെ കൂടുതൽ താത്വികമെന്ന് ഞാൻ പറഞ്ഞ ആ അന്തർമ്മുഖമായ സൗന്ദര്യാക്ഷേപണമാണ് ക്രോച്ചേ നടത്തുന്നതെങ്കിലും കലയുടെ ബാഹ്യവസ്തുതകളെ സമീപിച്ചവർ എത്തിച്ചേർന്ന നിഗമനങ്ങളിൽതന്നെയാണ് സാരാംശങ്ങളിൽ അദ്ദേഹവും എത്തിച്ചേർന്നിരിക്കുന്നതെന്ന് വ്യക്തമാകുന്നു. അതിന്റെ കാരണം സ്പഷ്ടമാണെന്നു തോന്നുന്നു. സൗന്ദര്യത്തിനുവേണ്ടിയുള്ള ഒരു ദാഹം നമ്മിൽ എങ്ങനെ ഉണ്ടാകുന്നുഎന്ന് അദ്ദേഹമാകട്ടെ മററുള്ളവരാകട്ടെ അന്വേഷിക്കുന്നില്ല. ഈ ദാഹത്തിന്റെ ചില ഫലങ്ങളെപ്പററി മാത്രമേ അവർ ശ്രദ്ധിക്കുന്നുള്ളു. എന്റെ അഭിപ്രായത്തിൽ ഈ ഫലങ്ങൾ അവശ്യം ഭാവികളല്ല. തുടരെത്തുടരെയെങ്കിലും അവ ഉണ്ടാകണമെന്നുമില്ല. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ ഒരു കലാകാരന് സൗന്ദര്യം 'കാണാൻ' കഴിയുകമാത്രം ചെയ്യുന്നവരോടൊപ്പം ഉണ്ടായിരിക്കേണ്ടതു് എന്താണോ അതിനെ ആസ്വദമാക്കിയല്ല, അതിന്റെ നിർമ്മാണപരമായ ഭാവത്തെമാത്രം ആസ്വദമാക്കിയാണ് ക്രോച്ചേയും സൗന്ദര്യാത്മകമായ കലാകർമ്മത്തെപ്പററി പ്രതിപാദിക്കുന്നതു്. അതിനാൽ, ബാഹ്യമായ രീതിയിലാണെങ്കിൽതന്നെയും തങ്ങൾ കണ്ടെത്തിയ ഒരു തത്വത്തെ കൂടുതൽ തത്വികമെന്നുതോന്നുന്ന രീതിയിൽ കണ്ടുപിടിച്ച ക്രോച്ചേയെ സുകുമാരകലാപോഷിതാക്കളെന്നു വിചാരിക്കേണ്ട കലാവിമർശകന്മാർ വാഴ്ത്തുന്നതിൽ അത്ഭുതമില്ല. അതോടൊപ്പം, ബാഹ്യവസ്തുരൂപത്തിലുള്ള ആവിഷ്കരണം കലയ്ക്കു് ആവശ്യമില്ലെന്നും മററുമുള്ള അദ്ദേഹത്തിന്റെ ചില പ്രത്യേകപ്രസ്താവനകളെ വെറും താത്വികപ്രതിപാദനത്തിൽ വന്നുചേരാവുന്ന വിചിത്രാഭിപ്രായങ്ങൾ എന്ന നിലയിൽ തള്ളിക്കളയുകയെന്നതു് സ്വാഭാവികവുമാകുന്നു.

—o—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.